# സാമൂഹ്യശാസ്ത്രം

## സാമൂഹ്യശാസ്ത്രം - I

## അധ്യായം : 1

### ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

1. പ്രാതിനിധ്യമില്ലാതെ നികുതിയില്ല എന്ന മുദ്രാവാക്യം ഏത് രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരവുമായി ബന്ധ്പ്പെട്ടതാണ്?

അമേരിക്കൻ സ്വാതന്ത്ര്യ സമരം

2. പ്രാതിനിധ്യമില്ലാതെ നികുതിയില്ല ഇത് ആരുടെ പ്രസ്താവനയാണ്?

ജെയിംസ് ഓട്ടിസ്

3.അമേരിക്കൻ സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് അമേരിക്കൻ കോളനികളിൽ ഉയർന്നുകേട്ട മുദ്രാവാക്യം എന്തായിരുന്നു?

പ്രാതിനിധ്യമില്ലാതെ നികുതിയില്ല

4. അമേരിക്കൻ കോളനികളിൽ ബ്രിട്ടീഷ് വ്യാപാരികൾ നടപ്പിലാക്കിയ വ്യാപാരനയം എന്ത് പേരിൽ അറിയപ്പെട്ടു?

മെർക്കന്റലിസം

5.ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് സമ്മേളനം നടന്ന വർഷം ഏത്?

1774

5.ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് സമ്മേളനം നടന്നത് എവിടെവച്ചായിരുന്നു?

ഫിലാഡൽഫിയ

7.രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് സമ്മേളനം നടന്ന വർഷം ഏത്?

1775

8.രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് സമ്മേളനം നടന്നത് എവിടെവച്ചായിരുന്നു?

ഫിലാഡൽഫിയ

9." മനുഷ്യന് ചില മൗലികാവകാശങ്ങളുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല".ഇത് ആരുടെ പ്രസ്താവനയാണ് ?

ജോൺ ലോക്ക്

10." ഏതെങ്കിലും വിദേശശക്തിക്ക് ഈ വൻകര ദീർഘകാലം കീഴടക്കി കഴിയണമെന്നത് യുക്തിക്ക് നിരക്കുന്നതല്ല". ഇത് ആരുടെ പ്രസ്താവനയാണ് ?

തോമസ് പെയിൻ

11' കോമൺസെൻസ് എന്ന ലഘുലേഖ പ്രസിദ്ധീകരിച്ചത് ആര്?

തോമസ് പെയിൻ

12.പതിമൂന്ന് അമേരിക്കൻ കോളനികളുടെയും സ്വാതന്ത്ര്യം ബ്രിട്ടൻ അംഗീകരിച്ച ഉടമ്പടി ഏതായിരുന്നു?

പാരീസ് ഉടമ്പടി

13.അമേരിക്കൻ ഭരണഘടന എഴുതി തയ്യാറാക്കിയത് ആരുടെ നേതൃത്വത്തിലായിരുന്നു?

ജെയിംസ് മാഡിസൺ

14.അമേരിക്കൻ ഐക്യനാടുകളുടെ ആദ്യത്തെ പ്രസിഡന്റ് ആരായിരുന്നു?

ജോർജ് വാഷിങ്ടൺ

15 ഫ്രഞ്ച് വിപ്ലവം ആരംഭിച്ച വർഷം

1789

17" എനിക്കുശേഷം പ്രളയം". ഇത് ആരുടെ പ്രസ്താവനയാണ്?

ലൂയി പതിനഞ്ചാമൻ

18. ഫ്രാൻസിലെ ബൂർബൻ ഭരണകാലത്തെ നിയമനിർമാണസഭ ഏതുപേരിൽ അറിയപ്പെട്ടു?

സ്റ്റേറ്റ് ജനറൽ

19.1815 ൽ നടന്ന ----------യുദ്ധത്തിൽവച്ച് യൂറോപ്യൻ സഖ്യം നെപ്പോളിയനെ പരാജയ പ്പെടുത്തി.

വാട്ടർലൂ

20. മെൻഷെവിക്കുകളുടെ നേതാവ് ആരായിരുന്നു?

അലക്സാണ്ടർ കെറൻസ്കി

21. ബോൾഷെവിക്കുകളുടെ നേതാക്കന്മാർ ആരെല്ലാമായിരുന്നു?

ട്രോട്സ്കി, ലെനിൻ

22. റഷ്യയിൽ രൂപംകൊണ്ട തൊഴിലാളി സംഘടനകളെ പൊതുവെ എന്തുപേരിൽ അറിയപ്പെട്ടു?

സോവിയറ്റ്സ്

23. സാർ ഭരണകാലത്തെ റഷ്യൻ പാർലമെന്റ് ഏതുപേരിൽ അറിയപ്പെട്ടു?

ഡ്യൂമ

24 വിപ്ലവസമയത്തെ റഷ്യൻ ചക്രവർത്തി ആരായിരുന്നു?

നിക്കോളാസ് രണ്ടാമൻ

25.റഷ്യൻ വിപ്ലവത്തിനുശേഷം അധികാരത്തിൽ വന്ന മന്ത്രിസഭയുടെ അധ്യക്ഷൻ ആരായിരുന്നു?

ലെനിൻ

26. മെർക്കന്റലിസം എന്നാലെന്ത്?

വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിനും നിർമിച്ച വസ്തുക്കൾ വിൽക്കുന്നതിനായും യൂറോപ്യന്മാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ നിയമം.

27. മെർക്കന്റലിസ്റ്റ് നിയമങ്ങൾ

- കോളനിയിൽ നിന്ന് കോളനിയിലേക്ക് സാധനങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ ആയിരിക്കണം
- കോളനികളിൽ ഉൽപാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
- കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാന പത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ, തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം
- കോളനിയിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലീഷുകാരുടെ സൈന്യത്തിനുള്ള താമസസ്ഥലവും അത്യാവശ്യ സൗകര്യങ്ങളും കോളനിക്കാർ നൽകണം.

28. അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന് പ്രചോദനം നൽകിയ ചിന്തകന്മാരും അവരുടെ ആശയങ്ങളും

- ജോൺ ലോക്ക്- മനുഷ്യന് ചില മൗലീകാവകാശമുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.
- തോമസ് പെയിൻ - ഏതെങ്കിലും വിദേശ ശക്തിക്ക് (ഇംഗ്ലണ്ട്) ഈ വൻകര (വടക്കേ അമേരിക്ക) ദീർഘകാലം കീഴടങ്ങികഴിയണമെന്നത് യുക്തിക്ക് നിരക്കുന്നതല്ല

29. ഒന്നാം കോണ്ടിനന്റൽ കോൺഗ്രസ്

- 1774 ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് ഫിലാഡെൽഫിയയിൽ ചേർന്നു
- ഇംഗ്ലണ്ടിലെ രാജാവിന് നിവേദനം നൽകി.
- വ്യവസായത്തിലും വ്യാപാരത്തിലും നിയന്ത്രണങ്ങൾ പാടില്ല.
- അഗീകാരം ഇല്ലാതെ നികുതിചുമത്താൻ പാടില്ല

30. രണ്ടാം കോണ്ടിനന്റൽ കോൺഗ്രസ്

1775 ഫിലാഡെൽഫിയയിൽ ചേർന്ന രണ്ടാം കോണ്ടിനെന്റൽ കോൺഗസ് ജോർജ് വാഷിങ്ടണിനെ കോണ്ടിനെന്റൽ സൈന്യത്തിന്റെ തലവനായി തെരഞ്ഞെടുത്തു. ഇംഗ്ലണ്ടിൽനിന്നും വേർപിരിയുകയാണ് അമേരിക്കക്കാരേ സംബന്ധിച്ച് വിവേക പൂർവമായ പ്രവർത്തി എന്ന് തോമസ് പെയിൻ തന്റെ കോമൺസെൻസിലൂടെ പ്രഖ്യാപിച്ചു.

31. പിൽകാല ലോകചരിത്രത്തിൽ അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ സ്വാധീനം

- മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃകയായി
- പിൽക്കാല സ്വാതന്ത്ര്യ സമരങ്ങൾക്ക് പ്രചോദനമായി



- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി
- ഫെഡറൽ രാഷ്ട്രം എന്ന ആശയം ലോകത്തിനു നൽകി.

32. ഫ്രഞ്ച് ജനതയെ വിപ്ലവത്തിലേക്ക് നയിച്ച കാരണങ്ങൾ എന്തെല്ലാം?.

- രാജാക്കന്മാരുടെ ഏകാധിപത്യം
- ഭരണാധികാരികളുടെ ധൂർത്ത്
- ഫ്രാൻസിൽ നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥിതി
- ചിന്തകന്മാരുടെ സ്വാധീനം
- ഫ്രാൻസിലെ മൂന്നാമത്തെ എസ്റ്റേറ്റ് ഒന്നും രണ്ടും എസ്റ്റേറ്റുകൾക്കെതിരെ തിരിഞ്ഞത്.

33. ഫ്രഞ്ച് സമൂഹത്തെക്കുറിച്ച് വിവരിക്കുക

1. <u>ഒന്നാമത്തെ എസ്റ്റേറ്റ്</u>

പുരോഹിതർ- ധാരാളം ഭൂപ്രദേശം കൈവശം വച്ചു.
കർഷകരിൽ നിന്ന് തിഥെ എന്ന പേരിൽ നികുതിപിരിച്ചു.
എല്ലാത്തരം നികുതികളിൽനിന്നും ഒഴിവാക്കിയിരുന്നു.
ഭരണത്തിലേയും സൈന്യത്തിലേയും ഉയർന്ന പദവികൾ നിയന്ത്രിച്ചു.

2. <u>രണ്ടാമത്തെ എസ്റ്റേറ്റ്</u>

പ്രഭുക്കന്മാർ -സൈനികസേവനം നടത്തി.
കർഷകരിൽ നിന്ന് പലതരം നികുതികൾ പിരിച്ചു.
വേതനം നൽകാതെ കർഷകരെക്കൊണ്ട് പണിയെടുപ്പിച്ചു.
നികുതികളിൽ നിന്ന് ഒഴിവാക്കി.
ആഡംബര ജീവിതം നയിച്ചു.
വിശാലമായ ഭൂപ്രദേശം കൈവശം വെച്ചു.

3. <u>മൂന്നാമത്തെ എസ്റ്റേറ്റ്</u>

| | | |
|---|---|---|
| കച്ചവടക്കാർ | - | ഭരണത്തിൽ ഒരു പങ്കുംഇല്ല |
| എഴുത്തുകാർ | | തൈലെ എന്ന നികുതി സർക്കാരിന് നൽകണം |
| അധ്യാപകർ | | താഴ്ന്ന സാമൂഹിക പദവി |
| അഭിഭാഷകർ | | പ്രഭുക്കൻമാർക്കും പുരോഹിതൻമാർക്കും നികുതി നൽകണം |
| കർഷകർ | | |
| കൈതൊഴിലകാർ | | |
| തുടങ്ങിയവർ | | |

34 <u>ടെന്നീസ് കോർട്ട് പ്രതിജ്ഞ</u>

- ഫ്രഞ്ച് അസംബ്ലിയിൽ ഒരു എസ്റ്റേറ്റിന് ഒരു വോട്ട് എന്നതായിരുന്നു രീതി.
- ഒരംഗത്തിനു ഒരു വോട്ട് എന്ന ആവശ്യം മൂന്നാമത്തെ എസ്റ്റേറ്റ് മുന്നോട്ടു വെച്ചു.

- എന്നാൽ ഒന്നും രണ്ടും എസ്റ്റേറ്റുകാർക്ക് ഇതംഗീകരിച്ചില്ല.
- തുടർന്ന് - മൂന്നാമത്തെ എസ്റ്റേറ്റ് അടുത്തുള്ള ടെന്നീസ് കോർട്ടിൽ സമ്മേളിച്ച് ദേശീയ അസംബ്ലിയായി പ്രഖ്യാപിച്ചു.
-

35. ഫ്രഞ്ചുവിപ്ലവത്തെ സ്വാധീനിച്ച ചിന്തകരും ചിന്താധാരകളും

വോൾട്ടയർ - പരോഹിതരടെ ചഷണത്തെ പരിഹസിച്ചു
- യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു

റൂസൊ - സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടേയും ചങ്ങലയിലാണ് എന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി.
- ജനങ്ങളാണ് പരമാധികാരി

മൊണ്ടസ്ക്യൂ - ജനാധിപത്യത്തേയും റിപ്പബ്ലിക്കിനേയും പ്രോത്സാഹിപ്പിച്ചു
- ഗവൺമെന്റിനെ നിയമനിർമ്മാണം, കാര്യനിർവഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായി തിരിക്കണമെന്ന് ആവശ്യപ്പെട്ടു.

36. മധ്യവർഗത്തിന്റെ അസംതൃപ്തി ഫ്രഞ്ചുവിപ്ലവത്തിനു കാരണമായതെങ്ങനെ?

- ഫ്രാൻസിലെ സമൂഹം ഫ്യൂഡൽ വ്യവസ്ഥിതിയിൽ അധിഷ്ഠിതമായിരുന്നു
- മധ്യ വർഗത്തിന് യാതൊരുവിധ അവകാശങ്ങളും ഉണ്ടായിരുന്നില്ല.
- മധ്യവർഗത്തിനു മേൽ ധാരാളം നികുതികൾ ചുമത്തിയിരുന്നു
- മധ്യവർഗത്തിനു താഴ്ന്ന സാമൂഹിക പദവിയാണ് നൽകിയിരുന്നത്.

37. ഫ്രഞ്ച് വിപ്ലവത്തിന്റെ ഫലങ്ങൾ:

- യൂറോപ്പിൽ നിലനിന്നിരുന്ന സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് ഭീഷണിയായി.
- പിൽക്കാല വിപ്ലവങ്ങൾക്ക് ആവേശം പകർന്നു.
- മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു.
- യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥിതിക്ക് അന്ത്യമായി
- ജനകീയ പരമാധികാരം എന്ന ആശയം മനുഷ്യരാശിക്കു നൽകി.
- ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി

38. നെപ്പോളിയന്റെ പരിഷ്കാരങ്ങൾ:

- കർഷകരെ ഭൂവുടമകളാക്കി
- ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു
- പുരോഹിതരെയും സഭയേയും നിയന്ത്രിച്ചു
- പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് രൂപീകരിച്ചു .
- പുതിയ നിയമസംഹിത ഉണ്ടാക്കി
- ഗതാഗത പുരോഗതിക്കായി നിരവധി റോഡുകൾ നിർമ്മിച്ചു.

39. <u>റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ</u> :

- സർ ചക്രവർത്തിമാരുടെ ഏകാധിപത്യഭരണം .
- കർഷകരും തൊഴിലാളികളും കഠിനമായി ദ്രോഹിക്കപ്പെട്ടിരുന്നു.
- റഷ്യ ഭരിച്ചിരുന്ന സർ ചക്രവർത്തിമാർ ഏകാധിപതികളും ധൂർത്തന്മാരുമായിരുന്നു.
- തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ മാർക്സിസ്റ്റ് ആദർശങ്ങളിൽ
- അധിഷ്ഠിതമായ സോഷ്യൽ വർക്കേഴ്സ് ഡെമോക്രാറ്റിക് പാർട്ടിയുടെ രൂപീകരണം.
- 1905 ലെ ജപ്പാൻ റഷ്യ യുദ്ധത്തിൽ റഷ്യക്കുണ്ടായ പരാജയം.
- ദുരിതജീവിതം
- കർഷകരുടെ വലിയ നികുതിഭാരം .
- കാർഷിക -വ്യാവസായിക ഉൽപാദന കുറവ്
- വ്യവസായങ്ങൾ വിദേശികളുടെ നിയന്ത്രണത്തിലായത്

40. റഷ്യൻ വിപ്ലവത്തെ സ്വാധീനിച്ച സാഹിത്യകാരൻമാർ
മാക്സിംഗോർക്കി, ലിയൊ ടോൾസ്റ്റോയ്,
ഇവാൻതുർഗ്ഗനേവ്, ആന്റൺചെക്കോവ്.

41. <u>രക്ത രൂക്ഷിതമായ ഞായറാഴ്ച</u>

- രാഷ്ട്രീയാവകാശങ്ങളും സാമ്പത്തിക പരിഷ്കാരങ്ങളും ആവശ്യപ്പെട്ട് തൊഴിലാളികൾ പെട്രോഗ്രാഡിൽ 1905 ജനുവരി 9 ന് പ്രകടനം നടത്തി.
- ഇതിനു നേരെ പട്ടാളം വെടിവെച്ചു.
- 100 കണക്കിന് തൊഴിലാളികൾ കൊല്ലപ്പെട്ട ഈ സംഭവം രക്ത രൂക്ഷിതമായ ഞായറാഴ്ച എന്നറിയപ്പെടുന്നു.

42. ദ്യൂമ വിളിച്ച് ചേർക്കാനുള്ള കാരണം എന്തായിരുന്നു?

സോവിയറ്റ് എന്ന പേരിൽ തൊഴിലാളി സംഘങ്ങൾ രൂപീകരിച്ചു. അതിനാൽ ചക്രവർത്തി ദ്യൂമ വിളിച്ച് ചേർത്തു.

43. ഫെബ്രുവരി വിപ്ലവം എന്നാലെന്ത്?

- 1914-ൽ ദൂമയുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് ഒന്നാം ലോകമഹായ ദ്ധത്തിൽ ചേർന്നു.
- 1917 ലെ ഭക്ഷ്യ ദൗർലഭ്യത്തെ തുടർന്ന് സ്ത്രീകൾ റൊട്ടിക്ക് വേണ്ടി പ്രകടനം നടത്തി.
- പെട്രോഗ്രാഡിൽ തൊഴിലാളികൾ പ്രതിഷേധപ്രകടനം നടത്തി.
- ആദ്യം എതിർത്ത സൈനികരും തൊഴിലാളികൾക്കൊപ്പം ചേർന്നു
- പെട്രോഗ്രാഡ് തൊഴിലാളികൾ പിടിച്ചെടുത്തു
- നിക്കോളാസ് രണ്ടാമൻ സ്ഥാനമൊഴിഞ്ഞു.
- അലക്സാണ്ടർ കെരൻസ്കി താൽക്കാലികഘവൺമെന്റ് രൂപീകരിച്ചു.

44. ഒക്ടോബർവിപ്ലവം

- വ്ലാഡിമർ ലെനിൻ റഷ്യയിലെത്തി താൽക്കാലിക ഗവൺമെന്റിനെ എതിർത്തു
- അധികാരം സോവിയറ്റുകൾക്ക് നൽകാൻ ആവശ്യപ്പെട്ടു.
- ഒരുതൊഴിലാളി വർഗ്ഗ ഗവൺമെന്റിന് മാത്രമെ അസമത്വം ഇല്ലാതാക്കാൻ കഴിയൂ എന്ന് പ്രചരിപ്പിച്ചു.
- റഷ്യ ഒന്നാം ലോകയുദ്ധത്തിൽ നിന്നും പിന്മാറുക, പ്രഭുക്കൻമാരുടെ കൈവശമുള്ള ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യുക, ഫാക്ടറികൾ ജനങ്ങളുടെ സ്വത്താക്കി മാറ്റുക എന്നീ ആവശ്യങ്ങൾ ബോൾഷെവിക്കുകൾ ആവശ്യപ്പെട്ടു.
- 1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ സായുധ സമരം ആരംഭിച്ചു.
- കെരൻസ്കി റഷ്യ വിട്ടുപോയി

45. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ:

- ഒന്നാം ലോകയുദ്ധത്തിൽ നിന്നും പിന്മാറി
- ഭൂമിപിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.
- പൊതു ഉടമസ്ഥതക്ക് പ്രാധാന്യം നൽകി.
- കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി.
- സാമ്പത്തിക-ശാസ്ത്ര-സാങ്കേതികരംഗങ്ങളിൽ പുരോഗതി കൈവരിച്ചു.
- 1924 ൽ പുതിയ ഭരണഘടന നിലവിൽവന്നു.
- സോവിയറ്റ്യൂണിയൻ രൂപീകരിച്ചു.
- ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപകമായി.

അധ്യായം : 2

ലോകം ഇരുപതാം നൂറ്റാണ്ടിൽ

**1.ത്രികക്ഷി സഖ്യത്തിൽ ഉൾപ്പെടാത്തരാജ്യം:-ജർമ്മനി, ഓസ്ട്രിയ-ഹംഗെറി, റഷ്യ**

**റഷ്യ**

**2 . ഹിറ്റ്ലറുടെ സൈന്യം?**

**•'ബ്രൗൺ ഷർട്ടുകൾ .**

**3.ഹിറ്റ്ലറുടെ രഹസ്യ പോലീസ് സേന ?**

**ഗസ്റ്റപ്പോ •**

**4.ജൂതൻമാർക്ക് ഒരു രാജ്യംസ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട പ്രസ്ഥാനമേതാണ്**

**സിയോണിസ്റ്റ് പ്രസ്ഥാനം .**

**5. ഒന്നാം ലോക മഹായുദ്ധത്തിന്റെ പെട്ടെന്നുള്ള കാരണം?**

**• ഓസ്ട്രിയയുടെ സിംഹാസനത്തിന്റെ അവകാശിയായ ഫ്രാൻസിസ് ഫെർഡിനാൻഡിന്റെ കൊലപാതകം**

**7.ആര്യന്മാരാണ് ലോകത്തിലെ പരിശുദ്ധവംശമെന്നും അവരാണ് ലോകം ഭരിക്കേണ്ടതെന്നും ജർമ്മൻകാർ**

**ആര്യന്മാരാണെന്നും അഭിപ്രായപ്പെട്ടതാര്?**

**ഹിറ്റലർ**

**8.ഏത് സമ്മേളനമാണ് ചേരിചേരാ പ്രസ്ഥാനം രൂപികരിക്കാൻ തീരുമാനിച്ചത്?**

**ബന്ദുങ്ങിൽ നടന്ന സമ്മേളനം**

**9.ഒന്നാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങൾ**

**• സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള തർക്കങ്ങൾ.**

**• -കോളനികൾക്കായി യൂറോപ്യൻ രാജ്യങ്ങൾ തമ്മിലുള്ള മത്സരം**

**• -സൈനിക സഖ്യങ്ങളുടെ രൂപീകരണം.**

**• ആക്രമണാത്മക ദേശീയ പ്രസ്ഥാനങ്ങളുടെ രൂപീകരണം**

**• സാമ്രാജ്യത്വ പ്രതിസന്ധി**

• ഓസ്ട്രിയയുടെ സിംഹാസനത്തിന്റെ അവകാശിയായ ഫ്രാൻസിസ് ഫെർഡിനാൻഡിന്റെ കൊലപാതകം

**10.** . ഒന്നാം ലോകമഹായുദ്ധസമയത്ത് രൂപീകരിച്ച സൈനിക സഖ്യങ്ങൾ?

- -ത്രികക്ഷി സഖ്യം,ത്രികക്ഷി സൗഹാർദം എന്നിവയാണ് സൈനിക സഖ്യങ്ങൾ.
- ത്രികക്ഷി സഖ്യം:-ജർമ്മനി, ഓസ്ട്രിയ-ഹംഗറി, ഇറ്റലി.
- ത്രികക്ഷി സൗഹാർദം:- ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ.

**11.** തീവ്രദേശീയത എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? ഒന്നാം ലോക മഹായുദ്ധത്തിന് കാരണമായ തീവ്രദേശീയത പ്രസ്ഥാനങ്ങൾ ഏതാണ്?

- സ്വന്തം രാജ്യം മറ്റുള്ളവരേക്കാൾ മറ്റുള്ളവയെക്കാൾ ശ്രേഷ്ഠമാണെന്ന് കരുതുകയും സ്വന്തം രാജ്യംചെയ്യുന്നതെല്ലാം ന്യായീകരിക്കുകയും ചെയ്യുന്നതാണ് തീവ്രദേശീയത.
- പാൻസ്ലാവ് പ്രസ്ഥാനം,പാൻജർമൻ പ്രസ്ഥാനം പ്രതികാര പ്രസ്ഥാനം എന്നിവ തീവ്രദേശീയ പ്രസ്ഥാനങ്ങൾക്ക് ഉദാഹരണമാണ്.

**12.** ഒന്നാം ലോക മഹായുദ്ധത്തിന്റെ ഫലങ്ങൾ എന്തെല്ലാം?

- ദശലക്ഷത്തിലധികം ആളുകൾക്ക് ജീവഹാനി സംഭവിക്കുകയും പരിക്കേൽക്കുകയും ചെയ്തു.
- കൃഷി, വ്യവസായം,ആശയവിനിമയ സംവിധാനം തുടങ്ങിയ മേഖലകൾ തകർന്നു.
- ദാരിദ്ര്യം, തൊഴിലില്ലായ്മ, പണപ്പെരുപ്പം എന്നിവ വർദ്ധിച്ചു.
- യൂറോപ്പിന്റെ സാമ്പത്തിക മേധാവിത്വം ദുർബലമായി.
- ഏഷ്യയിലെയും ആഫ്രിക്കയിലെയും സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടു.
- ലോകത്ത് സമാധാനം സംരക്ഷിക്കുന്നതിനായി സർവ്വ രാഷ്ട്രസംഖ്യം( ലീഗ് ഓഫ് നേഷൻസ്) എന്ന സംഘടന രൂപീകരിച്ചു.

**13.** ഫാസിസത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ്?

- ജനാധിപത്യത്തോടുള്ള വിരോധം.
- സോഷ്യലിസത്തോടുള്ള എതിർപ്പ്.

• രാഷ്ട്രത്തെ മഹത്വവൽക്കരിക്കൽ.

• വംശമഹിമ ഉയർത്തിപ്പിടിക്കൽ

• യുദ്ധത്തെ മഹത്വവൽക്കരിക്കൽ.

• തീവ്രദേശീയതയുടെ പ്രചരിപ്പിക്കൽ.

14. . ഇറ്റലിയിൽ അധികാരം പിടിച്ചെടുത്ത മുസ്സോളിനിയുടെ ഭരണത്തിന്റെ സവിശേഷതകൾ എന്തായിരുന്നു?

• രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ സ്വേച്ഛാധിപത്യ നടപടികൾ സ്വീകരിച്ചു.

• അക്രമത്തിന്റയും ഹിംസയുടെയും മാർഗ്ഗം   സ്വീകരിച്ചു.

•സോഷ്യലിസ്റ്റുകൾതൊഴിലാളികൾ,കർഷകനേതാക്കൾഎന്നിവരെ രാഷ്ട്രത്തിന്റെ ശത്രുക്കളായി പ്രഖ്യാപിച്ചു.

• ഫാസിസ്റ്റ് പാർട്ടിയെ എതിർത്തവരെ വധിച്ചു.

• പുരാതന റോമൻ സാമ്രാജ്യം പുനഃസ്ഥാപിക്കാൻ ശ്രമിച്ചു.

• പ്രാചീന റോമൻ ഭരണത്തിന്റെ നിരവധി ചിഹ്നങ്ങൾ അദ്ദേഹം സ്വീകരിച്ചു.

• ഫാസിസ്റ്റ് നയങ്ങൾ നടപ്പിലാക്കുന്നതിന്കരിങ്കുപ്പായക്കാർ എന്നസൈനിക വിഭാഗത്തെ ഉപയോഗിച്ചു.

•  ആക്രമണോത്സുക വിദേശനയം സ്വീകരിച്ചു. എത്യോപ്യ, അൽബേനിയ തുടങ്ങിയ രാജ്യങ്ങൾ ആക്രമിച്ചു.

• ഇറ്റലിയുടെ സാമ്രാജ്യത്ത മോഹം ലോക രാജ്യങ്ങളെ മറ്റൊരു യുദ്ധത്തിലേക്ക്  നയിച്ചു.

15. എന്താണ് ചേരിചേരാ പ്രസ്ഥാനം?

•  മുതലാളിത്ത ചേരിയുടെയോ സോഷ്യലിസ്റ്റ് ചേരിയുടെയോ  ഭാഗമല്ലാത്ത നിലകൊണ്ട രാജ്യങ്ങളുടെ ഐക്യമാണ് ചേരിചേരാ പ്രസ്ഥാനം .

• മുതലാളിത്തത്തിനും സോഷ്യലിസത്തിനും ബദലായാണ് ചേരിചേരാ പ്രസ്ഥാനം രൂപംകൊണ്ടത്

• രണ്ടാം ലോകമഹായുദ്ധാനന്തരം, ഏഷ്യയിലും, ആഫ്രിക്കയിലും, ലാറ്റിൻ അമേരിക്കയിലും സ്വതന്ത്രം കിട്ടിയ രാജ്യങ്ങൾ ചേർന്ന് രൂപീകരിച്ചു.

• ശീതയുദ്ധം സാമ്രാജ്യത്വത്തിന്റെ മറ്റൊരു മുഖമാണെന്നും അത് ലോകസമാധാനത്തിന് ഭീഷണിയാകുമെന്നും ഈ രാജ്യങ്ങൾ തിരിച്ചറിഞ്ഞു.

17. ചേരിചേരാ പ്രസ്ഥാനത്തിന് രൂപം നൽകിയ നേതാക്കൾ ആരെല്ലാം?

ജവഹർലാൽ നെഹ്റു – ഇന്ത്യ

ഗമാൽ അബ്ദുൾ നാസർ - ഈജിപ്ത്

മാർഷൽ ടിറ്റോ - യുഗോസ്ലാവിയ

അഹമ്മദ് സുകാർണോ - ഇന്തോനേഷ്യ

18. രണ്ടാം ലോക മഹായുദ്ധത്തിന്റെ കാരണങ്ങൾ എന്തൊക്കെയാണ്?

- 1919-ൽ പാരീസ് സമാധാന സന്ധി പ്രകാരം വിജയിച്ച രാജ്യങ്ങൾ പരാജയപ്പെട്ട രാജ്യങ്ങളുടെ മുഴുവൻ കോളനികളും കൈവശപ്പെടുത്തിയത്.
- ജർമ്മനിക്കോ ഇറ്റലിക്കോ കോളനിയോ വിപണിയോ ഉണ്ടായിരുന്നില്ല.
- ഇറ്റലി, ജർമ്മനി തുടങ്ങിയ രാജ്യങ്ങൾ കോളനികൾ പിടിച്ചെടുക്കാൻ മറ്റു രാജ്യങ്ങളെ ആക്രമിച്ചത്.
- സൈനിക സഖ്യങ്ങളുടെ രൂപീകരണം
- അച്ചുതണ്ട് സംഖ്യം:- ഇറ്റലി, ജർമ്മനി, ജപ്പാൻ. സഖ്യശക്തികൾ:- ബ്രിട്ടൻ, ഫ്രാൻസ്, ചൈന.
- അച്ചുതണ്ട് ശക്തികളുടെ ആക്രമണങ്ങളെ തടയുന്നതിൽ സർവ്വരാഷ്ട്ര സംഖ്യം പരാജയപ്പെട്ടത്.
- ജർമ്മനിയും ഇറ്റലിയും ജപ്പാനും മറ്റു രാജ്യങ്ങളെ ആക്രമിച്ചപ്പോൾ ബ്രിട്ടനും ഫ്രാൻസും പോലുള്ള

. മുതലാളിത്ത രാജ്യങ്ങൾ ആക്രമണം തടയാതെ പ്രീണനനയം സ്വീകരിച്ചത്.

- സോഷ്യലിസ്റ്റ് രാജ്യമായ സോവിയറ്റ് യൂണിയനെ അവർ തങ്ങളുടെ മുഖ്യ ശത്രുവായി കണക്കാക്കി. ഫാസിസ്റ്റ് ആക്രമണങ്ങളെ പ്രോത്സാഹിപ്പിച്ച ഈ നയം പ്രീണന നയം എന്നാണ് അറിയപ്പെടുന്നത്
- 1939 സെപ്റ്റംബർ 1-ന് ജർമ്മനി പോളണ്ടിനെ ആക്രമിച്ചു.
- ഇതോടെ 1939 സെപ്റ്റംബർ 3-ന് സഖ്യശക്തികൾ ജർമ്മനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചത് രണ്ടാം ലോക മഹായുദ്ധത്തിന് തുടക്കമായി.

19. . രണ്ടാം ലോക മഹായുദ്ധത്തിലെ സൈനിക സഖ്യങ്ങൾ?

- അച്ചുതണ്ട് സംഖ്യം :ജർമ്മനി, ഇറ്റലി, ജപ്പാൻ
- സഖ്യശക്തികൾ: ഇംഗ്ലണ്ട്, ഫ്രാൻസ്, ചൈന

20 . രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങൾ എന്തൊല്ലാം?

- ദശലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു.
- യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തിക വ്യവസ്ഥ തകർന്നു.
- യൂറോപ്യൻ രാജ്യങ്ങളുടെ ലോകമേധാവിത്വം തകർന്നു.
- ഏഷ്യയിലും ആഫ്രിക്കയിലും സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടു.
- അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി.
- ലോകസമാധാനം സംരക്ഷിക്കുന്നതിന് ഐക്യരാഷ്ട്ര സംഘടന (UNO)

21. നവ സാമ്രാജ്യത്വം എന്നാൽ എന്താണ് അർത്ഥമാക്കുന്നത്?

- . നവസാമ്രാജ്യത്വം എന്നാൽ എന്താണ് അർത്ഥമാക്കുന്നത്?
- • രണ്ടാം ലോക മഹായുദ്ധാനന്തരം ലോകത്ത് പുതിയ
- തരത്തിലുള്ള സാമ്രാജ്യത്വ വ്യവസ്ഥിതി രൂപപ്പെട്ടുവന്നു.
- • ഒരു രാജ്യത്ത് രജിസ്റ്റർ ചെയ്യുകയും വിവിധ രാഷ്ട്രങ്ങളിലായി പ്രവർത്തിക്കുന്ന കമ്പനികളാണ് ബഹുരാഷ്ട്ര കമ്പനികൾ .
- • ഈ ബഹുരാഷ്ട്ര കമ്പനികൾ സ്വന്തം താൽപര്യങ്ങൾക്കു വേണ്ടിവികസ്വരവും, അവികസിതവുമായ രാജ്യങ്ങളുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക മേഖലകളിൽ ഇടപെടാൻ തുടങ്ങിയത് നവ സാമ്രാജ്യത്വം എന്നറിയപ്പെടുന്നു.

22 പുത്തൻസാമ്പത്തിക പരിഷ്കാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ?

- നവസാമ്രാജ്യത്വത്തിന്റെ ആശയങ്ങളാണ് ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നിവ .
- <u>ഉദാരവൽക്കരണം</u>
- ബഹുരാഷ്ട്ര കമ്പനികളുടെ ഉൽപ്പന്നങ്ങൾക്കും മൂലധനത്തിനും നിയന്ത്രണങ്ങളില്ലാതെ കടന്നുവരുന്നതിനായി ഇറക്കുമതി നിയമങ്ങളും നികുതികളും ഉദാരമാക്കി.

- <u>സ്വകാര്യവൽക്കരണം</u>
- സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളെ
- സ്വകാര്യവത്കരിച്ചു.
- <u>ആഗോളവൽക്കരണം</u>
- രാഷ്ട്രത്തിൻറെ സമ്പത്ത് വ്യവസ്ഥയെ ആഗോള സമ്പദ്ഘടനയും ആയി ബന്ധിപ്പിച്ചു .
- ബഹുരാഷ്ട്ര കമ്പനികളുടെ താൽപര്യങ്ങൾ സംരക്ഷിച്ചു .
- മത്സരങ്ങളിലൂന്നിയ കമ്പോളം നിലവിൽ വന്നു.
- അതിരുകളില്ലാതെ ഉൽപന്നങ്ങൾ സേവനങ്ങൾ വിഭവങ്ങൾ മൂലധനം പുത്തൻ സാങ്കേതിക വിദ്യ എന്നിവയുടെ ഒഴുകു സൃഷ്ടിച്ചു

23. വികസ്വര രാജ്യങ്ങൾക്ക് ആഗോളവൽക്കരണം ഉയർത്തുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്?

- ദേശീയ രാഷ്ട്രമെന്ന ആശയത്തിന് ബഹുരാഷ്ട്ര കമ്പനികളുടെ കടന്നു കയറ്റം വെല്ലുവിളിയായി
- തദ്ദേശീയ സംസ്കാരത്തിന്റെ തകർച്ചയ്ക്ക് വഴിയൊരുക്കി.
- കാർഷികോൽപന്നങ്ങളുടെ വില ഇടിഞ്ഞു
- പൊതുമേഖലാ സ്ഥാപനങ്ങൾ തകർന്നു..
- സാമൂഹിക സേവന മേഖലകളിൽ നിന്ന് സർക്കാർ പിൻമാറി.
- പ്രകൃതി വിഭവങ്ങൾ കൊള്ളയടിച്ചു.

## അധ്യായം : 3 പൊതുഭരണം

1.പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ് ഇത്ആരുടെ വാക്കുകളാണ്?

എൻ ഗ്ലാഡൻ

2.പൊതുഭരണത്തിന്റെ പ്രധാനമേഖല _______________ ആണ്

ഗവൺമെന്റ് ഭരണം

3.________________________________ സ്ഥാപനങ്ങളെല്ലാം പൊതുഭരണത്തിന്റെ ഭാഗമാണ്

ഗവൺമെന്റ്

4."നിങ്ങൾ എന്തെങ്കിലും നടപ്പിലാക്കുന്നതിനുമമ്പ് നിങ്ങൾകണ്ട പാവപ്പെട്ടവനും നി •സ്സഹായനുമായ ഒരുവന്റെ മുഖം ഓർക്കുക ഞാൻ ഇപ്പോൾ ചെയ്യാൻ പോകുന്നത് ആ പാവപ്പെട്ടവന് എങ്ങനെ സഹായകമാകും എന്ന് സ്വയം ചോദിക്കുക" ഇത് ആരുടെ വാക്കുകളാണ്?

ഗാന്ധിജി

5 ഗാന്ധിജിയുടെ ഏതാശയമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകര ണത്തിന് വഴിതെളിച്ചത്?

ഗ്രാമസ്വരാജ്

6 കേന്ദ്രസർവ്വീസിലേക്കും അഖിലേന്ത്യാ സർവ്വീസിലേക്കും ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത് ________________ ആണ്?

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ

7.യൂണിയൻ പബ്ലിക് സർവീസ് കമ്മീഷന്റെ ചെയർമാനേയും അംഗങ്ങളേയും നീയമിക്കുന്നതാര്?

രാഷ്ട്രപതി

8.സംസ്ഥാനതലത്തിൽ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത് _______________ ആണ്?

പബ്ലിക് സർവീസ് കമ്മീഷൻ

9.PSC ചെയർമാനേയും അംഗങ്ങളേയും നിയമിക്കുന്നതാര് ?

ഗവർണർ

10.________________വ്യാപകമായാൽ ഇ-ഗവേൺസ് വഴിയുള്ള സേവനങ്ങൾ വീട്ടിൽ നിന്നുതന്നെ നേടാം

ഇ -സാക്ഷരത

11 പൊതുഭരണം എന്നാലെന്ത്?

രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവണ്മെന്റി ന്റെ നയപരിപാടികളും വികസന പദ്ധതി കളും നട പ്പാക്കുന്നതിന് ഭൗതികസാഹചര്യങ്ങളും മനുഷ്യവി ഭവവും ഫലപ്രദമായി വിനിയോഗി ക്കുന്നതിനെ പൊതുഭരണം എന്ന് പറയുന്നു.

12.വിവിധ ഭരണ സംവിധാനങ്ങളിലെ പൊതുഭരണ ത്തിന്റെ സവിശേഷതകൾ എന്തെല്ലാം??

- രാജ ഭരണകാലത്ത് രാജാവിന്റെ താത്പര്യങ്ങളാ യിരുന്നു പൊതുഭരണത്തിന്റെ അടിസ്ഥാനം.

- ജനാധിപത്യവ്യവസ്ഥയിൽ ജനങ്ങളുടെ താത്പര്യത്തിനായിരുന്നു പ്രാധാന്യം.

13.പൊതുഭരണത്തിന്റെ പ്രാധാന്യമെന്ത്?

- ഗവണൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു
- ജനക്ഷേമം ഉറപ്പാക്കുന്നു
- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു
- ജനകീയപ്രശനങ്ങൾക്ക് പരിഹാരം കാണുന്നു
-

14.ഭരണത്തിന്റെ സവിശേഷതയെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടെന്തായിരുന്നു?

- എല്ലാവരുടേയും താത്പര്യങ്ങൾ സംരക്ഷിക്കണം.

- കൂടുതല് പരിഗണനയും പരിരക്ഷയും വേണ്ടവരെ പ്രത്യേകം ശ്രദ്ധിക്കണം.

15 ഉദ്യോഗസ്ഥ വൃന്ദം എന്നാലെന്ത്?

രാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുകയും പൊതുഭരണത്തിന് കീഴിൽ പ്രവർ ത്തിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഉദ്യോഗസ്ഥ വൃന്ദം എന്ന് പറയുന്നു.

16.പൊതുഭരണത്തിൽ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ പ്രാധാന്യമെന്ത്?

- പ്രാദേശികതലം മുതൽ കേന്ദ്രതലം വരെ വ്യാപിച്ച് കിടക്കുന്നു.

- പൊതുഭരണശൃംഗലയെ ചലനാത്മകമാക്കുന്നു.

- ഗവൺമെന്റിന്റെ എല്ലാസേവനങ്ങളും ജനങ്ങളിലേക്കെത്തിക്കുന്നു.
- ഭൗതികവിഭവങ്ങളും മനുഷ്യവിഭവവും ശാസ്ത്രീയമായി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നു.

17. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകളെന്തെല്ലാം?

ശ്രേണീപരമായ സംഘാടനം :

ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിലേക്കുവരുന്തോറും കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതിയാണിത് .

സ്ഥിരത :

ഉദ്യോഗസ്ഥരായി നിയമിക്കപ്പെടുന്നവർക്ക് നിശ്ചിത പ്രായംവരെ സേവനകാലാവധിയുണ്ടായിരിക്കും.

യോഗ്യത അടിസ്ഥാനമാക്കി നിയമനം :

വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയാണ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നതും നിയമനം നടത്തുന്നതും.

രാഷ്ട്രീയ നിഷ്പക്ഷത :

ഏതുരാഷ്ട്രീയ കക്ഷി അധികാരത്തിൽ വന്നാലും നയങ്ങൾ നടപ്പാക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ് . കക്ഷി രാഷ്ട്രീയ താത്പര്യങ്ങൾ അവരുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കാൻ പാടില്ല. അതായത് , അവർ നിഷ്പക്ഷമായി പ്രവർത്തിക്കണം.

വൈദഗ്ധ്യം :

ഓരോ ഗവൺമെന്റ് ഉദ്യോഗസ്ഥനും തങ്ങൾ നിവഹിക്കേണ്ടുന്ന തൊഴിലിൽ വൈദഗ്ധ്യമുള്ളവരായിരിക്കണം.

18.ഇന്ത്യൻ സിവിൽസർവ്വീസിന്റെ ഘടന വിശദമാക്കുക?

| അഖിലേന്ത്യ സർവീസ് | കേന്ദ്ര സർവീസ് | സംസ്ഥാന സർവീസ് |
|---|---|---|
| ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്ന<br><br>കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കുന്ന<br>Eg:I.A.S,I.P.S. | ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്ന കേന്ദ്ര ഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കുന്ന<br>Eg:ഇന്ത്യൻ ഫോറ്യൻ സർവീസ് , ഇന്ത്യൻ റയിൽവേ സർവീസ് . | സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കുന്ന സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കുന്ന<br>Eg:സെയിൽസ് ടാക്സോഫീസർ |

19.UPSC യും PSC യും ഭരണഘടനാസ്ഥാപനങ്ങളാണ് . എന്തുകൊണ്ട് ?

UPSC യും PSC യും ഭരണഘടനാ നിയമത്തേ അടിസ്ഥാനമാക്കി നിലവിൽ വന്ന സ്ഥാപനങ്ങളാണ് .

20.ഭരണത്തിന്റെ ഗുണം ആർക്കൊക്കേ ലഭിക്കണമെന്നാണ്  ഗാന്ധിജി ആഗ്രഹിച്ചത് ?

എല്ലാവരുടേയും താൽപര്യസംരക്ഷണമാണ് പൊതു ഭരണത്തിലൂടെ ഗാന്ധിജി ലക്ഷ്യമിട്ടത്. കൂടുതൽ പരിഗണനയും പരിരക്ഷയും വേണ്ടവർ നമ്മുടെ സമൂഹത്തിലുണ്ട്,പൊതു ഭരണം അവരേ പ്രത്യേകമായി പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്നും ഗാന്ധിജി അഭിപ്രായപ്പെട്ടു.

21 ഭരണനവീകരണം എന്നാലെന്ത്?

ഭരണ നിർവ്വഹണത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാനും സേവനങ്ങൾ സമയബന്ധിതമായി ജനങ്ങളിലേക്കെത്തിക്കാനും ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികളാണ് ഭരണനവീകരണം

22.ഇ – ഗവേൺസ് എന്നാലെന്ത്?

ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണരംഗത്തെ ഉപയോഗമാണ് ഇ – ഗവേൺസ്.

23.ഇ – ഗവേൺസിന്റെ മേന്മകളെന്തെല്ലാം?

- വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം
- സേവനത്തിനായി സർക്കാർ ഓഫീസുകളിൽ കാത്തുനിൽക്കേണ്ടതില്ല
- സർക്കാർസേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു
- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു.

---

അധ്യായം : 4

ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

1 ബ്രിട്ടീഷുകാർ ബംഗാൾ,ബീഹാർ,ഒറീസ്സയിൽ നടപ്പാക്കി ഭൂനികുതി വ്യവസ്ഥ
ശാശ്വത ഭൂനികുതി വ്യവസ്ഥ

2 ബ്രിട്ടീഷുകാർ വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ നടപ്പാക്കി ഭൂനികുതി വ്യവസ്ഥ
മഹൽവാരി വ്യവസ്ഥ

3 ബ്രിട്ടീഷുകാർ ദക്ഷിണേന്ത്യയിൽ നടപ്പാക്കി ഭൂനികുതി വ്യവസ്ഥ
റയട്ട് വാരി വ്യവസ്ഥ

4 ബ്രിട്ടീഷ് ചൂഷണത്തിനെതിരെ വയനാട്ടിലെ കുറിച്യർ നടത്തിയ കലാപം?
കുറിച്യർ കലാപം

5. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ വ്യത്യസ്ത ഭൂനികുതി സമ്പ്രദായങ്ങൾ ഏതെല്ലാം

ശാശ്വത ഭൂനികുതി വ്യവസ്ഥ,മഹൽവാരി വ്യവസ്ഥ,റയട്ട് വാരി വ്യവസ്ഥ

6.ശാശ്വത ഭൂനികുതി വ്യവസ്ഥ എന്നാലെന്ത്?

a. ബംഗാൾ,ബീഹാർ,ഒറീസ്സയിൽ നടപ്പാക്കി

b. ഭൂവുടമകൾ സെമീന്ദാർമാരായിരുന്നു
c. സെമീന്ദാർമാരാണ് നികുതി പിരിച്ചിരുന്നത്
d. കർഷകർ കുടിയാന്മാരായിരുന്നു
e. വിളവിന്റെ 60 ശതമാനമായിരുന്നു നികുതി
f. വിളവ് മോശമായാലും നികുതി പണമായി നിശ്ചിത തിയതിയിൽ നൽകണമായിരുന്നു

7 മഹൽവാരി വ്യവസ്ഥ എന്നാലെന്ത്

a. വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ നടപ്പിലാക്കിയത്
b. ഗ്രാമത്തലവൻ നികുതി പിരിച്ചു
c. നികുതി നിരക്ക് കൂടുതലായിരുന്നു

8 റയട്ട് വാരി വ്യവസ്ഥ എന്നാലെന്ത്
a. ദക്ഷിണേന്ത്യയിൽ നടപ്പാക്കി
b. കർഷകരിൽനിന്ന് നേരിട്ട് നികുതി പിരിച്ചു
c. ഭൂമിയുടെ ഉടമസ്ഥാവകാശംകർഷകർക്കായിരുന്നു
d. നികുതി ഇടയ്ക്കിടെകൂട്ടിയിരുന്നു
e. നികുതി നിരക്ക് കൂടുതലായിരുന്നു

9. കുറിച്യ കലാപം
1812 ന് ബ്രിട്ടീഷ് ചൂഷണത്തിനെതിരെ വയനാട്ടിലെ കുറിച്യരും കുറുമരും ചേർന്ന് രാമൻ നമ്പിയുടെ നേതൃത്വത്തിൽ നടത്തിയ കലാപം
10. കുറിച്യ കലാപം - കാരണങ്ങൾ :
a. ബ്രിട്ടീഷുകാർ അമിതമായി നികുതി ചുമത്തിയത്
b. നികുതി പണമായി അടയ്ക്കാൻ ആവശ്യപ്പെട്ടത്
c. നികുതി അടയ്ക്കാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തത്

11. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം കാരണങ്ങളെന്തെല്ലാം?
1 കർഷകരുടെ ദുരിതങ്ങൾ - അമിത നികുതിഭാരം, ജന്മി, കൊള്ളപ്പലിശക്കാർ എന്നിവരുടെ ചൂഷണം

2 കരകൗശലതൊഴിലാളികളുടെ ദാരിദ്ര്യം - പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച-

തുണി,മൺപാത്രം,തുകൽ-മരപ്പണി

3 രാജാക്കന്മാർക്ക് അധികാരം നഷ്ടപ്പെട്ടത്- ദത്തവകാശ നിരോധനം, സൈനികസഹായവ്യവസ്ഥ

4 ശിപായിമാരുടെ ദുരിതങ്ങൾ -ഇന്ത്യാക്കാരായ പട്ടാളക്കാർക്ക് കുറഞ്ഞ

കൂലി,ദുരിതജീവിതം,കൊഴുപ്പ് പുരട്ടിയ തിരയുടെ ഉപയോഗം

12. ഒന്നാം സ്വാതന്ത്ര്യ സമരം--ഫലങ്ങൾ

- ഇന്ത്യയിലെ ബ്രിട്ടിഷം ഭരണത്തിലും നയത്തിലും വലിയ മാറ്റങ്ങളുണ്ടാക്കി

- ഇന്ത്യയുടെ ഭരണം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയിൽ നിന്ന്ബ്രിട്ടീഷ്

പാർലമെന്റ് ഏറ്റെടുത്തു.

## അധ്യായം : 5
## സംസ്കാരവും ദേശീയതയും

1 ഇന്ത്യൻ സമൂഹത്തിന്റെ ആധുനികവൽകരണത്തിനായി വാദിച്ച ആദ്യ വ്യക്തി?

രാജാറാം മോഹൻറോയ്.

2 ശാരതാഭവൻ സ്ഥാപിച്ചതാര്?

പണ്ഡിത രമാഭായ്

3. ബംഗാളിലെ ആദ്യകാല വർത്തമാന പത്രം

സുലപ് സമാചാർ

4 ഗ്രാമീണ ചെണ്ടക്കാരൻ എന്ന ചിത്രം രചിച്ചതാര്?

നന്ദലാൽ ബോസ്

5 കേരളകലാമണ്ഡലം സ്ഥാപിച്ചതാര്?

വള്ളത്തോൾ നാരായണമേനോൻ

6 ദേശീയത എന്നാലെന്ത്?

ജാതി മത വർഗ്ഗ പ്രാദേശിക വ്യത്യാസങ്ങൾക്ക് ഉപരിയായി ഒരു രാജ്യത്തെ ജനങ്ങളുടെ മാനസിക ഐക്യമാണ് ദേശീയത.

7 ഇന്ത്യൻ വിദ്യാഭ്യാസരംഗത്ത് ഇടപെടുന്നതിനായി ഭ്രിട്ടീഷുകാർ സ്ഥാപിച്ച സ്ഥാപനങ്ങൾ

ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ, കൽക്കട്ട മദ്രസ, ബനാറസ് സംസ്കൃത കോളേജ്.
8 ഇന്ത്യൻ ദേശീയതയുടെ രൂപീകരണത്തിന് സ്വാധീനം ചെലുത്തിയ ഘടകങ്ങൾ

കോളനിഭരണവും ചൂഷണവും, സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ, പത്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാഹിത്യം, കല
9 ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ട് ബ്രിട്ടീഷുകാർ ലക്ഷ്യമാക്കിയത് എന്ത്?

ബ്രിട്ടീഷ് ജീവിതരീതികളോട് താൽപ്പര്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക ഭരണം ശക്തിപ്പെടുത്താന് ഇന്ത്യൻ സംസ്കാരം ആഴത്തിലറിയുക ഭരണപരിഷ്ക്കാരങ്ങൾക്ക് പിന്തുണ നേടുക
10 ദേശീയ സമരകാലത്തെ പത്രങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്ത്?
ജനങ്ങള് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക, ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിൽ എല്ലാവരേയും പങ്കാളികളാക്കുക, ഇന്ത്യയിലുണ്ടാകുന്ന പ്രശ്നങ്ങൾ ഇന്ത്യക്കാരുടെമൊത്തം പ്രശ്നമായി കാണാന് പ്രേരിപ്പിക്കുക.
11 ദേശീയ സമരകാലത്തെ വർത്തമാന പത്രങ്ങൾ ഇന്ത്യന് ജനതയെ ബോധവാന്മാരാക്കിയത് എങ്ങനെയെല്ലാമായിരന്നു?
ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണ ചൂഷണം സാമ്പത്തിക ചൂഷണം ജനങ്ങളെ ബോധ്യ പ്പെടുത്തി. പ്ലേഗ്, ക്ഷാമം എന്നിവയെക്കുറിച്ചും ബ്രിട്ടീഷുകാരുടെ അധിക്രമങ്ങളെ കുറിച്ചും നാട്ടിൽ നടക്കുന്ന കൊലപാതകങ്ങളെക്കുറിച്ചുമുള്ള വാർത്തകളും ജനങ്ങളി ലെത്തിച്ചു ഇന്ത്യൻ സമൂഹത്തിൽ നടക്കുന്ന പരിഷ്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി, ലോകത്ത് നടക്കുന്ന സ്വാതന്ത്ര്യ -ജനാധിപത്യ-സമത്വ പോരാട്ടങ്ങളെക്കുറിച്ച് വിവരം നൽകി. ബ്രിട്ടീഷ് ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങളെ അതിലൂടെ ഒന്നിപ്പിച്ചു.

12 ദേശീയ സമരകാലത്തെ പത്രങ്ങൾ ഏതെല്ലാം?

നസ്രാണി ദീപിക, കേരളോദയം, കേരളഭൂഷണം, സൊദേശാഭിമാനി, അൽ അമീൻ, മലയാളമനോരമ, മാതൃഭൂമി, കേരളകൗമുതി, കേസരി, മലയാളരാജ്യം.

13 ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിൽ വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ വഹിച്ച പങ്കെന്ത്?

ഇന്ത്യക്കാരിൽദേശീയമായ കാഴ്ച്ചപ്പാട് വളർത്തി, , ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്ക പ്പെട്ടു. മതേതരവിദ്യാഭ്യാസം എല്ലാ വിഭാഗക്കാർക്കും ലഭ്യമായി , ബ്രിട്ടീഷ് മേധാവിത്വത്തെയും, ഇന്ത്യയിലെ അസമത്വങ്ങളെയും ഒറ്റക്കെട്ടായി എതിർക്കാൻ വിദ്യാഭ്യാസ പുരോഗതികൊണ്ട് സാധിച്ചു

14 സാഹിത്യം ദേശീയത വളർത്തിയത് എങ്ങനെ
കഥ, കവിത, നാടകം, നോവൽ എന്നിവയിലൂടെ ഇന്ത്യൻ സമൂഹത്തിന്റെ ജീർണ്ണതകൾ, ദുരിതങ്ങൾ, ബ്രിട്ടീഷ് ചൂഷണം എന്നിവ അവതരിപ്പിച്ചു ഇവ ജനങ്ങളിൽ ചൂഷണവിരുദ്ധ മനോഭാവവും, രാജ്യസ്നേഹവും വളർത്തി, ദേശസ്നേഹം നിറഞ്ഞകൃതികൾ സാമൂഹിക അന്തരം കുറച്ചു.

15 ദേശീയ സമരകാലത്തെ സാഹിത്യ സൃഷ്ടികൾ ഏതെല്ലാം?

a ആനന്ദമഠം -നോവൽ ചാറ്റർജി-ബംഗാളിലെ കർഷകർ നടത്തിയ സന്യാസി കലാപം പ്രമേയം.
b നീൽ ദർപ്പൺ -നാടകം- ദീനബന്ധുമിത്ര -നീലം കർഷകരുടെ ചൂഷണം.

c സാരേ ജഹാം സെ അച്ഛാ.-കവിത - മുഹമ്മദ് ഇഖ്ബാൽ -ഇന്ത്യയുടെ പ്രകൃതി ഭംഗിയും, ജനങ്ങളുടെ ഒരേ മനസ്സും ഏകതാമനോഭാവവും.
d ഗീതാഞ്ജലി -കവിത -ടാഗോർ
e എന്റെ ഗുരുനാഥൻ, ബാപ്പുജി -വള്ളത്തോൾ
f കണ്ണൻ പാട്ട് കുയിൽപാട്ട് പാഞ്ചാലിശപഥം, കളിപാട്ട് -സുബ്രഹ്മണ്യഭാരതി

16 ദേശീയ സമരകാലത്തെ ചിത്രകലയെക്കറിച്ച് വിവരിക്കുക?

a ഭാരതമാത -- അബനീന്ദ്ര നാഥ ടാഗോർ -ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആട്സ് സ്ഥാപിച്ചു
b ശകുന്തളയും തോഴിമാരും - രാജാ രവിവർമ്മ -ഇന്ത്യൻ പുരാണ സാഹിത്യ കൃതികളിലെ സന്ദർഭങ്ങൾ ചിത്രീകരിച്ചു
c ഗ്രാമീണ ചെണ്ടക്കാരൻ - നന്ദലാൽ ബോസ് -ഇന്ത്യയിലെ ദുരാചാരങ്ങൾക്കെതിരായ മനോഭാവം വളർത്തി.
d ഗ്രാമീണ ജീവിതം - അമൃതാ ഷേര്ഗിൽ - ഗ്രാമങ്ങളിലെ ജീവിതദുരിതങ്ങൾ ചിത്രീകരിച്ചു.

17 ദേശീയ ഗീതങ്ങളും ചിഹ്നങ്ങളും ചിത്രങ്ങളും ഇന്ത്യക്കാരിൽ ദേശീയ ഐക്യം വളർത്തുന്നതിൽ വഹിച്ച പങ്ക് വിശദീകരിക്കുക

ദേശീയ പതാകയും ദേശീയ മുദ്രയും ദേശീയ ഗാനവും ഇന്ത്യൻ ജനതയിൽ ദേശീയബോധം വളർത്താൻ സഹായിച്ചു. സൊദേശീ സമരകാലത്താണ് ത്രിവർണപതാകക്ക് രൂപം നൽകിയത്.
ബ്രിട്ടീഷ് ഇന്ത്യയിലെ എട്ട് പ്രവശ്യകളെ പ്രതിനിധീകരിക്കുന്ന എട്ടുതാമരകളും ഹിന്ദുമുസ്ലിം ഐക്യത്തിന്റെ പ്രതീകമായ അർദ്ധചന്ദ്രനും അടങ്ങിയതായിരുന്നു ത്രിവർണപതാക. ഗാന്ധിജിയുടെ നേതൃത്വത്തിൽ ചർക്കയോടു കൂടിയ പതാകക്ക് രൂപം നൽകി.1947 ലാണ് ഇന്നത്തെ ത്രിവർണപതാക സ്വീകരിച്ചത്.

അധ്യായം : 6

സമരവും സ്വാതന്ത്ര്യവും

1.______________________ലെ നീലം കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ടാണ് ഗാന്ധിജി ഇന്ത്യയിൽ പൊതുപ്രവർത്തനം ആരംഭിക്കുന്നത്.

ചമ്പാരൻ

2 ചമ്പാരൻ സമരം എന്നായിരുന്നു?

1917

3.അഹമ്മദാബാദ് തുണിമിൽ സമരത്തിന്റെ കാരണം _________________________

പ്ലേഗ് ബോണസിനേച്ചൊല്ലിയുള്ള തർക്കം

4.അഹമ്മദാബാദ് പരുത്തിത്തുണി തൊഴിലാളികളുടെ സമരം എന്നായിരുന്നു?

1918

5.1919 ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ നിയമം___________________________

റൗലറ്റ് നിയമം

6.റൗലറ്റ് വിരുദ്ധ പ്രക്ഷോപത്തോട് ബ്രിട്ടീഷ് സർക്കാർ സ്വീകരിച്ച ഏറ്റവും ക്രൂരമായ മുഖമാണ്_____________________

1919 ലെ ജാലിയൻവാലാബാഗ് കൂട്ടക്കൊല.

7.പ്ലാസിയുദ്ധം ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ടെങ്കിൽ _______________ ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറയിളക്കി എന്ന് ഗാന്ധിജി പ്രതികരിച്ചത് ഏത് സംഭവത്തെക്കുറിച്ച്.

ജാലിയൻവാലാബാഗ്

8.ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയ പ്രക്ഷോപമാണ് __________

നിസ്സഹകരണസമരം.

9.ഗാന്ധിജി നിസ്സഹകരണ സമരം നിർത്തി വക്കാനിടയായ സാഹചര്യം എന്തായിരുന്നു?

ചൗരീചൗരാ സംഭവം

10.1929 ൽ ലാഹോറിൽ വച്ചുനടന്ന ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ് സമ്മേളനത്തിലെ പ്രധാന തീരുമാനം എന്തായിരുന്നു?

സിവിൽനിയമലംഘനം

11.ഖേദയിലെ കർഷകസമരം എന്നായിരുന്നു?

1918

12 ഭീകരപ്രവർത്തനങ്ങൾ തടയാനെന്ന പേരിൽ പൗരാവകാശങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തി ക്കൊണ്ട് 1919 ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ നിയമം ഏതായിരുന്നു?

റൗലറ്റ് നിയമം

13. ജാലിയൻ വാലാബാഗ് കൂട്ടക്കൊല നടന്ന വർഷം ഏതായിരുന്നു?

1919

14.ജാലിയൻ വാലാബാഗ് കൂട്ടക്കൊലക്ക് നേതൃത്വം നൽകിയ ബ്രിട്ടീഷ് സൈനിക മേധാവി ആരായിരുന്നു?

ജനറൽ ഡയർ

15.1929 ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് ആര്?

ജവഹർ ലാൽ നെഹ് റു

16.സിവിൽനിയമലംഘനസമരംകൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചതെന്ത് ?

ബ്രിട്ടീഷുകാരുടെ ജനവിരുദ്ധമായ സിവിൽനിയമങ്ങളെ ലംഘിക്കുക.

17." പൂർണ സ്വരാജ്" ആണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അടിസ്ഥാന ലക്ഷ്യമെന്ന് പ്രഖ്യാപിച്ച സമ്മേളനം ഏതായിരുന്നു?

ലാഹോർ സമ്മേളനം(1929)

18. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നടത്തിയ അവസാനത്തെ ബഹുജന പ്രക്ഷോഭം ഏതായിരുന്നു?

ക്വിറ്റ് ഇന്ത്യ സമരം (1942)

19.സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ച രാഷ്ട്രീയപാർട്ടി ഏതായിരുന്നു?

ഫോർവേഡ് ബ്ലോക്ക്

20. ഇന്ത്യൻ നാഷണൽ ആർമി ( INA ) രൂപീകരിച്ചതാര്?

റാഷ് ബിഹാരി ബോസ്

21. ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാവിഭാഗത്തിന്റെ ചുമതല ആർക്കായിരുന്നു?

ക്യാപ്റ്റൻ ലക്ഷ്മി

22.വളരെ പെട്ടെന്ന തന്നെ ഇന്ത്യയിലെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടാൻ ഗാന്ധിജിക്കുകഴിഞ്ഞു. അതിന്റെ കാരണങ്ങൾ എന്തെല്ലാം ?

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ദക്ഷിണാഫ്രിക്കയിൽ എത്തിയ ജനവിഭാഗ ങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ടതിലൂടെ ഗാന്ധിജി ഇന്ത്യയിലും സുപരിചിതനായി ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ സമരങ്ങൾ അദ്ദേഹത്തെ പ്രശസ്തനാക്കി. സാധാരണ ജനങ്ങളെ പോലെ വസ്ത്രം ധരിക്കുകയും ഭക്ഷണം കഴിക്കുകയും അവരുടെ ഭാഷയിൽ തന്നെ സംസാരിക്കുകയും ചെയ്തത് ഗാന്ധിജിയെ ജനകീയനാക്കി.തങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്ന രക്ഷകനായി ഗാന്ധിജിയെ സാധാരണക്കാർ വിലയിരുത്തി. സത്യാഗ്രഹത്തിലും അഹിംസയിലും അധിഷ്ഠിതമായ ആദ്യകാലസമരങ്ങൾ ഗാന്ധിജിയെ ജനസമൂഹത്തിന്റെ നേതാവാക്കി തീർത്തു .

23. ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി ആദ്യമായി ഇടപെട്ട ചില പ്രാദേശികസമരങ്ങൾ

| സമരം | പ്രദേശം | വർഷം |
|---|---|---|
| ചമ്പാരനിലെ നീലം കർഷകരുടെ സമരം | ബീഹാർ | 1917 |
| അഹമ്മദാബാദിലെ തുണിമിൽ സമരം | ഗുജറാത്ത് | 1918 |
| ഖേഡയിലെ കർഷകസമരം | ഗുജറാത്ത് | 1918 |

24.റൗലറ്റ് നിയമം കുറിപ്പെഴുതുക.

ഭീകരവാദ പ്രവർത്തനങ്ങൾ തടയാനെന്നപേരിൽ പൗരാവകാശങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് 1919 ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ നിയമമാണിത്. ഇത് പാസാക്കാൻ നിർദ്ദേശം നൽകിയ കമ്മറ്റിയുടെ അധ്യക്ഷൻ സർ സിഡ്നി റൗലറ്റ് ആയി രുന്നു .

25.ജാലിയൻവാലാബാഗ് കൂട്ടക്കൊല കുറിപ്പെഴുതുക.

റൗലറ്റ് നിയമ വിരുദ്ധ സമരങ്ങൾക്ക് പഞ്ചാബിൽ നേതൃത്വം നൽകിയ സെയ്ഫുദ്ദീൻ കിച്ച്ലു , സത്യപാൽ എന്നിവരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിക്കാനായി 1919 ഏപ്രിൽ 13 ന് ജനങ്ങൾ അമൃതസറിലെ ജാലിയൻവാലാബാഗിൽ ഒത്തുകൂടി. പട്ടാള മേധാവിയായ ജനറൽ ഡയർ തന്റെ ഉത്തരവ് ലംഘിച്ചു എന്ന് വ്യാഖ്യാനിച്ചു കൊണ്ട് യാതൊരു മുന്നറിയിപ്പുമില്ലാതെ മൂന്നു വശവും കെട്ടിടങ്ങളാൽ ചുറ്റപ്പെട്ട മൈതാനത്തിന്റെ പ്രവേശന കവാടത്തിൽ പട്ടാളക്കാരെ നിരത്തി വെടിവെക്കാൻ ഉത്തരവിട്ടു .നൂറ്കണക്കിനാളുകൾ കൊല്ലപ്പെട്ടു.ഈ സംഭവം ജാലിയൻവാലാബാഗ് കൂട്ടക്കൊല എന്ന പേരിൽ അറിയപ്പെടുന്നു.

26.<u>നിസ്സഹകരണസമരത്തിന്റെ സവിശേഷതകൾ :</u>

- അവധിലെ കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു.
- വടക്കൻ ആന്ധ്രയിലെ ഗിരിവർഗക്കാർ വനനിയമം ലംഘിച്ച് വനത്തിനുള്ളിൽ പ്രവേശിക്കുകയും ഉത്പന്നങ്ങൾ ശേഖരിക്കുകയും ചെയ്തു .
- ഉത്തർപ്രദേശിലെ കർഷകർ കോളനി ഉദ്യോഗസ്ഥരുടെ ചുമടുകളെടുക്കാൻ വിസമ്മതിച്ചു .
- വിദ്യാർഥികൾ ബ്രിട്ടീഷ് സർക്കാരിന്റെ സ്കൂളുകളും കോളേജുകളും ഉപേക്ഷിച്ചു .
- വക്കീലൻമാർ കോടതിയിൽ പോകാൻ വിസമ്മതിച്ചു .
- സ്ത്രീകളടക്കമുള്ള ജനങ്ങൾ വിദേശവസ്ത്രങ്ങൾ പൊതു നിരത്തുകളിൽ കൂട്ടിയിട്ട് കത്തിച്ചു

27.നിസ്സഹകരണസമരവുമായി ബന്ധപ്പെട്ട് ഗാന്ധിജി ആഹ്വാനം ചെയ്ത നിർമാണ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു?

- ചർക്കയിൽ നൂൽനൂറ്റ് ഖാദി വസ്ത്രങ്ങൾ നെയ്യുകയും
- ദേശീയവിദ്യാലയങ്ങൾ ആരംഭിച്ചു
- ഹിന്ദി പ്രചരിപ്പിച്ചു .
- അയിത്തോച്ചാടനപ്രവർത്തനങ്ങൾ നടത്തി .
  നിസ്സഹകരണസമരകാലത്ത് സ്ഥാപിക്കപ്പെട്ട ദേശീയ വിദ്യാലയങ്ങൾക്ക് ഉദാഹരണങ്ങൾ :കാശി വിദ്യാപീഠം , ഗുജറാത്ത് വിദ്യാപീഠം , ജാമിയമില്ലിയ.

28.ഖിലാഫത്ത് പ്രസ്ഥാനം ഒരു കുറിപ്പെഴുതുക

നിസ്സഹകരണസമരം നടക്കുന്ന അതേ കാലഘട്ടത്തിൽ ഇന്ത്യയിലെ ഖിലാഫത്ത് നേതാക്ക ളായ മൗലാനമുഹമ്മദലി , മൗലാനാഷൗക്കത്തലി എന്നിവരുടെ നേതൃത്വത്തിൽ

ഖിലാഫ ത്ത് പ്രസ്ഥാനം ശക്തി പ്രാപിച്ചു. ഖിലാഫത്ത് പ്രസ്ഥാനത്തെ ഇന്ത്യൻ ദേശീയപ്രസ്ഥാന ത്തോട് ചേർത്തുനിർത്തിയതിലൂടെ സ്വാതന്ത്ര്യ സമരത്തിൽ മുസ്ലീങ്ങളുടെ സജീവ സാനിധ്യം ഉറപ്പാക്കാൻ ഗാന്ധിജിക്കു കഴിഞ്ഞു .

ഗാന്ധിജി ഖിലാഫത്ത് നേതാക്കളോടൊപ്പം ഇന്ത്യയിലുടനീളം സഞ്ചരിച്ച് തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചു . തൽഫലമായി ബ്രിട്ടീഷുകാർക്കെതിരെ ഹിന്ദുമുസ്ലീം ഐക്യം ശക്തിപ്പെട്ടു.

29.ഗാന്ധിജി നിസ്സഹകരണ സമരം നിർത്തി വക്കാനിടയായ സാഹചര്യം എന്തായിരുന്നു?

ഉത്തർപ്രദേശിലെ ചൗരിചൗരാ എന്ന ഗ്രാമത്തിൽ ജനങ്ങൾക്കുനേരെ പോലീസ് വെടിവച്ചതിനെതിരെ രോഷാകുലരായ ജനങ്ങൾ പോലീസ്സ്റ്റേഷൻ ആക്രമിച്ച് തീയിട്ടു. 22 പോലീസുകാർ കൊല്ലപ്പെട്ടു അതിനാൽ നിസ്സഹകരണ പ്രസ്ഥാനം നിർത്തിവക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തു.

29.1929 ൽ ലാഹോറിൽ വച്ചുനടന്ന ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ് സമ്മേളനത്തിലെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു?

1.ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അന്തിമലക്ഷ്യം പൂർണസ്വരാജ് അഥവാ സംമ്പൂർണ്ണ സ്വാതന്ത്ര്യം ആണെന്ന് ഈ സമ്മേളനം പ്രഖ്യാപിച്ചു.

2.ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽനിയമലംഘനമാരംഭിക്കാൻ തീരുമാനിച്ചു.

30.സിവിൽ നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവച്ച ആവശ്യങ്ങൾ എന്തെല്ലാം ?

1.ഉപ്പുനികുതി എടുത്തുകളയുക

2.കൃഷിക്കാർക്ക് 50 ശതമാനം നികുതി ഇളവുനൽകുക

3.വിദേശവസ്തുങ്ങളുടെ ഇറക്കുമതിക്കു ചുമത്തുന്ന നികുതി വർദ്ധിപ്പിക്കുക

4.രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക

5.സൈനികച്ചെലവും ഉയർന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും വെട്ടിക്കുറക്കുക

6.ഇന്ത്യക്കാരെ നിരീക്ഷിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള രഹസ്യാന്വേഷണ വിഭാഗത്തെ പിരിച്ചുവിടുക

7.തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക

8.സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക

31.ഉപ്പ് സമരായുധമായി തിരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം ?

a.ബ്രിട്ടീഷ് സർക്കാരിന്റെ നികുതി വരുമാനത്തിന്റെ അഞ്ചിൽ രണ്ടുഭാഗവും ഉപ്പിനുമേൽ ചുമത്തുന്ന നികുതിയായിരുന്നു

b.ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു

c.തദ്ദേശീയരായ ചെറുകിട ഉപ്പുൽപ്പാദകർക്കുമേൽ ഉപ്പുണ്ടാക്കുന്നതിന് നികുതി ഏർപ്പെടുത്തി

d.ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർദ്ധിച്ചു

e.സാധാരണക്കാരെ ഉണർത്താനുതകുന്ന ഒരു മുദ്രാവാക്യമായിരുന്നു ഇത്

32.ഉപ്പിനെ സമരായുധമാക്കിയതിലൂടെ ഗാന്ധിജിക്ക് എന്തിനെല്ലാം കഴിഞ്ഞു?

- നിസ്സാരമെന്ന് തോന്നുന്ന ജനകീയ പ്രശ്നങ്ങളെ പോലും ശക്തമായ സമരായുധമാക്കാൻ സാധിക്കുമെന്ന് തെളിയിച്ചു.
- വൻതോതിൽ ജനകീയ പിന്തുണ നേടുന്നതിൽ വിജയിച്ചു
ബ്രിട്ടീഷ് സർക്കാരിന്റെ ചൂഷണം എറ്റവും ലളിതമായി ജനങ്ങളെ ബോധ്യപ്പെടുത്തി

33.ക്വിറ്റിന്ത്യാസമരത്തിന് കാരണമായ ഘടകങ്ങൾ:

- ഇന്ത്യയിൽ ഭരണഘടനാപരിഷ്കാരം നടപ്പാക്കുന്നതിൽ ബ്രിട്ടൻ കാണിച്ച വൈമനസ്യം.
- വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി
രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടുമെന്ന തോന്നൽ

33.ക്വിറ്റിന്ത്യാസമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്കു നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം ?

- നാട്ടുരാജാക്കൻമാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം.
- കർഷകർ ഭൂനികുതി കൊടുക്കാൻ കൂട്ടാക്കരുത്.
- സർക്കാർ ജീവനക്കാർ രാജിവക്കാതെ ദേശീയ പ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം

- പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്കുനേരെ വെടിവക്കാൻ വിസമ്മതിക്കണം.
- സ്വാതന്ത്ര്യപ്രാപ്തിവരെ പിടിച്ചു നിൽക്കാൻ കഴിയുമെങ്കിൽ വിദ്യാർഥികൾ പഠനം ഉപേക്ഷിക്കണം

34 ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സുഭാഷ് ചന്ദ്രബോസിന്റെ പങ്ക് വിവരിക്കുക.

- സുഭാഷ് ചന്ദ്രബോസ് ഫോർവേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയ പാർട്ടിക്ക് രൂപം നൽകി
- ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി റാഷ് ബിഹാരി ബോസ് രൂപീകരിച്ച ഇന്ത്യൻ നാഷ്ണൽ ആർമി [INA] യുടെ നേതൃത്വം സുഭാഷ് ചന്ദ്രബോസ് ഏറ്റെടുത്തു .
- സിംഗപ്പൂരിൽ വച്ച് സ്വതന്ത്രഭാരതത്തിന് ഒരു താൽക്കാലിക ഗവൺമെന്റ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ചു .
- ബ്രിട്ടീഷുകാരെ ഇന്ത്യൻ മണ്ണിൽനിന്ന് തുരത്തിയോടിക്കുവാനുള്ള സമരം നടത്തുക എന്നതായിരുന്നു താൽക്കാലിക ഗവൺമെന്റിന്റെ പ്രധാന ചുമതല .
- ഇന്ത്യൻ നാഷ്ണൽ ആർമിയുടെ വനിതാവിഭാഗമായി ഝാൻസി റാണി റെജിമെന്റ് രൂപീകരിച്ചു .
- ഇതിന്റെ ചുമതല മലയാളിയായ ക്യാപ്റ്റൻ ലക്ഷ്മിക്കായിരുന്നു .

## അധ്യായം : 7
## സ്വാതന്ത്ര്യാനന്തര ഇന്ത്യ

1 നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിനായി ലയനകരാർ തയ്യാറാക്കാൻ പട്ടേലിനെ സഹായിച്ചതാര്?

വി പി മേനോൻ

2.റ്റാറ്റാ ഓഫ് ഫണ്ടമെന്റൽ റിസർച്ച് ,ഇന്ത്യൻ ആണവോർജ കമ്മീഷൻ എന്നീ ശാസ്ത്ര സ്ഥാപനങ്ങൾക്ക് നേതൃത്വം നൽകിയതാര്?

ഹോമിജഹാംഗീർ ഭാഭ

3. നെഹ്റുവിന്റെയും വിക്രം സാരാഭായിയുടെയും ശ്രമഫലമായി ഇന്ത്യൻ ബഹിരാ കാശ ഗവേഷണ സംഘടനാ രൂപംകൊണ്ടത് എന്ന്?

1969

4.ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം എവിടെയാണ്?

തുമ്പ

5.ഇന്ത്യയുടെ ആദ്യത്തെ ചന്ദ്രപരീക്ഷണ ദൗത്യം എന്തുപേരിൽ അറിയപ്പെടുന്നു?

ചന്ദ്രയാൻ

6.ഇന്ത്യയുടെ ആദ്യത്തെ ചൊവ്വാദൗത്യം എന്തുപേരിൽ അറിയപ്പെടുന്നു?

മംഗൾയാൻ

7.ഇന്ത്യയുടെ വിദേശ നയത്തിന്റെ ശില്പി ആര്?

നെഹ്റു

8.ഇന്ത്യയും ചൈനയും തമ്മിൽ പഞ്ചശീല തത്വങ്ങൾ ഒപ്പിട്ടതെന്ന്?

1954

9.ഇന്ത്യയുടെ വിദേശനയതിന്റെ കാതലായ തത്വം എന്താണ്?

ചേരിചേരായ്മ

10 ഫ്രാൻസിന്റെ ഇന്ത്യയിലെ അധിനിവേശപ്രദേശങ്ങൾ:

പോണ്ടിച്ചേരി , കാരക്കൽ , മാഹി , യാനം

11 പോണ്ടിച്ചേരി , കാരക്കൽ , മാഹി , യാനംഇന്ത്യയോട് ചേർക്കപ്പെട്ട വർഷം

1954

12 പോർച്ചുഗലിന്റെ ഇന്ത്യയിലെ അധിനിവേശപ്രദേശങ്ങൾ :

ഗോവ , ദാമൻ , ദിയു

13.ഗോവ , ദാമൻ , ദിയുഇന്ത്യയോട് ചേർക്കപ്പെട്ട വർഷം

1961

14.സംസ്ഥാന  പുനസംഘടനാകമ്മിഷനിലെ അംഗങ്ങൾ ആരെല്ലാം ?

ഫസൽ അലി, ഹൃദയനാദ് ഖുൻസ്രു , കെ എം പണിക്കർ

15.നാട്ടുരാജ്യങ്ങളുമായി ബന്ധപ്പെട്ട ലയന കരാറിലെ പ്രധാന വ്യവസ്ഥ എന്തായിരുന്നു ?

പ്രതിരോധം , വാർത്താവിനിമയം , വിദേശകാര്യം എന്നീ വകുപ്പുകൾ നാട്ടുരാജ്യങ്ങൾ കേന്ദ്ര സർക്കാറിനുകൈമാറണം

16.ഇന്ത്യൻ യൂണിയനിൽ ചേരാതിരുന്ന നാട്ടുരാജ്യങ്ങൾ ഏതെല്ലാം?

ഹൈദരാബാദ്,കാശ്മീർ,ജൂനഗഡ്

17.ഫ്രാൻസ്,പോർട്ടുഗൽ എന്നീ വിദേശ ശക്തി കളുടെ കൈവശമുണ്ടായിരുന്ന പ്രദേശങ്ങൾ ഏതെല്ലാം? അവ സംയോജിപ്പിച്ചതെങ്ങനെ?

പോണ്ടിച്ചേരി , കാരക്കൽ , മാഹി , യാനം എന്നീ  പ്രദേശങ്ങൾ ഫ്രാൻസിന്റെ കൈയ്യിലും. ഗോവ , ദാമൻ , ദിയു എന്നീ പ്രദേശങ്ങൾ  പോർട്ടുഗലിന്റെ കൈവശവുമായിരുന്നു. ജനകീയ  പ്രക്ഷോഭത്തെ തുടർന്ന് 1954 ൽ ഫ്രാൻസ് അധീനപ്രദേശങ്ങൾ വിട്ടുനൽകി. സൈനി ക നടപടിയിലൂടെ 1961 ൽ  പോർട്ടുഗലിന്റെ കൈവശമുണ്ടായിരുന്ന പ്രദേശങ്ങളും ഇന്ത്യൻ യൂണിയനിൽ കൂട്ടിചേർത്തു.

18.സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്രമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം ?

- നെഹ്റുവിന്റെ നേതൃത്വത്തിൽ ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ ഇന്ത്യ അദ്ഭുതപൂർവമായ നേട്ടങ്ങളാണ് കൈവരിച്ചത്. നിരവധി ഗവേഷണസ്ഥാപനങ്ങൾ നിലവിൽ വന്നു.
- ശാസ്ത്ര വ്യാവസായിക ഗവേഷണസമിതി സ്ഥാപിച്ചു.
- ഇന്ത്യൻ കാർഷിക ഗവേഷണസമിതി.
- ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി.

- റ്റാറ്റാ ഓഫ് ഫണ്ടമെന്റൽ റിസർച്ച്.
- ഇന്ത്യൻ ആണവോർജ കമ്മീഷൻ.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി 1954 നം 1964 നമിടയിൽ സ്ഥാപിതമായി. ലോകോത്തരനിലവാരമുള്ള നിരവധി എഞ്ചിനിയറിങ് വിദ്യാലയങ്ങൾ അക്കാലത്ത് സ്ഥാപിതമായി. തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസം , ബയോമെഡിക്കൽ എഞ്ചിനിയറിങ് , ജനിതകശാസ്ത്രം ജൈവസാങ്കേതികവിദ്യ , ആരോഗ്യം , ഗതാഗതം , സമുദ്രഗവേഷണം , വിവരസാങ്കേതികവിദ്യ ആണവോർജം എന്നീമേഖലകളിൽ ഇന്ത്യ വൻ നേട്ടം കൈവരിച്ചു.

19.സ്വാതന്ത്ര്യാനന്തര ഇന്ത്യ ബഹിരാകാശ രംഗത്ത് കൈവരിച്ച പ്രധാന നേട്ടങ്ങൾ :

- സ്വാതന്ത്ര്യാനന്തരം ബഹിരാകാശഗവേഷണരംഗത്ത് ഇന്ത്യ നിരവധി പര്യവേഷണങ്ങൾ നടത്തി.
- തിരുവനന്തപുരത്തിനടുത്തുള്ള തുമ്പയിലാണ് ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം സ്ഥാപിതമായത്.
- 1962 ൽ നെഹ്റുവിന്റെയും വിക്രം സാരാഭായിയുടെയും ശ്രമഫലമായി ഇന്ത്യൻ ദേശീയ ബഹിരാകാശഗവേഷണസമിതി രൂപീകൃതമായി.
- 1969 ISRO യുടെ രൂപീകരണത്തോടെ ഇന്ത്യൻ ബഹിരാകാശഗവേഷണത്തിന്റെ നേതൃത്വം ഇതിന്റെ കീഴിലായി.
- ഇന്ത്യൻ ബഹിരാകാശഗവേഷകരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി 1975 ൽ ആര്യഭട്ട ഉപഗ്രഹവിക്ഷേപണം വിജയകരമായി നടന്നു.
- ഉപഗ്രഹങ്ങൾക്കുപുറമെ ബഹിരാകാശ വിക്ഷേപണ വാഹനങ്ങളും ഇന്ത്യ വികസിപ്പിച്ചെടുത്തു.
- ഉപഗ്രഹങ്ങൾ നിർമിക്കാനും വിക്ഷേപിക്കാനും കഴിവുള്ള ഏക വികസ്വരരാഷ്ട്രം എന്ന ബഹുമതി ഇന്ത്യ നേടിയെടുത്തു.
- ഇന്ത്യയുടെ ആദ്യത്തെ ചന്ദ്രപരീക്ഷണദൗത്യമായ ചന്ദ്രയാന് 2008 ഒക്ടോബറിൽ തുടക്കംകുറിച്ചു.
- ഇന്ത്യൻ ബഹിരാകാശവകുപ്പിന്റെ ചൊവ്വാദൗത്യത്തിന്റെ പേരാണ് മംഗൾയാൻ. ചന്ദ്രയാൻ-2 വിക്ഷേപിച്ചത് 22 ജൂലൈ 2019 ലാണ്.

20. സ്വാതന്ത്ര്യാനന്തര ഇന്ത്യ വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച പ്രധാന നേട്ടങ്ങൾ

| കമ്മീഷനുകൾ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| ഡോ. രാധാകൃഷ്ണൻ കമ്മീഷൻ 1948 | സർവകലാശാലാവിദ്യാഭ്യാസത്തെ കുറിച്ചുള്ള പഠനം | തൊഴിലധിഷ്ഠിതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക, സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം , UGC രൂപീകരിക്കണം |
| ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ 1952 | സെക്കണ്ടറി വിദ്യാഭ്യാസത്തെ കുറിച്ചുള്ള പഠനം | ത്രിഭാഷ പദ്ധതി നടപ്പിലാക്കണം ,സെക്കണ്ടറ ി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കണം , വിവിധോദ്ദേശസ്കൂളുകൾ സ്ഥാപിക്കണം , അദ്ധ്യാപക പരിശീലന സമിതി രൂപീകരിക്കണം |
| ഡോ. ഡി എസ് കോത്താരി കമ്മീഷൻ 1964 | വിദ്യാഭ്യാസത്തിന്റെ ദേശീയമാതൃകയേ പറ്റിയുള്ള നിർദ്ദേശം | 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം , സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം , ധാർമിക വിദ്യാഭ്യാസത്തിന് ഊനൽ നൽകണം |

21.1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രധാനനിർദ്ദേശങ്ങൾ

- പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം
- പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കാനും സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കണം

- ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം
- പെൺ കുട്ടികളുടെ വിദ്യാഭ്യാസത്തിനു പ്രോത്സാഹനം നൽകണം

22.പഞ്ചശീലതത്വങ്ങൾ

1954 ൽ ചൈനയുമായി അതിർത്തി തർക്കമുണ്ടായപ്പോൾ ഇന്ത്യ ചൈനയുമായി ഒപ്പിട്ട കരാറാണ് പഞ്ചശീലതത്വങ്ങൾ. ജവഹർലാൽനെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗ എൻ ലായിയുമാണ് സംയുക്ത കരാറിലൊപ്പുവച്ചത്.

പഞ്ചശീലതത്വങ്ങൾ :

- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക
- പരസ്പരം ആക്രമിക്കാതിരിക്കുക
- ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
- സമത്വവും പരസ്പരസഹായവും പുലർത്തുക
- സമാധാനപരമായ സഹവർത്തിത്വം പാലിക്കുക

## അധ്യായം : 8 കേരളം ആധുനീകതയിലേക്ക്

1.മാർത്താണ്ഡവർമ്മ ഡച്ചുകാരെ പരാജയപ്പെടുത്തിയ യുദ്ധം?

കുളച്ചൽ യുദ്ധം

2.ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിതകലാപം?

ആറ്റിങ്ങൽ കലാപം

3.കേരള സിംഹം എന്നറിയപെടുന്നത് ആരെയാണ് ?

പഴശ്ശിരാജ

4.കുണ്ടറവിളംബരം പുറപ്പെടുപ്പിച്ച വ്യക്തി?

വേലുതമ്പി ദളവ

5.മലയാള ഭാഷയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ ഗ്രന്ഥം?

സംക്ഷേപവേദാർത്ഥം

6.ആരുടെ നേതൃത്വത്തിൽ ആണ് ഗുരുവായൂർ സത്യാഗ്രഹം നടന്നത്?

കെ.കേളപ്പൻ

7.മലബാർ ബ്രിട്ടീഷുകാരുടെ അധീനതയിൽ ആയത് ഏത് ഉടമ്പടി പ്രകാരമാണ് ?

ശ്രീരംഗപട്ടണം സന്ധി

8.വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം നൽകിയത് ?

ടി.കെ മാധവൻ

9.ഗുരുവായൂർ സത്യാഗ്രഹത്തിന്റെ വളണ്ടിയർ ക്യാപ്റ്റൻ?

എ.കെ.ഗോപാലൻ

10.ഈഴവ മെമ്മോറിയ നേതൃത്വം ന.കിയതാര്?

ഡോ.പൽപ്പു.

11.മലയാളത്തിലെ ആദ്യവർത്തമാനപത്രം?ആരാണ് പ്രസിദ്ധികരിച്ചത് ?

രാജ്യസമാചാരം,ഹെർമ്മൻ ഗുണ്ടർട്ട് .

12 ക്ഷേത്രപ്രവേശനവിളബംരം പുറപ്പെടുവിച്ച വർഷം?

1936

13.ഒന്നേകാൽകോടി മലയാളികൾ എന്ന പുസ്തകത്തിന്റെ രചയിതാവ് ?

ഇ.എം.എസ് നമ്പൂതിരിപ്പാട് .

14.മലബാറിലെ ദേശീയപ്രസ്ഥാനത്തിന് നേതൃത്വം നൽകിയ വനിത?

എ.വി.കുട്ടിമാളു അമ്മ

15.പോർച്ചുഗീസുകാർക്കെതിരെ പടനയിച്ച സാമൂതിരിയുടെ നാവികപടത്തലവൻ?

കുഞ്ഞാലിമരയ്ക്കാർ

16.വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണ് എന്ന പ്രഖ്യാപനത്തോടെ ശ്രീനാരായണഗുരു സർവമതസമ്മേളനം വിളിച്ചുകൂട്ടിയത് എവിടെ?

ആലുവയിൽ

17.യോഗക്ഷേമ സഭ സ്ഥാപകൻ ആര് ?

വി.ടി.ഭട്ടതിരിപ്പാട് .

18.കേരളസംസ്ഥാനം രൂപീകൃതമായത് എന്ന്?

1956 നവംബർ 1

19. പഴശ്ശിക്കലാപങ്ങൾക്കുള്ള കാരണമെന്ത്?
കേരളവർമ്മ പഴശ്ശിരാജ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ മലബാറിൽ ചെറുത്തുനിൽപ്പുകൾ നടത്തി.മുൻ ധാരണപ്രകാരം കോട്ടയം പ്രദേശത്തെ നികുതി പിരിവധികാരം പഴശ്ശിക്ക് നൽകാതിരുന്നതും ബ്രിട്ടീഷുകാർ വയനാടിന് മേൽ അവകാശവാദം ഉന്നയിച്ചതുമാണ് പഴശ്ശികലാപങ്ങൾക്ക് കാരണം.എടച്ചേന കുങ്കൻ ,തലയ്ക്കൽ ചന്തു തുടങ്ങിയവരുടെ സഹായത്തോടെ പഴശ്ശി ബ്രിട്ടീഷുകാർക്കെതിരെ ഒളിപ്പോർ നടത്തി. 1805 നവംബർ 30 ന് പഴശ്ശി മരണമടഞ്ഞു.

3. ശ്രീനാരായണ ഗുരുവും സാമൂഹിക പരിഷ്കരണവും :
a. 1888 ൽ അരുവിപ്പുറത്ത് നടത്തിയ ശിവപ്രതിഷ്ഠയിലൂടെ അവർണ്ണർക്കും ക്ഷേത്രകർമ്മവും പൂജകളും ചെയ്യാൻ അവകാശമുണ്ടെന്ന് സ്ഥാപിച്ചു
b. വിജ്ഞാനത്തിന് പ്രാധാന്യം നൽകിയ ഗുരു ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാലയങ്ങളും വായനശാലകളും സ്ഥാപിച്ചു.
c. വിദ്യകൊണ്ട് പ്രബുദ്ധരാവാനും സംഘടനകൊണ്ട് ശക്തരാകാനും ഉദ്ബോധിപ്പിച്ചു
d. ആലുവയിൽ സർവമത സമ്മേളനം വിളിച്ചുകൂട്ടി. e. മനുഷ്യസ്നേഹത്തിനും സർവമതസാഹോദര്യത്തിനും പ്രാധാന്യം സൽകി.
4. വൈക്കം സത്യാഗ്രഹം
a. - 1924 ൽ,ടി കെ മാധവൻ ആയിരുന്നു നേതാവ്
b. വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തിലൂടെ സഞ്ചാരസ്വാതന്ത്ര്യത്തിനായി നടന്ന പ്രക്ഷോഭം
c. ഈ സമരത്തോട് അനുഭാവം പ്രകടിപ്പിച്ച് മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സവർണ്ണ ജാഥ സംഘടിപ്പിച്ചു.
d. സമരഫലമായി വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തിലൂടെ യാത്രചെയ്യാൻ അവർണ്ണജാതിക്കാർക്ക് അനുവാദം ലഭിച്ചു.
5. ഗുരുവായൂർ സത്യാഗ്രഹം
a. ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിലും പെട്ട ഹിന്ദുക്കൾക്ക് പ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1931 നടന്ന സമരം.
b. കെ കേളപ്പനായിരുന്നു നേതാവ്
c. എ കെ ഗോപാലനായിരുന്നു സമര വാളണ്ടിയർ ക്യാപ്റ്റൻ

d. ജനകീയ സമരത്തിനൊടുവിൽ 1936 നവംബർ 12 ന് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചു.തുടർന്ന് എല്ലാ വിഭാഗക്കാർക്കും ആരാധനാ സ്വാതന്ത്ര്യം ലഭിച്ചു

6. ദേശീയ പ്രസ്ഥാനവും സ്ത്രീകളും

a. ഗാന്ധിജിയുടെ വരവോടെയാണ് സ്ത്രീകൾ കൂടുതലായി ദേശീയപ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടത്.

b. വിദേശവസ്ത്ര ബഹിഷ്കരണം ,മദ്യഷാപ്പ് പിക്കറ്റിങ് , അയിത്തോച്ചാടനം,ഹരിജനോദ്ധാരണം, ഖാദി പ്രചാരണം എന്നിവ സ്ത്രീ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു.

c. 1931 ൽ കോൺഗ്രസ്സിന്റെ വടകര സമ്മേളന ഭാഗമായി മഹിളാസമ്മേളനം ചേർന്നു.ഇതാണ് കേരളത്തിലെ ആദ്യ മഹിളാസമ്മേളനം

d. മലബാറിൽ എ വി കുട്ടിമാളു അമ്മയും തിരുവിതാംകൂറിൽ അക്കമ്മ ചെറിയാൻ ,ആനി മസ്ക്രീൻ എന്നിവരും ദേശീയ പ്രക്ഷോഭത്തിന് നേതൃത്വം നൽകി.

## അധ്യായം : 9 രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

1. രാഷ്ട്രത്തിന്റെ ഘടകങ്ങൾ ഏതെല്ലാം

ജനങ്ങൾ , ഭൂപ്രദേശം , പരമാധികാരം , ഗവൺമെന്റ്

2. രാഷ്ട്രത്തിന്റെ ചുമതലകൾ ഏതെല്ലാം?

a. നിർബന്ധിതമായ ചുമതലകൾ - രാഷ്ട്രം എല്ലാകാലത്തും നിർബന്ധമായും നിർവഹിക്കേണ്ട ചുമതലകൾ.

ഉദാ. അതിർത്തിസംരക്ഷണം,ആഭ്യന്തര സമാധാനം,അവകാശ സംരക്ഷണം,നീതി നടപ്പാക്കൽ.

b. വിവേചനപരമായ ചുമതലകൾ - രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവഹിക്കേണ്ട ചുമതലകൾ

ഉദാ. വിദ്യാഭ്യാസം,ആരോഗ്യസംരക്ഷണം,ക്ഷേമപദ്ധതികൾ,ഗതാഗതസൗകര്യം ഒരുക്കുക

3. രാഷ്ട്രരൂപീകരണസിദ്ധാന്തങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക?

a. ദൈവദത്ത സിദ്ധാന്തം - രാഷ്ട്രം ദൈവസൃഷ്ടിയാണ്,രാജാവ് ദൈവത്തിന്റെ പ്രതിപുരുഷനാണ്,രാജാവിന് ദൈവത്തോട്

മാത്രമാണ് കടപ്പാട്.

b. പരിണാമ സിദ്ധാന്തം - രാഷ്ട്രം ചരിത്രസൃഷ്ടിയാണ്,സാമൂഹികപരിണാമ പ്രക്രിയയുടെ ഫലമായി രൂപം കൊണ്ടു.

c. സാമൂഹിക ഉടമ്പടി സിദ്ധാന്തം - ജനങ്ങളുണ്ടാക്കിയ ഒരു കരാറിലൂടെ രാഷ്ട്രം രൂപം കൊണ്ടു.

d. ശക്തി സിദ്ധാന്തം - ശക്തർ ദുർബലരുടെ മേൽ ആധിപത്യം സ്ഥാപിച്ചതിലൂടെ രാഷ്ട്രം രൂപീകരിക്കപ്പെട്ടു.

4. പൗരത്വം എന്നാലെന്ത്?

ഒരു രാജ്യത്തെ പൂർണ്ണവും തുല്യവുമായ അംഗത്വമാണ് പൗരത്വം . പൗരത്വം രണ്ടുതരം.

a. സ്വാഭാവിക പൗരത്വം - ജന്മനാ ലഭിക്കുന്ന പൗരത്വമാണ് സ്വാഭാവിക പൗരത്വം.

b. ആർജ്ജിത പൗരത്വം - ഒരു രാജ്യത്തു നിലവിലുള്ള നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്ന പൗരത്വമാണ് ആർജ്ജിത പൗരത്വം.

5. രാഷ്ട്രവും പൗരനും തമ്മിലുള്ള ബന്ധം

രാഷ്ട്രം പൗരന് രാഷ്ട്രീയ അവകാശങ്ങളും പൗരാവകാശങ്ങളും ഉറപ്പുനൽകുമ്പോൾ പൗരന് രാഷ്ട്രത്തോട് നിരവധി കടമകൾ ഉണ്ട്.

## അധ്യായം : 10 പൗരബോധം

1 ആധുനിക സമൂഹത്തിലെ ഓരോ അംഗവും അറിയപ്പെടുന്നത്?

പൗരൻ

2 മറ്റുള്ളവരിൽ നിന്നും സ്വീകരിക്കുന്ന സഹകരണവും പിന്തുണയും തിരികെനൽകുക എന്നത് ഉയർന്ന ___________ അടയാളമാണ്

ജനാധിപത്യബോധത്തിന്

3 ജനാധിപത്യത്തിന്റെ അടിസ്ഥാനമെന്ത് ?
എല്ലാവരും നിയമവിധേയരാണ്
4 നൻമതിൻമകൾ തിരിച്ചറിഞ്ഞ് നൻമയെ സ്വീകരിക്കുകയും കടമകളും ഉത്തരവാദിത്വങ്ങളും നിർവഹിക്കുകയും ചെയ്യുക എന്നതാണ്________
ധാർമികത

5. പൗരബോധം എന്നാലെന്ത്?

ഓരോ പൗരനും സമൂഹത്തിനുവേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമ താൽപ്പര്യങ്ങളാണ് പൗരഅധ്യായം : 10 ന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം

6. പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ ഏതെല്ലാം?

a. കുടുംബം b. വിദ്യാഭ്യാസം c. സംഘടനകൾ d. സാമൂഹിക വ്യവസ്ഥ e. മാധ്യമങ്ങൾ f. ജനാധിപത്യ വ്യവസ്ഥ

7. പൗരബോധം വളർത്തിയെടുക്കുന്നതിൽ കുടുംബത്തിന്റെ പങ്കെന്ത്?

a. മുതിർന്നവരെ ബഹുമാനിക്കാനും സമൂഹസേവനത്തിലേർപ്പെടാനും നാം പഠിക്കുന്നത് പ്രാഥമിക സ്ഥാപനമായ കുടുംബത്തിൽ നിന്നാണ്

b. അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുന്നതിലും നിലനിർത്തുന്നതിലും കുടുംബം വലിയ പങ്കുവഹിക്കുന്നു.

c. കുടുംബത്തിൽനിന്നുള്ള പ്രചോദനവും പ്രോത്സാഹനവും പലപ്പോഴും ഉന്നതമായ പൗരബോധം വളർത്തും

8 പൗരബോധമില്ലാത്ത സമൂഹത്തിലുണ്ടാകാവുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

നിസ്വാർത്ഥതവർധിക്കും
സമൂഹം വ്യക്തികേന്ദ്രീകൃതമാകും
അസഹിഷ്ണുത വർധിക്കും
പൊതുനിയമങ്ങൾ ലംഘിക്കപ്പെടും
പൊതുയിടങ്ങളിലെ പെരുമാറ്റം മോശമാകും
വിഭവചൂഷണം വർധിക്കും
സാമ്പത്തിക അസമത്വം അനിയന്ത്രിതമാകും
സമൂഹത്തിൽ അസ്വസ്ഥതയും സംഘർഷങ്ങളും വർ

9. പൗരബോധം രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്കെന്ത്?

a. വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ

വ്യക്തിയെ പ്രാപ്തനാക്കുന്നു.

b. മൂല്യബോധം,സഹിഷ്ണുത,നേതൃത്വഗുണം,പരിസ്ഥിതിബോധം,ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ സഹായിക്കും.

c. മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സമീപനത്തിലൂടെ പൗരബോധം ജനങ്ങളിലെത്തിക്കാൻ സാധിക്കും.

d.ശാസ്ത്ര-സാങ്കേതിക വിദ്യകൾ സമൂഹത്തിന് ഗുണകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കും.

10. പൗരബോധം വളർത്തുന്നതിൽ സംഘടനകളുടെ പങ്കെന്ത്?

a. രാഷ്ട്രീയവും,സാമൂഹികവും,സാമ്പത്തികവും,സാംസ്കാരികവുമായ നിരവധി സംഘടനകൾ സമൂഹത്തിലുണ്ട്.

b. ദേശീയബോധവും പൗരബോധവും വളർത്തുന്നതിൽ സംഘടനകൾ പ്രധാന പങ്കുവഹിക്കുന്നു

c. പാരിസ്ഥിതിക അവബോധവും മനുഷ്യാവകാശബോധവും വ്യക്തികളിൽ സൃഷ്ടിക്കാൻ സംഘടനകൾക്ക് സാധിക്കും.

d. അധികാരവും,അവകാശവും ലഭ്യമാക്കി ജനങ്ങളെ ശാക്തീകരിക്കുന്നതിൽ രാഷ്ട്രീയ സംഘടനകൾ വലിയ പങ്കുവഹിക്കുന്നു

e. ഓരോ വ്യക്തിയുടേയും ചിന്തയേയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്തുന്നതിൽ വിവിധ സംഘടനകളുടെയും പ്രത്യയ
ശാസ്ത്രകാഴ്ചപ്പാടുകളുടെയും സ്വാധിനം ഉണ്ട്.

11. പൗരബോധം വളർത്തുന്നതിൽ മാധ്യമങ്ങളുടെ പങ്കെന്ത്?

a. പൗരബോധം രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങൾക്ക് വലിയ സ്ഥാനമുണ്ട്.
അച്ചടിമാധ്യമങ്ങളും ,ഇലക്ട്രോണിക് മാധ്യമങ്ങളും
സമൂഹത്തെ വളരെയധികം സ്വാധീനിക്കുന്നു

b. വാർത്തകളും വിവരങ്ങളും ജനങ്ങളിൽ എത്തിക്കുന്നത് മാധ്യമങ്ങളാണ്.

c. ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മകമായ ആശയരൂപീകരണത്തിലേക്ക് നയിക്കും

d. മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം.മാധ്യമ വിവരങ്ങളെ നാം വിമർ ശനാത്മകമായി വിലയിരുത്തണം

12 പൗരബോധരൂപീകരണത്തിൽ ജനാധിപത്യവ്യവസ്ഥക്കുള്ള പങ്കെന്ത് ?

പൗരബോധത്തിന് അനിവാര്യമായ ഒരു ഘടകമാണ് ജനാധിപത്യം. പൗരബോധം

വളർത്തുന്ന എല്ലാഘടകങ്ങൾക്കും അടിസ്ഥാനം ജനാധിപത്യമാണ്. ജനാധിപത്യം എന്നത് ഒരു ഭരണക്രമം എന്നതിലുപരി ഒരു ജീവിതശൈലിയാണ്. പ്രവർത്തനങ്ങളിൽ ജനാധിപത്യ ശൈലി ഉണ്ടാകുകയും പരസ്പരസഹകരണ മനോഭാവത്തോടെ പെരുമാറുകയും വേണ്ടത് ജനാധിപത്യത്തിന് അനിവാര്യമാണ്.

13 പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളി എന്ത് ?

പൊതുതാത്പര്യങ്ങളെ അവഗണിച്ച് സ്വന്തം താത്പര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറാവുന്നതാണ് പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളി.

14 പൗരബോധം നേരിടുന്ന വെല്ലുവിളികളെ മറികടക്കാനുള്ള മാർഗങ്ങൾ എന്തെല്ലാം ?

ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങൾ വിമർശനപരമായി വിലയിരുത്തുക
പൊതുതാത്പര്യങ്ങളെ ഹനിക്കാതെ സ്വന്തം താത്പര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക
മറ്റുള്ളവരിൽ നിന്നും പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽനിന്നുതന്നെ തുടങ്ങുക
ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക
അവകാശങ്ങളോടൊപ്പം ചുമതലകൾക്കും തുല്യപരിഗണനനൽകുക

## അധ്യായം : 11 സമൂഹശാസ്ത്രം : എന്ത് ? എന്തിന് ?

1.സമൂഹശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നതാരെ?
അഗസ്റ്റ് കോംതെയെ
2 ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തതത്വങ്ങൾ സമൂഹപഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകനാര് ?

ഹെർബർട്ട് സ്പെൻസർ
3 ഇന്ത്യയിൽ ഏത് സർവകലാശാലയിലാണ് സമൂഹശാസ്ത്രപഠനവകുപ്പ് ആരംഭിച്ചത് ?

ബോംബെ സർവകലാശാലയിൽ

4 വിവരശേഖരണത്തിനായി ഗവേഷകർ ഉപയോഗിക്കുന്ന ചോദ്യങ്ങളുടെ പട്ടികയാണ് ________

ചോദ്യാവലി.

5 ആരുടെ ചിന്തകളാണ് സമൂഹശാസ്ത്രപഠനത്തിന് അടിത്തറപാകിയത് ?

അഗസ്റ്റ് കോംതെ

6. പ്രധാന പാശ്ചാത്യ (യൂറോപ്യൻ) സമൂഹശാസ്ത്ര ചിന്തകർ ആരെല്ലാം?

അഗസ്റ്റ് കോംതെ, ഹെർബർട്ട് സ്പെൻസർ, കാൾ മാർക്സ്, എമൈൽ ദുർഖിം, മാക്സ് വെബർ

7.ഇന്ത്യയിൽ സമൂഹശാസ്ത്രപഠനത്തിന് സംഭാവനനൽകിയ ചിന്തകർ?

ജി എസ് ഘുര്യേ , എ ആർ ദേശായി , എസ് സി ദുബെ , എം എൻ ശ്രീനിവാസ് , ഡി പി മുഖർജി

8.സമൂഹശാസ്ത്രത്തിൽ ഉപയോഗിക്കുന്ന പഠനരീതികൾ ഏതെല്ലാം?

a. സോഷ്യൽ സർവേ

b. അഭിമുഖം

c. നിരീക്ഷണം

d. കേസ് സ്റ്റഡി

9. സോഷ്യൽ സർവേ യുടെ സവിശേഷതകളെന്തെല്ലാം?

a. സാമൂഹിക വിഷയങ്ങൾ പഠിക്കാൻ ഏറ്റവും അനുയോജ്യമായ ഒരു പഠനരീതിയാണിത്.

b. തെരഞ്ഞെടുത്ത ഒരു സംഘം ജനങ്ങളിൽനിന്ന് ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാന ത്തിൽ പഠനവിഷയത്തെക്കുറിച്ച്സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കാൻ സർവേ സഹായിക്കുന്നു.

c. സാമൂഹിക സർവേയിൽ വിവരശേഖരണത്തിന് മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലികൾ ഉപയോഗിക്കുന്നു.

d. വിവരശേഖരണത്തിന് ഗവേഷകർ ഉപയോഗിക്കുന്ന ചോദ്യങ്ങളുടെ പട്ടികയാണ് ചോദ്യാവലി.

e. പഠനവിധേയമാകുന്ന സംഘമാണ് പ്രതികർത്താക്കൾ.ചോദ്യാവലി ഇവർക്ക് നൽ കിയാണ് വിവരശേഖരണം നടത്തുന്നത്.

f. പ്രതികർത്താക്കൾ പൂരിപ്പിച്ച് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഠനം നടത്തുന്നു

10. അഭിമുഖത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

a. ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ b. ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ച ധാരണ രൂപീകരിക്കൽ

c. ഉചിതമായ ചോദ്യങ്ങൾ ഒരുക്കൽ

d. ഫലവത്തായ രീതിയിലുള്ള ആശയവിനിമയം

e. സമയക്രമീകരണം

f. ലഭിച്ച വിവരങ്ങൾ ക്രമപ്പെടുത്തലും റിപ്പോർട്ട് തയ്യാറാക്കലും

7. നിരീക്ഷണരീതിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക?

a. സമൂഹശാസ്ത്രപഠനത്തിലെ അടിസ്ഥാനപരമായ രീതിയാണ് നിരീക്ഷണം.

b. കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണ് നിരീക്ഷണം

c. അഭിമുഖം പോലുള്ള രീതികൾ പ്രായോഗികമല്ലാത്ത സന്ദർഭങ്ങളിലും മറ്റും

നിരീക്ഷണരീതിക്ക് ഉയർന്ന സാധ്യതയുണ്ട്.

11. നിരീക്ഷണം എത്ര തരം ഏതെല്ലാം?

രണ്ട തരത്തിലുണ്ട് - പങ്കാളിത്ത നിരീക്ഷണം , പങ്കാളിത്ത രഹിത നിരീക്ഷണം

12. പങ്കാളിത്ത നിരീക്ഷണം പങ്കാളിത്ത രഹിത നിരീക്ഷണം താരതമ്യം ചെയ്യുക?

<u>പങ്കാളിത്ത നിരീക്ഷണം</u>

a. നിരീക്ഷകൻ പഠനമേഖലയിൽ നിന്ന് നേരിട്ട് വിവരം ശേഖരിക്കുന്ന രീതിയാണിത്.

b. സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ

ജീവിതത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്ന രീതിയാണിത്.

c. ഇതിനായി ഗവേഷകൻ അവരുടെ ഭാഷ,സംസ്കാരം എന്നിവ പഠിക്കുകയും അവരുടെ ദൈനംദിന ജീവിതത്തിൽ പങ്കാളിയാവുകയും

ചെയ്യുന്നു.

d. ഇതുവഴി പ്രകടമല്ലാത്ത പെരുമാറ്റരീതികൾ വരെ പഠനവിധേയമാക്കാൻ

കഴിയുന്നു.ഇതിനെ ഫീൽഡ് വർക്ക് എന്നും വിളിക്കാറുണ്ട് .

<u>പങ്കാളിത്ത രഹിത നിരീക്ഷണം :</u>

ഇതിൽ സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് പഠനം

നടത്തുന്നില്ല.

പകരം പുറത്തുനിന്ന് നിരീക്ഷണം നടത്തുകയാണ് ചെയ്യുന്നത്.

13. കേസ് സ്റ്റഡി യുടെ സവിശേഷതകളെന്തെല്ലാം?

a. അപൂർവവും വേറിട്ടതുമായ സാമൂഹിക പ്രതിഭാസങ്ങളെക്കുറിച്ചും പ്രശനങ്ങളെക്കുറിച്ചും ആഴത്തിൽ പഠിക്കാനാണ് കേസ് സ്റ്റഡി പ്രയോജനപ്പെടുത്തുന്നത്.

b. ഇത്തരം പഠനങ്ങൾ സൂക്ഷ്മവും സമഗ്രവുമായിരിക്കും.

c. ഈ പഠനരീതി ഉപയോഗിച്ച് പഠനവിധേയമാക്കുന്ന വിഷയത്തെ കേസ് എന്ന് പറയുന്നു.

d. കേസിനെക്കുറിച്ചുള്ള വിശദമായ പഠനമാണ് കേസ് സ്ററഡി.

സാമൂഹ്യശാസ്ത്രം - II

അധ്യായം : 1 ഋതുഭേദങ്ങളും സമയവും

1.അച്ചുതണ്ടിന്റെ ചരിവും ഭൂമിയുടെ പരിക്രമണവും ________________________ന് കാരണമാകുന്നു.

സൗരോർജത്തിന്റെ ഏറ്റകുറച്ചിൽ

2.ഭൂമിയുടെ സഞ്ചാരപഥത്തിന്റെ ആകൃതി_______________________________

ദീർഘവൃത്താകൃതി

3.ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണതലത്തിൽനിന്നുള്ള ചരിവ് ______________ആണ്

$66\ {}^{1}/_{2}{}^{0}$

4.ഭൂമിയുടെ അച്ചുതണ്ടിന് ലംബതലത്തിൽ നിന്നുള്ള ചരിവ് _________________ആണ്

$23\ {}^{1}/_{2}{}^{0}$

5.$0^0$ അക്ഷാംശത്തിന്റെ പേര്_______________________________

ഭൂമധ്യരേഖ

6.23 $^{1}/_{2}{}^{0}$ വടക്ക് ഭാഗത്തുള്ള അക്ഷാംശ രേഖയാണ്_________________________

ഉത്തരായനരേഖ

7.23 $^{1}/_{2}{}^{0}$ തെക്ക് ഭാഗത്തുള്ള അക്ഷാംശ രേഖയാണ്_________________________

ദക്ഷിണായന രേഖ

8.ഋതു ഭേദങ്ങൾക്കുള്ള കാരണം ________________________________ആണ്.

സൂര്യന്റെ അയനം

9.എല്ലാ ഋതുക്കളുടേയും സവിശേഷതകൾ അനുഭവപ്പെടുന്ന മേഖല ഏത്?

മധ്യ അക്ഷാംശമേഖല / മിതോഷ്ണമേഖല

10.സൂര്യന്റെ ആപേക്ഷികസ്ഥാനം ഭൂമധ്യരേഖയ്ക്ക് നേർമുകളിലാകുന്നത് എന്ന്?

മാർച്ച് 21,സെപ്തംബർ 23

11.സൂര്യന്റെ ആപേക്ഷികസ്ഥാനം ഉത്തരായനരേഖക്ക് നേർമുകളിലാകുന്നത് എന്ന്?

ജൂൺ 21

12.സൂര്യന്റെ ആപേക്ഷികസ്ഥാനം ദക്ഷിണായനരേഖക്ക് നേർമുകളിലാകുന്നത് എന്ന്?

ഡിസംബർ 22

13.സൂര്യന്റെ ആപേക്ഷികസ്ഥാനം ഭൂമധ്യരേഖയ്ക്ക് നേർമുകളിലാകുന്ന ദിനം _________ എന്നറിയപ്പെടുന്നു.

വിഷുവങ്ങൾ /സമരാത്രദിനങ്ങൾ

14.സൂര്യന്റെ ആപേക്ഷികസ്ഥാനം ഉത്തരായനരേഖക്ക് നേർമുകളിലാകുന്നദിനം _______ എന്നറിയപ്പെടുന്നു.

ഗ്രീഷ്മ അയനാന്തദിനം

15.സൂര്യന്റെ ആപേക്ഷികസ്ഥാനം ദക്ഷിണായനരേഖക്ക് നേർമുകളിലാകുന്നദിനം _______________ എന്നറിയപ്പെടുന്നു.

ശൈത്യ അയനാന്തദിനം

16.മാർച്ച് 21 മുതൽ ജൂൺ 21 വരെ ഉത്തരാർദ്ധഗോളത്തിൽ അനുഭവപ്പെടുന്ന കാലം ഏത്?

വസന്തകാലം

17.ഉത്തരാർദ്ധഗോളത്തിൽ  വസന്തകാലമായിരിക്കുമ്പോൾ ദക്ഷിണാർദ്ധഗോളത്തിൽ ഏത് കാലമായിരിക്കും

ഹേമന്തം

18.ദക്ഷിണാർദ്ധഗോളത്തിൽ ശൈത്യമായിരിക്കുമ്പോൾ ഉത്തരാർദ്ധഗോളത്തിൽ ഏത് കാലമായിരിക്കും

ഗ്രീഷ്മം

19.ഉത്തരാർദ്ധഗോളത്തിൽ  ശൈത്യകാലമായിരിക്കുമ്പോൾ ദക്ഷിണാർദ്ധഗോളത്തിൽ ഏത് കാലമായിരിക്കും

ഗ്രീഷ്മം

**32**

20.ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായനരേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ __________________എന്ന് വിളിക്കുന്നു.

ഉത്തരായനം

21.ഉത്തരായനരേഖയിൽ നിന്നും ദക്ഷിണായനരേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ __________________എന്ന് വിളിക്കുന്നു.

ദക്ഷിണായനം

22.ഒരുസ്ഥലത്തെ സൂര്യന്റെ സ്ഥാനത്തെ ആധാരമാക്കി നിർണയിക്കുന്ന സമയത്തെ ____________________ എന്ന് പറയുന്നു.

പ്രാദേശിക സമയം

23.ഒരു രാജ്യത്തിന്റെ  മധ്യഭാഗത്തുകൂടി കടന്നുപോകുന്ന രേഖാംശരേഖ ________________ ആണ്.

മാനകരേഖാംശം

24 മാനകരേഖാംശരേഖയെ അടിസ്ഥാനമാക്കിയുള്ള സമയമാണ്________________________

സ്റ്റാൻഡേർഡ് സമയം

25.$0^0$ രേഖാംശരേഖ  _______________________________എന്നറിയപ്പെടുന്നു.

ഗ്രീനിച്ച് രേഖ

26.______________________രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടേയുമുള്ള സമയം നിർണയിക്കുന്നത്

ഗ്രീനിച്ച് രേഖ

27.ഒരുമണിക്കൂർ വീതം വ്യത്യാസമുള്ള _________________ സമയമേഖലയായി ലോകത്തെ തിരിച്ചിരിക്കുന്നു.

28.മാനകരേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ ________________

മാനകസമയം

29.ഇന്ത്യയുടെ മാനകരേഖാംശ രേഖ ഏത്?

$82^{1}/_{2}{}^{0}$ പൂർവരേഖാംശം

30.$180^0$ രേഖാംശ രേഖ ________________________________________എന്നറിയപ്പെടുന്നു.

അന്താരാഷ്ട്ര ദിനാങ്കരേഖ

31 പരിക്രമണം :

ദീർഘവൃത്താകൃതിയിലുള്ള സഞ്ചാര പഥത്തിലൂടെ ഭൂമി സൂര്യനെ വലം വക്കുന്നതാണ് പരിക്രമണം.

32.അച്ചുതണ്ടിന്റെ സമാന്തരത :

ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണതലത്തിൽ നിന്ന് അറുപത്തിയാറര ഡിഗ്രിയും(66.5), ലംബതലത്തിൽ നിന്ന്

ഇരുപത്തിമൂന്നര ഡിഗ്രിയും(23.5) ചരിവുണ്ട്.പരിക്രമണ വേളയിലുടനീളം ഭൂമി ഈ ചരിവ് നിലനിർത്തുന്നു.ഇതാണ് അച്ചുതണ്ടിന്റെ സമാന്തരത എന്ന് പറയുന്നത്.

33.ഋതുഭേദങ്ങൾക്ക കാരണമാകുന്ന ഘടകങ്ങൾ:

- ഭൂമിയുടെ പരിക്രമണം
- അച്ചുതണ്ടിന്റെ ചരിവ്
- അച്ചുതണ്ടിന്റെ സമാന്തരത
- സൂര്യന്റെ അയനമാറ്റം
-

34 സൂര്യന്റെ അയനം :

അച്ചുതണ്ടിന്റെ സമാന്തരത മൂലം ഭൂമിക്ക് ആപേക്ഷികമായി സൂര്യന്റെ സ്ഥാനത്തിൽ മാറ്റമുണ്ടാകുന്നു. ഉത്തരായന-ദക്ഷിണായന രേഖക്ക് ഇടയിലാണ് സൂര്യന് ആപേക്ഷികമായ സ്ഥാന മാറ്റമുണ്ടാകുന്നത്.ഇതാണ് സൂര്യന്റെ അയനം.

35.സമരാത്രദിനങ്ങൾ അഥവാ വിഷുവങ്ങൾ :

സൂര്യന്റെ ആപേക്ഷികസ്ഥാനം ഭൂമധ്യരേഖക്ക് നേർമുകളിലാകുന്ന മാർച്ച് 21,സെപ്റ്റമ്പർ 23 എന്നീ ദിനങ്ങളാണ് സമരാത്രദിനങ്ങൾ. സൂര്യൻ ഭൂമധ്യരേഖയ്ക്ക് നേർ മുകളിലായിരിക്കുമ്പോൾ ഉത്തര ദക്ഷിണ അർദ്ധഗോളങ്ങളിൽ തുല്യ അളവിൽ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ ഈ ദിനങ്ങളിൽ രണ്ട് അർദ്ധഗോളങ്ങളിലും പകലുകളുടെ അളവ് തുല്യമായിരിക്കും. മാര്ച്ച് 21 വസന്തവിഷുവവും, സെപ്തംബർ 23 ശരത് വിഷുവവുമാണ്.

36.ഉത്തരായനവും ദക്ഷിണായനവും താരതമ്യം ചെയ്യുക

ദക്ഷിണായന രേഖയിൽ നിന്ന് ഉത്തരായന രേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ഉത്തരായനം എന്ന് പറയുന്നു.

ഉത്തരായന രേഖയിൽ നിന്ന് ദക്ഷിണായന രേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ദക്ഷിണായനം എന്ന് പറയുന്നു.

37.പ്രാദേശികസമയം:

ഓരോ സ്ഥലത്തും സൂര്യന്റെ ഉച്ചനിലയെ ആധാരമാക്കി നിർണ്ണയിക്കുന്ന സമയമാണ് പ്രാദേശികസമയം

38.ഭ്രമണം :

ഭൂമി സ്വന്തം അച്ചുതണ്ടിനെ ആധാരമാക്കി കറങ്ങുന്നതാണ് ഭ്രമണം.ഇത് പടിഞ്ഞാറുനിന്ന് കിഴക്കോട്ടാണ്.

39.മെറീഡിയൻ:

ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണ്ണയിക്കപ്പെടുന്നത് എന്നതിനാൽ ഈ രേഖ മെറീഡിയൻ എന്ന് വിളിക്കപ്പെടുന്നു.

40.ഗ്രീനിച്ച് സമയം :

ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയമാണ് ഗ്രീനിച്ച് സമയം

41.സമയമേഖലകൾ:

ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ഒരു മണിക്കൂർവീതം സമയവ്യത്യാസമുള്ള 24 സമയമേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു ഇവയാണ് സമയമേഖലകൾ.

42 മാനകസമയം:

ലോകത്തിലെ ഓരോ രാജ്യവും ആ രാജ്യത്തിന്റെ മധ്യത്തിലൂടെ കടന്നുപോകുന്ന പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ മാനകസമയം.

43.ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം

- ഇന്ത്യയുടെ ഏകദേശം മധ്യത്തിലൂടെ കടന്നുപോകുന്ന (82.5) ഡിഗ്രി പൂർവ്വരേഖാംശം
- ഇന്ത്യയുടെ പ്രാദേശിക സമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം.
- ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീനിച്ച് സമയത്തിൽ നിന്ന് അഞ്ചര മണിക്കൂർ (5.30)മുന്നിലാണ് (കൂടുതലാണ്.)

44.അന്താരാഷ്ട്ര ദിനാങ്കരേഖ :

180 ഡിഗ്രി അന്താരാഷ്ട്ര ദിനാങ്കരേഖ.ഈ രേഖയുടെ കിഴക്കോട്ട് ഒരു ദിവസം കുറവും പടിഞ്ഞാറോട്ട് ഒരു ദിവസം കൂടുതലും ആയിരിക്കും. .

45.സമയം നിർണയിക്കുന്നതെങ്ങനെ?

Step 1 – രേഖാംശരേഖകൾ തമ്മിലുള്ള വ്യത്യാസം കാണുക(LD) (ഒരേ ദിശയിലായാൽ കിഴിക്കുക.I വ്യത്യസ്ഥ ദിശയിലായാൽ കൂട്ടുക)

Step 2 -സമയവ്യത്യാസം കാണുക(TD)(രേഖാംശരേഖകൾ തമ്മിലുള്ളവ്യത്യാസം x4)

.Step 3- സമയ വ്യത്യാസത്തെ മണിക്കൂറിലാക്കാൻ(TDH)( സമയവ്യത്യാസം x60)

Step 4- സമയം കാണുക(തന്നിരിക്കുന്ന രേഖാംശത്തിന്റെ കിഴക്കുള്ള രേഖാംശത്തിന്റെ സമയം കാണുന്നതിന് കൂട്ടുക, തന്നിരിക്കുന്ന രേഖാംശത്തിന്റ പടിഞ്ഞാറുള്ള സമയം കാണുന്നതിന് കിഴിക്കുക)

അധ്യായം : 2 കാറ്റിന്റെ ഉറവിടം തേടി

1. അന്തരീക്ഷമർദം എന്നാലെന്ത്

അന്തരീക്ഷവായു ചെലുത്തുന്ന ഭാരമാണ് അന്തരീക്ഷമർദം .

അന്തരീക്ഷമർദം അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം ഏത്?

രസബാരോമീറ്റർ

അന്തരീക്ഷമർദം കണക്കാക്കാൻ ഉപയോഗിക്കുന്ന ഏകകം?

ഹെക്ടോപാസ്കൽ, മില്ലിബാർ എന്നീ ഏകകങ്ങളിലാണ് ഇത് രേഖപ്പെടുത്തുന്നത്.

2. അന്തരീക്ഷമർദത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

പ്രദേശത്തിന്റെ ഉയരം,താപം,ആർദ്രത

3. സമമർദരേഖകൾ എന്നാലെന്ത്?

ഒരേ അന്തരീക്ഷമർദമുള്ള സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വരയ്ക്കുന്ന സാങ്കൽപ്പിക രേഖകളാണ് സമമർദരേഖകൾ.

4 ആഗോളമർദമേഖലകൾ ഏതെല്ലാം?

ഉപോഷ്ണ ഉച്ചമർദമേഖല 30 ഡിഗ്രി വടക്കും 30 ഡിഗ്രി തെക്കും

ഉപധ്രുവീയ ന്യൂനമർദമേഖല 60 ഡിഗ്രി വടക്കും 60 ഡിഗ്രി തെക്കും

ധ്രുവീയ ഉച്ചമർദമേഖല 90 ഡിഗ്രി വടക്കും 90 ഡിഗ്രി തെക്കും

5. ആഗോളവാതങ്ങൾ  ഏതെല്ലാം?

a. വാണിജ്യവാതങ്ങൾ

b. പശ്ചിമവാതങ്ങൾ

c. ധ്രുവീയവാതങ്ങൾ

6. കാറ്റിന്റെ വേഗതയേയും ദിശയേയും സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

a. മർദചെരിവുമാനബലം b.കോറിയോലിസ് പ്രഭാവം c. ഘർഷണം

3. മർദചെരിവുമാനബലം എന്നാലെന്ത്?

മർദചെരിവ് കൂടുതലാണെങ്കിൽ കാറ്റിന്റെ വേഗത കൂടുതലായിരിക്കും. മർദചെരിവു കുറവാണെങ്കിൽ കാറ്റിന്റെ വേഗത കുറവായിരിക്കും

7. കോറിയോലിസ് പ്രഭാവം എന്നാലെന്ത്?

ഭൗമോപരിതലത്തിൽ സ്വതന്ത്രമായി ചലിക്കുന്ന വസ്തുക്കൾക്ക് ഭ്രമണം നിമിത്തം ഉത്തരാർ ദഗോള ത്തിൽ സഞ്ചാരദിശയ്ക്ക് വലത്തോട്ടും ദക്ഷിണാർദഗോളത്തിൽ സഞ്ചാരദിശയ്ക്ക് ഇടത്തോട്ടും വ്യതിചലനമുണ്ടാകുന്നു.ഇതിന് കാരണമാകുന്ന ബലത്തെ കോറിയോലിസ് ബലം എന്ന് വിളിക്കുന്നു.

8. ഫെറൽനിയമം എന്നാലെന്ത്?

കോറിയോലിസ് ബലത്തെ അടിസ്ഥാനമാക്കി കാറ്റിന്റെ ദിശാവ്യതിചലനത്തെക്കുറിച്ച് അഡ്മിറൽ ഫെറൽ അവതരിപ്പിച്ച നിയമമാണ് ഫെറൽനിയമം.ഇതനുസരിച്ച് കാറ്റിന്റെ സഞ്ചാരദിശ ഉത്തരാർദഗോളത്തിൽ വലത്തോട്ടും ദക്ഷിണാർദഗോളത്തിൽ ഇടത്തോട്ടും ആയിരിക്കും.

9. കാലികവാതങ്ങൾ എന്നാലെന്ത്?

കാലികമായ മാറ്റങ്ങൾക്കനുസൃതമായി വീശുന്ന കാറ്റുകളാണിവ. മൺസൂൺ കാറ്റുകൾ കാലികവാതമാണ്.

10. മൺസൂണിന്റെ രൂപം കൊള്ളലിന് കാരണമാകുന്ന ഘടകങ്ങൾ :

a. സൂര്യന്റെ അയനം b. കോറിയോലിസ് പ്രഭാവം c. താപനത്തിലെ വ്യത്യാസങ്ങൾ

11. കരക്കാറ്റും കടൽക്കാറ്റും താരതമ്യം ചെയ്യുക

കരയും കടലും അസന്തുലിതമായി ചൂടുപിടിക്കുകയും തണുക്കുകയും ചെയ്യുന്നതാണ് ഈ കാറ്റുകൾക്ക് കാരണം

കരക്കാറ്റ് - രാത്രികാലങ്ങളിൽ കര കടലിനെ അപേക്ഷിച്ച് തണുക്കുന്നതിനാൽ കരയിൽ ഉച്ചമർദവും കടലിൽ ന്യൂനമർദവും ആയി രിക്കും.അപ്പോൾ കരയിൽനിന്ന് കടലിലേക്ക് വീശുന്ന കാറ്റാണ് കരക്കാറ്റ്.

കടൽക്കാറ്റ് - പകൽ കര പെട്ടെന്ന് ചൂടാകുന്നതിനാൽ കരയിൽ ന്യൂനമർദവും കടലിൽ ഉച്ചമർദവുമായിരിക്കും.അപ്പോൾ താരതമ്യേനതണുത്തവായു കടലിനു മുകളിൽനിന്ന് തീരത്തേയ്ക്ക് വീശുന്നു.ഇതാണ് കടൽക്കാററ്.

താഴ്വരകാറ്റ് ,പർവ്വതകാറ്റ്  താരതമ്യം ചെയ്യുക. താഴ്വരകാറ്റ് -പകൽസമയത്ത് താഴ്വാരത്തെ വായു ചൂടുപിടിച്ച് ഉയർന്ന് പർവ്വതച്ചെരിവിലൂടെ വീശുന്നു. ഇതാണ് താഴ്വരകാറ്റ് .

പർവ്വതകാറ്റ് -രാത്രികാലങ്ങളിൽ പർവതപ്രദേശത്തെ തണുപ്പുമൂലം വായു തണുത്ത് താഴ്വാരത്തേയ്ക്ക് വീശുന്നു. ഇതാണ് പർവ്വതകാറ്റ് .

12. പ്രാദേശികവാതങ്ങൾ ഏതെല്ലാം?

മറ്റ് കാറ്റുകളെ അപേക്ഷിച്ച് താരതമ്യേന ചെറിയപ്രദേശത്തു മാത്രമായി അനുഭവപ്പെടുന്ന കാറ്റുകളാണിവ.

പ്രധാന പ്രാദേശികവാതങ്ങൾ

ചിനൂക്ക് -വടക്കേ അമേരിക്കയിലെ റോക്കി പർവതനിരയുടെ കിഴക്കൻ ചരിവിലൂടെ വീശുന്നു

ഫൊൻ -യൂറോപ്പിലെ ആൽപ്സ് പർവതനിരയുടെ തെക്കൻ താഴ്വാരത്ത് വീശുന്നു

ഹർമാറ്റൻ -ആഫ്രിക്കയിലെ സഹാറാ മരുഭൂമിയിൽനിന്ന് പടിഞ്ഞാറൻ ആഫ്രിക്കയിലേക്ക് വീശുന്നു

ലൂ -ഉത്തരേന്ത്യൻ സമതലങ്ങളിൽ വീശുന്ന ഉഷ്ണകാറ്റാണിത്

13. അസ്ഥിരവാതങ്ങൾ എന്നാലെന്ത്?

ചില പ്രത്യേക അന്തരീക്ഷ അവസ്ഥകളിൽ രൂപംകൊള്ളുന്നതും തികച്ചും വ്യത്യസ്ത സ്വഭാവ സവിശേഷതകളോടുകൂടിയതുമായ കാറ്റുകളാണ് അസ്ഥിരവാതങ്ങൾ. ചക്രവാതങ്ങളും പ്രതിചക്രവാതങ്ങളും അസ്ഥിരവാതങ്ങളാണ്.

ചക്രവാതങ്ങൾ : അന്തരീക്ഷത്തിൽ ഒരു ന്യൂനമർദപ്രദേശവും അതിനുചുറ്റുമായി ഉച്ചമർദവും സൃഷ്ടിക്കപ്പെടുന്നത് ചക്രവാതങ്ങൾ രൂപം കൊള്ളുന്നതിന് കാരണമാകുന്നു. കോറിയോലിസ് പ്രഭാവത്താൽ ഉത്തരാർധ ഗോളത്തിലെ ചക്രവാതങ്ങളിൽ കാറ്റുവീശുന്നത് എതിർ ഘടികാരദിശയിലും ദക്ഷിണാർദഗോളത്തിൽ ഘടികാരദിശയിലും ആണ്.

പ്രതിചക്രവാതങ്ങൾ: ഉച്ചമർദ കേന്ദ്രങ്ങളിൽ നിന്നും ചുറ്റുമുള്ള ന്യൂനമർദ പ്രദേശങ്ങളിലേയ്ക്ക് ശക്തമായി കാറ്റ് ചുഴറ്റി വീശുന്ന പ്രതിഭാസമാണ് പ്രതിചക്രവാതങ്ങൾ.കോറിയോലിസ്

പ്രഭാവത്താൽ ഉത്തരാർധ ഗോളത്തിലെ പ്രതിചക്രവാതങ്ങളിൽ കാറ്റുവീശുന്നത് ഘടികാരദിശയിലും ദക്ഷിണാർദഗോളത്തിൽ എതിർഘടികാരദിശയിലും ആണ്.

മാംഗോഷവേഴ്സ് ഉഷ്ണകാലത്ത് ദക്ഷിണേന്ത്യയിൽ വീശുന്ന പ്രാദേശിക വാതമാണിത്

അധ്യായം : 3 മാനവവിഭവശേഷി വികസനം ഇന്ത്യയിൽ

1.ജനസംഖ്യ, അതിന്റെ എണ്ണത്തിൽ വരുന്ന മാറ്റം, ഘടനാപരമായ സവിശേഷതകൾ തുടങ്ങിയവ വിശകലനം ചെയ്യുന്ന സാമൂഹ്യശാസ്ത്ര ശാഖ ഏതാണ്?

ജനസംഖ്യാശാസ്ത്രം

2. ഇന്ത്യയിൽ സെൻസസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സ്ഥാപനം ഏതാണ്?

പോപുലേഷൻ രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണറുടെ ഓഫീസ്

3 . ആറുവയസ്സുവരെയുള്ള കുട്ടികളുടെ സമഗ്രവികസനത്തിനുവേണ്ടിയുള്ള പദ്ധതിയുടെ പേര് എന്താണ്?

സംയോജിത ശിശുവികസന സേവന പരിപാടി( ICDS )

4 . സാർവത്രിക വിദ്യാഭ്യാസം ഹയർ സെക്കന്ററി വരെ ഉറപ്പാക്കുന്നതിനുള്ള പദ്ധതിയുടെ പേര് എന്ത്?

സമഗ്ര ശിക്ഷാ അഭിയാൻ(SSA)

5. യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയുടെ പേര്?

നാഷണൽ സ്കിൽ ഡവലപ്പ്മെന്റ് ആൻഡ് മോണിറ്ററി റിവാർഡ് സ്കീം

6 . ഗ്രാമീണ മേഖലയിൽ ആരോഗ്യസേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനുവേണ്ടി യുള്ള മിഷൻ ഏത്?

ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ

7 . നഗര മേഖലയിൽ ആരോഗ്യസേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള മിഷൻ ഏത്?

ദേശീയ നഗര ആരോഗ്യ മിഷൻ

8.മാനവവിഭവശേഷി വികസനം :

വിദ്യാഭ്യാസം, ആരോഗ്യപരിപാലനം പരിശീലനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതാണ് മാനവവിഭവശേഷി വികസനം

9.മാനവവിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ :

- വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവ് വികസിപ്പിക്കുന്നു.
- കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യം ഒരുക്കുന്നു
- വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം പരിശീലനം എന്നിവക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു
- രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നു.

10.മാനവവിഭവത്തിന്റെ ഗണപരവും ഗുണപരവുമായ സവിശേഷതകൾ

a. ഗണപരമായ സവിശേഷതകൾ- ജനസംഖ്യാ വലുപ്പം, ജനസാന്ദ്രത, ജനസംഖ്യാ വളർച്ച ജനസംഖ്യാഘടന,പ്രായഘടന, സ്ത്രീ- പുരുഷ അനുപാതം, തൊഴിൽ പങ്കാളിത്ത നിരക്ക് ആശ്രയത്വനിരക്ക്, ജനനനിരക്ക്.

b. ഗുണപരമായ സവിശേഷതകൾ -വിദ്യാഭ്യാസം- സാക്ഷരതാ നിരക്ക്,ആരോഗ്യപരി പാലനം.

11 ജനസംഖ്യാ വലുപ്പം :

ഒരു നിശ്ചിത സമയത്ത് ഒരു രാജ്യത്ത് താമസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണമാണ് ആ രാജ്യത്തെ ജനസംഖ്യാവലുപ്പം, ജനസംഖ്യയെക്കുറിച്ച് വിശകലനം ചെയ്യുന്ന സാമൂഹ്യ ശാസ്ത്രശാഖയാണ് ജനസംഖ്യാശാസ്ത്രം.

12.ജനസംഖ്യകണക്കെടുപ്പ് സെൻസസ് :

ഓരോ രാജ്യവും നിശ്ചിത ഇടവേളകളിൽ രാജ്യത്തെ ജനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും വിശകലന വിധേയമാക്കുകയും ചെയ്യുന്ന പ്രവർത്തനം.

13.ജനസംഖ്യാപഠനത്തിന്റെ ആവശ്യകത എന്ത് ?

- ജനങ്ങളുടെ വിവിധ ആവശ്യങ്ങളുടെ അളവ് നിശ്ചയിക്കാനും പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യാനും സർക്കാറിന് സാധിക്കുന്നു.
- രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യത അറിയുക
- സാമൂഹിക - സാമ്പത്തിക വികസന നയങ്ങൾ രൂപീകരിക്കുക
- ജനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ എത്രയെന്നറിയുക

14.ജനസാന്ദ്രത :

ഒരു ചതുരശ്രകിലോമീറ്റർ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ എണ്ണമാണ് ജനസാന്ദ്രത.

15.ജനസംഖ്യാ വളർച്ച :

ഒരു പ്രദേശത്തെ ജനസംഖ്യയിൽ നിശ്ചിത കാലയളവിൽ ഉണ്ടാകുന്ന വർധനവാണിത് .ജനസംഖ്യ മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വർധിച്ചു എന്നതാണ് ജനസംഖ്യാ വളർച്ച നിരക്ക്

16.ഒരു രാജ്യത്തെ ജനസംഖ്യയിൽ മാറ്റം വരുത്തുന്ന ഘടകങ്ങൾ :

- ജനനനിരക്ക്
- മരണനിരക്ക്
- കുടിയേറ്റം

17.ജനനനിരക്ക് :

ആകെ ജനസംഖ്യയിൽ 1000 പേർക്ക് എത്ര കുഞ്ഞുങ്ങൾ ജീവനോടെ ജനിക്കുന്നു എന്നതാണ് ജനനനിരക്ക്

18.മരണനിരക്ക് :

ആകെ ജനസംഖ്യയിൽ 1000 പേരിൽ എത്ര മരണങ്ങൾ നടക്കുന്നു എന്നതാണ് മരണനിരക്ക്

19.കുടിയേറ്റം :

ഒരു പ്രദേശത്തുനിന്ന് ജനങ്ങൾ മറ്റൊരു പ്രദേശത്തേക്ക് താമസം മാറ്റുന്നതാണ് കുടിയേറ്റം.

20 ജനസംഖ്യാഘടന പ്രായഘടന :

ജനസംഖ്യയെ വിവിധ പ്രായക്കാരുടെ ഗ്രൂപ്പുകളായി തിരിച്ച് ആകെ ജനസംഖ്യയിൽ ഓരോ ഗ്രൂപ്പും എത്രയെന്ന് ആനുപാതികമായി വിശേഷിപ്പിക്കുന്നതാണ് പ്രായഘടന.

21.ഇന്ത്യയിലെ പ്രായഘടനാ ഗ്രൂപ്പുകൾ :

0-14 വയസ്സുവരെ

15-59 വയസ്സുവരെ

60 വയസ്സിനു മുകളിൽ.

22.തൊഴിൽ പങ്കാളിത്ത നിരക്ക് :

15 വയസ്സിനും 59 വയസ്സിനും ഇടയിൽ പ്രായമുള്ളവരിൽ തൊഴിലുള്ളവരും തൊഴിലന്വേഷകരുമായവരുടെ എണ്ണവും ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ പങ്കാളിത്ത നിരക്ക് .

16.ആശ്രയത്വനിരക്ക് :

0 മുതൽ 14 വയസ്സുവരെയുള്ളവരും 60 വയസ്സ് കഴിഞ്ഞവരും ആശ്രയത്വവിഭാഗത്തിൽ പ്പെടുന്നു. ആകെ ജനസംഖ്യയിൽ ഇവരുടെ അനുപാതത്തെ ആശ്രയത്വനിരക്ക് എന്ന് പറയുന്നു.

17. <u>സ്ത്രീ പുരുഷ അനുപാതം</u>

1000 പുരുഷന്മാർക്ക് എത്ര സ്ത്രീകൾ എന്നതാണ് സ്ത്രീ - പുരുഷ അനുപാതം

18.മെച്ചപ്പെട്ട മാനവവിഭവത്തിന്റെ പ്രയോജനങ്ങൾ സവിശേഷതകൾ :

- സാമ്പത്തിക അന്തരം കുറക്കാം.
- പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം
- സാമൂഹികക്ഷേമം ഉറപ്പുവരുത്താം
- തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത കൂട്ടാം
- സംരംഭകത്വം മെച്ചപ്പെടുത്താം
- മെച്ചപ്പെട്ട സാങ്കേതിക വിദ്യയുടെ വികസനവും ഉപയോഗവും സാധ്യമാകും.

19.വിദ്യാഭ്യാസം സാമ്പത്തിക വികസനത്തിലേക്ക് നയിക്കുന്ന വിധം :

- വിദ്യാഭ്യാസം വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു
- സാങ്കേതിക അറിവ് ലഭിക്കുന്നു
- മെച്ചപ്പെട്ട തൊഴിലുംവരുമാനവും നേടാനാവുന്നുജീവിത നിലവാരം ഉയരുന്നു

20.സാക്ഷരതാ നിരക്ക് :

ജനസംഖ്യയിൽ 100 പേരിൽ എത്ര പേർക്ക് ആശയം മനസ്സിലാക്കി എഴുതാനും വായിക്കാനും അറിയുന്നു എന്നതാണ് സാക്ഷരതാ നിരക്ക് .

21.വിദ്യാഭ്യാസവും തൊഴിൽ നൈപുണിയും മെച്ചപ്പെടുത്താൻ രാജ്യത്ത് നടപ്പാക്കുന്ന പദ്ധതികൾ :

<u>സംയോജിത ശിശുവികസന സേവന പരിപാടി</u>

- 6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം
- ഗർഭിണികളുടേയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം

<u>സർവശിക്ഷാ അഭിയാൻ</u>

- സാർവത്രിക പ്രാഥമികവിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക

- വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

- സെക്കന്ററി വിദ്യാഭ്യാസ ലഭ്യത ഉറപ്പുവരുത്തുക
- വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക

നാഷണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററിങ്

- യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക
- തൊഴിൽ വൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പുവരുത്തുക

രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ

- ഉന്നതവിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക
- ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക

വിദ്യാഭ്യാസ അവകാശ നിയമം -2009

- എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക

22.വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ :

- പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാത്ത ഒരു വിഭാഗം വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോകുന്നുണ്ട്
- വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവുണ്ട് .വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടേണ്ടതുണ്ട്

23.ആരോഗ്യം :

ശാരീരികമായും മാനസികമായും സാമൂഹികവുമായും ആയ സുസ്ഥിതിയാണ് ആരോ ഗ്യം എന്ന് ലോകാരോഗ്യസംഘടന നിർവചിക്കുന്നു.

24.ആരോഗ്യമുള്ള വ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നു :

- പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും
- തൊഴിൽ ദിനങ്ങളുടെ എണ്ണം വർധിക്കുന്നതുകൊണ്ടും കാര്യക്ഷമത കൂടുന്നതുകൊണ്ടും ഉല്പാദനം കൂടും
- ഉല്പാദന വർദ്ധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാകും
- ചികിത്സാച്ചെലവുകൾ കുറക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറക്കാനും കഴിയും

25. ആരോഗ്യപരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ :

- പോഷകാഹാരലഭ്യത
- ശുദ്ധജലലഭ്യത
- ശുചിത്വപരിപാലനം
- ചികിത്സാസൗകര്യങ്ങൾ
- രോഗപ്രതിരോധ സംവിധാനങ്ങൾ

26. ചികിത്സാരംഗത്ത് വിവിധ തലങ്ങളിലായി പ്രവര്ത്തിക്കുന്ന സ്ഥാപനങ്ങൾ :

- മെഡിക്കൽ കോളേജുകൾ
- ജില്ലാ ആശുപത്രികൾ
- സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ
- പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ

27. ഇന്ത്യയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്ന രണ്ട് ഏജൻസികൾ :

- ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ - ഗ്രാമീണമേഖലയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്നു.
- ദേശീയനഗരാരോഗ്യമിഷൻ 50000-ൽ അധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ മുഴവൻ ചേരിനിവാസികൾക്കും
- പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നു.

## അധ്യായം : 4 ഭൂതലവിശകലനം ഭൂപടങ്ങളിലൂടെ

11. ഇന്ത്യയില് ധരാതലീയ ഭൂപടനിര്മ്മാണ ചുമതല ______________ആണ്

സർവേ ഓഫ് ഇന്ത്യക്കാണ്

12. ധരാതലീയ ഭൂപടങ്ങൾ എന്നാലെന്ത്?

പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ എല്ലാ ഭൗമോപരിതല സവിശേഷതകളെയും വിശദമായി ചിത്രീകരിക്കുന്ന ഭൂപടങ്ങളാണ് ഇത്.

13. ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ എന്തെല്ലാം?

a. ഭൂപ്രദേശങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ സവിശേഷതകൾ വിശകലനം ചെയ്യുന്നതിന്

b. സൈനിക പ്രവർത്തനങ്ങൾക്കും,സൈനികഭൂപടങ്ങളുടെ നിർമ്മാണത്തിനും

c. നഗരാസൂത്രണ പ്രവർത്തനങ്ങൾക്ക്

d. വിഭവസംരക്ഷണത്തിനും വിഭവാസൂത്രണത്തിനും

14. ഗ്രിഡ് റഫറൻസ് എന്നാലെന്ത്?

a. ധരാതലീയ ഭൂപടങ്ങളിലെ ഭൂസവിശേഷതകളുടെ കൃത്യമായ സ്ഥാനനിർണ്ണയം നടത്തുന്ന രീതി.

b. ഗ്രിഡ് റഫറൻസിനായി ധരാതലീയ ഭൂപടങ്ങളിൽ വരച്ചിരിക്കുന്ന ചുവന്ന രേഖകളാണ് ഈസ്റ്റിങ്സ്, നോർത്തിങ്സ് എന്നിവ.

c. ഗ്രിഡ് റഫറൻസിനായി ആദ്യം ഈസ്റ്റിങ്സ് നമ്പറും പിന്നീട് നോർത്തിങ്സ് നമ്പറും രേഖപ്പെടുത്തണം.

15. ഈസ്റ്റിങ്സ് ,നോർത്തിങ്സ് താരതമ്യം ചെയ്യുക?

ഈസ്റ്റിങ്സ്

1. ധരാതലീയ ഭൂപടങ്ങളിൽ വടക്ക് - തെക്ക് ദിശയിൽ വരച്ചിട്ടുള്ള രേഖകളാണ് ഇത്.

2. ഇവയുടെ മൂല്യം കിഴക്കുദിശയിലേക്ക് പോകും തോറും കൂടിവരുന്നു

3. ഭൂപടത്തിലെ സവിശേഷതയുടെ തൊട്ട് ഇടത്തുവശത്തുള്ള ഈസ്റ്റിങ്സിന്റെ മൂല്യമാണ് പരിഗണിക്കുക.

നോർത്തിങ്സ് :

1. ധരാതലീയ ഭൂപടങ്ങളിൽ കിഴക്ക് - പടിഞ്ഞാറ് ദിശയിൽ വരച്ചിട്ടുള്ള രേഖകളാണ് ഇത്.

2. ഇവയുടെ മൂല്യം വടക്കുദിശയിലേക്ക് പോകും തോറും കൂടിവരുന്നു

3. ഭൂപടത്തിലെ സവിശേഷതയുടെ തൊട്ട് തെക്കായി കാണപ്പെടുന്ന നോർത്തിങ്സിന്റെ മൂല്യമാണ് പരിഗണിക്കുക..

16 കോണ്ടൂർ രേഖകൾ എന്നാലെന്ത്?

a. സമുദ്രനിരപ്പിൽനിന്ന് ഒരേ ഉയരത്തിലുള്ള സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ച് വരയ്ക്കുന്ന സാങ്കൽപ്പിക രേഖകളാണ് കോണ്ടൂർ രേഖകൾ.

b. അടുത്തടുത്തുള്ള രണ്ട് കോണ്ടൂർ രേഖകളുടെ മൂല്യവ്യത്യാസത്തെ കോണ്ടൂർ ഇടവേള എന്ന് പറയുന്നു.

17. കോണ്ടൂർ രേഖകളിൽ നിന്ന് മനസ്സിലാക്കാവുന്ന കാര്യങ്ങൾ എന്തെല്ലാം?

a. ഭൂപ്രദേശത്തിന്റെ ഉയരം b. ചരിവിന്റെ അളവ്

c. ഭൂരൂപത്തിന്റെ ആകൃതി

6. ധരാതലീയ ഭൂപട വിശകലനം ഏതെല്ലാം  തരത്തിൽ നടത്താം :

1. പ്രാഥമിക വിവരങ്ങൾ - ധരാതലീയ ഭൂപടത്തിലെ മാർജിനു പുറത്ത് നൽകിയിരിക്കുന്ന പൊതുവിവരങ്ങൾ.

2. ഭൗതിക സവിശേഷതകൾ - ഭൂപടത്തിലെ ജലാശയങ്ങൾ ,വിവിധ ഭൂരൂപങ്ങൾ ,മുതലായവ. ഉദാ. നദി ,അരുവി.

3. സാംസ്കാരിക സവിശേഷതകൾ - ഭൂപടത്തിലെ മനുഷ്യനിർമ്മിതമായ സവിശേഷതകൾ.ഉദാ.റോഡ്,വീട്...

## ആധ്യായം : 5 പൊതുചെലവും പൊതുവരുമാനവും

1. സർക്കാരിന്റെ വരുമാനമാണ് ____________

പൊതുവരുമാനം

2 നികുതി നൽകുന്ന വ്യക്തിയെ____________ എന്നുവിളിക്കുന്നു

നികുതിദായകൻ

3 കമ്പനികളുടെ അറ്റ വരുമാനത്തിൻമേൽ അഥവാ ലാഭത്തിൻമേൽ ചുമത്തുന്ന നികുതിയാണ് _______________

കോർപ്പറേറ്റ് നികുതി

4 ജി എസ് ടി സമിതിയുടെ ചെയർമാൻ ആര്?

കേന്ദ്രധനകാര്യമന്ത്രി

5 നികുതിക്കുമേൽ ചുമത്തുന്ന അധികനികുതിയാണ്_________________

സർച്ചാർജ്

6 സർക്കാർ വാങ്ങുന്ന വായ്പ്പകളാണ്_________________

പൊതുകടം

7.ഒരു സാമ്പത്തികവർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരവും ചെലവും വിശദമാക്കുന്ന ധനകാര്യരേഖയാണ് ________________

ബജറ്റ്.

8.പൊതുവരുമാനം,പൊതുചെലവ്,പൊതുകടം എന്നിവയേസംഭന്ധിച്ച സർക്കാർ നയമാ____________-

ധനനയം.

9. നികുതി എന്നാലെന്ത്?

ക്ഷേമ പ്രവർത്തനങ്ങൾ ,വികസന പ്രവർത്തനങ്ങൾ എന്നിങ്ങനെ പൊതുതാൽ പ്പര്യത്തിനുവേണ്ടിയുള്ള ചെലവുകൾ വഹിക്കാനായി ജനങ്ങൾ സർക്കാരിന് നിർബന്ധമായും നൽകേണ്ട പണമാണ് നികുതി.

10. പ്രത്യക്ഷനികുതി,പരോക്ഷനികുതി താരതമ്യം ചെയ്യുക

പ്രത്യക്ഷനികുതി

a നികുതി ചുമത്തപ്പെടുന്ന ആൾ തന്നെ നികുതി അടയ്ക്കുന്ന നികുതി  പ്രത്യക്ഷനികുതി

b നികുതിഭാരം നികുതിദായകൻ അറിയുന്നു

c നികുതി പിരിവിന് ചെലവ് താരതമ്യേന കൂടുതലാണ്

പരോക്ഷനികുതി

a ചുമത്തപ്പെടുന്നത് ഒരാളിലും നൽകുന്നത് മറ്റൊരാളും പരോക്ഷനികുതി

b നികുതിദായകർ നികുതിഭാരം അറിയുന്നില്ല

c നികുതി പിരിവിന് ചെലവ് താരതമ്യേന കുറവാണ്

11. പ്രത്യക്ഷനികുതികൾ ഏതെല്ലാം?

a. വ്യക്തിഗത ആദായ നികുതി

വ്യക്തികളുടെ വരുമാനത്തിൽ ചുമത്തുന്നത്

b. കോർപറേറ്റ് നികുതി -

കമ്പനികളുടെ ലാഭത്തിൻമേൽ ചുമത്തുന്നത്

12 ചരക്കു സേവന നികുതി (GST)യെക്കുറിച്ച് വിവരിക്കുക?

കേന്ദ്രഗവൺമെന്റും സംസ്ഥാനഗവൺമെന്റുകളും ചുമത്തിയിരുന്ന വിവിധ പരോക്ഷ നികുതികളെ ലയിപ്പിച്ച് 2017 ജൂലൈ 1 മുതൽ ഇന്ത്യയിൽ നിലവിൽ വന്ന ഏകീകൃത

പരോക്ഷനികുതി സമ്പ്രദായമാണ് GST. വിവിധതരം ചരക്ക് സേവന നികുതികളാണ് സെൻട്രൽ ജിഎസ് ടി (CGST) ,സ്റ്റേറ്റ് ജിഎസ് ടി (SGST) , ഇന്റഗ്രേറ്റഡ് ജിഎസ് ടി (IGST).

1. സെൻട്രൽ ജിഎസ് ടി (CGST) - സംസ്ഥാനത്തിനകത്ത് ക്രയവിക്രയം ചെയ്യുന്ന ചരക്ക-സേവനങ്ങളുടെ മേൽ കേന്ദ്രഗവൺമെന്റ് ചുമത്തുന്നത് സെൻട്രൽ ജി എസ് ടി

2. സ്റ്റേറ്റ് ജിഎസ് ടി (SGST)- സംസ്ഥാനത്തിനകത്ത് ക്രയവിക്രയം ചെയ്യുന്ന ചരക്ക-സേവനങ്ങളുടെ മേൽ സംസ്ഥാന ഗവൺമെന്റ് ചുമത്തുന്നത് സ്റ്റേറ്റ് ജി എസ് ടി

3. ഇന്റഗ്രേറ്റഡ് ജിഎസ് ടി (IGST) - അന്തർസംസ്ഥാന ക്രയവിക്രയങ്ങളുടെ മേൽ ജി എസ് ടി ചുമത്തുന്നതും പിരിക്കുന്നതും കേന്ദ്രഗവൺമെന്റ്ആണ്.ഇതാണ് ഇന്റഗ്രേറ്റഡ് ജി എസ് ടി

13. ജി എസ് ടി സമിതി നൽകുന്ന ശുപാർശകൾ എന്തെല്ലാം?

a. ജി എസ് ടി യിൽ ലയിപ്പിക്കേണ്ട നികുതികൾ ,സെസ്സുകൾ, സർചാർജ്ജുകൾ

b. ജി എസ് ടി പരിധിയിൽ വരുത്തേണ്ടതും ഒഴിവാക്കേണ്ടതുമായ ചരക്കുകളും സേവനങ്ങളും

c. നികുതിനിരക്കുകൾ നിശ്ചയിക്കൽ d. ഒഴിവാക്കപ്പെട്ടിരിക്കുന്ന ചരക്കുകളും സേവനങ്ങളും ജി എസ് ടി യിൽ ഉൾപ്പെടുത്തേണ്ട സമയം

e. മൊത്തം വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഒഴിവിന്റെ പരിധി നിശ്ചയിക്കൽ നോൺ ഫോക്കസ് ഏരിയ നോട്ട്

14. പൊതുചെലവ് എന്നാലെന്ത്?

സർക്കാരിന്റെ ചെലവാണ് പൊതുചെലവ് , ജനക്ഷേമ പ്രവർത്തനങ്ങൾ പൊതുചെലവ് വർദ്ദിപ്പിക്കുന്നു.പൊതുചെലവിനെ വികസന ചെലവുകൾ വികസനേതര ചെലവുകൾ എന്ന് തരം തിരിക്കാം

വികസനച്ചെലവുകൾ റോഡ്,പാലം,തുറമുഖം,പുതിയ സംരംഭങ്ങളും സ്കൂളുകളും തുടങ്ങുക മുതലായ പ്രവർത്തനങ്ങൾക്കുള്ള സർക്കാർ ചെലവാണ് വികസനച്ചെലവുകൾ

വികസനേതര ചെലവുകൾ യുദ്ധം,പലിശ,പെൻഷൻ തുടങ്ങിയവയ്ക്കുള്ള ചെലവുകളാണ് വികസനേതര ചെലവുകൾ

15. ഇന്ത്യയിൽ പൊതുകടം വർദ്ദിക്കുന്നതിന്റെ കാരണങ്ങൾഎന്തെല്ലാം?

പ്രതിരോധചെലവിന്റെ വർദ്ദനവ്,സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ,നഗരവൽക്കരണം , ജനസംഖ്യാവർദ്ദനവ്

16. സർചാർജ് ,സെസ്സ് തമ്മിലുള്ള വെത്യാസമെന്ത്?
സർചാർജ്

a. നികുതിക്കുമേൽ ചുമത്തുന്ന അധികനികുതിയാണ് സർചാർജ്

b. ഒരു നിശ്ചിത കാലത്തേയ്ക്കാണ് സാധാരണ സർചാർജ് ചുമത്തുന്നത്.

സെസ്സ്

a. സർക്കാർ ചില പ്രത്യേക ആവശ്യങ്ങൾക്കായി ചുമത്തുന്ന അധികനികുതിയാണ് സെസ്സ്.

b. ആവശ്യത്തിന് പണം ലഭിച്ചുകഴിഞ്ഞാൽ സെസ്സ് നിർത്തലാക്കും

17. പൊതുകടംവിശദമാക്കുക

സർക്കാർ വാങ്ങുന്ന വായ്പകളാണ് പൊതുകടം. ഇത് 2 തരം - ആഭ്യന്തരകടം , വിദേശകടം

ആഭ്യന്തരകടം - രാജ്യത്തിനകത്തുള്ള വ്യക്തികളിൽനിന്നും ,സ്ഥാപനങ്ങളിൽനിന്നും സർക്കാർ വാങ്ങുന്ന വായ്പകൾ.

വിദേശകടം - വിദേശ ഗവൺമെന്റുകൾ ,അന്തർദേശീയ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് വാങ്ങുന്ന വായ്പകൾ.

18. ബജറ്റ് - a. ഒരു സാമ്പത്തികവർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരവും ചെലവും വിശദമാക്കുന്ന ധനകാര്യരേഖയാണ് ബജറ്റ്.

b. ഇന്ത്യയിൽ ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് സാമ്പത്തികവർഷം.

c. ബജറ്റുകൾ മൂന്ന് തരമുണ്ട്.

1. സംതുലിത ബജറ്റ് - വരുമാനവും ചെലവും തുല്യമായി വരുന്നത് ( വരുമാനം = ചെലവ് )

2. മിച്ച ബജറ്റ്

- വരുമാനം ചെലവിനേക്കാൾ കൂടുതലുള്ളത് ( വരുമാനം > ചെലവ് )

3. കമ്മി ബജറ്റ്

- ചെലവ് വരവിനേക്കാൾ കൂടുതലുള്ളത്. ( വരുമാനം < ചെലവ് )

19. ധനനയം എന്നാലെന്ത്?

പൊതുവരുമാനം,പൊതുചെലവ്,പൊതുകടം എന്നിവയെ സംബന്ധിച്ച സർക്കാർ നയമാണിത്

20. ധനനയത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?

a. സാമ്പത്തിക സ്ഥിരത കൈവരിക്കുക

b. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

c. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുക

d. പൊതുകടം കുറയ്ക്കുക.

## അധ്യായം : 6 ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും

1.സൗരോർജത്തിന്റെ സഹായത്തോടെ നടത്തുന്ന വിദൂരസംവേദനമാണ്____________

പരോക്ഷ വിദൂരസംവേദനം

2 വിദൂരസംവേദനത്തിലൂടെ വിവരങ്ങൾ ശേഖരിക്കാനുള്ള ഉപകരണങ്ങളാണ് ____________

സംവേദകങ്ങൾ

3 സംവേദകങ്ങൾ സ്ഥാപിച്ചിരിക്കുന്ന പ്രതലത്തെ ________ എന്നുവിളിക്കുന്നു.

പ്ലാറ്റ്ഫോം

4 ഓവർലാപ്പോടുകൂടിയ ഒരു ജോഡി ആകാശീയ ചിത്രങ്ങളെ ________ എന്നുപറയുന്നു.

സ്റ്റീരിയോ പെയർ

5 ഓരോ വസ്തുവും പ്രതിഫലിപ്പിക്കുന്ന ഊർജത്തിന്റെ അളവാണ് ആ വസ്തുവിന്റെ________

സ്പെക്ട്രൽ സിഗ്നേച്ചർ.

6 നിയതമായ അക്ഷാംശ – രേഖാംശ സ്ഥാനമുള്ള ഭൗമോപരിതല സവിശേഷതകളെ ____________ എന്നുവിളിക്കുന്നു.

സ്ഥാനീയവിവരങ്ങൾ

7 ഭൂസ്ഥിര ഉപഗ്രഹങ്ങൾക്ക് ഉദാഹരണങ്ങളാണ്___________

ഇന്ത്യയുടെ ഇൻസാറ്റ് ഉപഗ്രഹങ്ങൾ

8 ഭൂവിവരവ്യവസ്ഥയിൽ വിശകലനത്തിനായി തയ്യാറാക്കി സൂക്ഷിക്കുന്ന വിഷയാധിഷ്ഠിത ഭൂപടങ്ങളെ __________വിളിക്കുന്നു.

പാളികളെന്ന്

9 ഭൂപടത്തിലെ രേഖീയ സവിശേഷതകളെ വിശകലനത്തിന് വിധേയമാക്കുന്ന വിശകലനസാധ്യത ഏത് ?

ശൃംഖലാവിശകലനസാധ്യത

10 അമേരിക്കൻ ഐക്യനാടുകളുടെ ഗതിനിർണയസംവിധാനം അറിയപ്പെടുന്നത് ഏതുപേരിലാണ് ?

ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം

11. വിദൂരസംവേദനം എന്നാലെന്ത്?

ഒരു വസ്തുവിനേയോ, പ്രദേശത്തെയോ,പ്രതിഭാസത്തെയോ സംബന്ധിക്കുന്ന വിവരങ്ങൾ സ്പർശബന്ധം കൂടാതെ ഉപകരണങ്ങളുടെ സഹായത്തോടെ ശേഖരിക്കുന്ന രീതിയാണിത്.

12. ഊർജ്ജ ഉറവിടപ്രകാരമുള്ള വിദൂരസംവേദനംഏതെല്ലാം?

a. പരോക്ഷ വിദൂരസംവേദനം - സൗരോർജ്ജസഹായത്തോടെ നടത്തുന്നത്

b. പ്രത്യക്ഷ വിദൂരസംവേദനം - കൃത്രിമമായ പ്രകാശത്തിന്റെ / ഊർജ്ജത്തിന്റെ സഹായത്തോടെ നടത്തുന്നത്

13. പ്ലാറ്റ് ഫോം അടിസ്ഥാനമാക്കിയുള്ള വിദൂരസംവേദനം ഏതെല്ലാം?

ഭൂതലഛായാഗ്രഹണം

ഭൂപ്രതലത്തിൽ നിന്നും ഭൗമോപരിതലത്തിന്റെ ചിത്രങ്ങൾ ക്യാമറ ഉപയോഗിച്ച് പകർത്തുന്ന രീതി

ആകാശീയ വിദൂരസംവേദനം

വിമാനത്തിൽ ഉറപ്പിച്ച കാമറയുടെ സഹായത്തോടെ ആകാശത്തുനിന്ന് ഭൂതല ചിത്രങ്ങൾ പകർത്തുന്ന രീതി

ഉപഗ്രഹ വിദൂരസംവേദനം

കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന സംവേദകങ്ങൾ വഴി വിവരശേഖരണം നടത്തുന്ന പ്രക്രിയ

14. ഭൂസ്ഥിര ഉപഗ്രഹങ്ങൾ,സൗരസ്ഥിര ഉപഗ്രഹങ്ങൾ വിശദമാക്കുക

ഭൂസ്ഥിര ഉപഗ്രഹങ്ങൾ

1 ഭൂമിയുടെ ഭ്രമണത്തിനൊപ്പം സഞ്ചരിക്കുന്നവ

2 സഞ്ചാരപഥം ഭൂമിയിൽ നിന്ന് 36000 കി.മീ.ഉയരത്തിൽ

3 ഭൂമിയുടെ മൂന്നിലൊന്ന് ഭാഗം നിരീക്ഷണ പരിധിയിൽ വരുന്നു

4 ഭൂമിയുടെ ഭ്രമണത്തിനൊപ്പം സഞ്ചരിക്കുന്നതിനാൽ എല്ലായ്പ്പോഴും ആവർത്തിച്ചുള്ള

5 ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരണത്തിന് സാധിക്കുന്നു

വാർത്താവിനിമയത്തിനും ദിനാന്തരീക്ഷ സ്ഥിതിയിലെ വ്യത്യാസം

മനസ്സിലാക്കാനും ഉപയോഗിക്കുന്നു.

ഉദാ.ഇൻസാറ്റ് ഉപഗ്രഹങ്ങൾ സൗരസ്ഥിര ഉപഗ്രഹങ്ങൾസൗരസ്ഥിര ഉപഗ്രഹങ്ങൾ

സൗരസ്ഥിര ഉപഗ്രഹങ്ങൾ

1 ധ്രുവങ്ങൾക്ക് മുകളിലൂടെ ഭൂമിയെ വലംവയ്ക്കുന്നവ

2 സഞ്ചാരപഥം ഭൂമിയിൽ നിന്ന് 900 കി.മീ.ഉയരത്തിൽ

3 ഭൂസ്ഥിര ഉപഗ്രഹങ്ങളേക്കാൾ കുറഞ്ഞ നിരീക്ഷണ പരിധി

4 ഭൂമിയിലെ ഒരേ പ്രദേശത്തെ അഭിമുഖീകരിച്ച് നിലകൊള്ളുന്നു

5 ഒരു പ്രദേശത്തിന്റെപ്രകൃതി വിഭവം,ഭൂവിനിയോഗം,ഭൂഗർഭജലം മുതലായവയുടെ

വിവരശേഖരണത്തിന് ഉപയോഗിക്കുന്നു.ഉദാ. IRS ,Landsat ഉപഗ്രഹങ്ങൾ

15. ഭൂവിവരവ്യവസ്ഥഎന്നാലെന്ത്?

സ്ഥാനീയ വിവരങ്ങളെയും അവയുടെ വിശേഷണങ്ങളെയും ശേഖരിക്കുന്നതിനും, ണ്ടെടുക്കുന്ന തിനും, വിശകലനം ചെയ്യുന്നതിനും,ഭൂപടങ്ങൾ,പട്ടികകൾ,ഗ്രാഫുകൾ എന്നിങ്ങനെ പ്രദർ ശിപ്പിക്കുന്നതിനുമുള്ള ഒരു കമ്പ്യൂട്ടറധിഷ്ഠിത വിവരസഞ്ചയ വ്യവസ്ഥയാണ് ഭൂവിവരവ്യവസ്ഥ.

16. ഭൂവിവരവ്യവസ്ഥയുടെ വിശകലന സാധ്യതകൾ എന്തെല്ലാം?വിവരിക്കുക?

a. ശൃംഖലാ വിശകലനം

b. ആവൃത്തി വിശകലനം

c. ഓവർലേ വിശകലനം

ശൃംഖലാ വിശകലനം :

റോഡ്,റെയിൽവേ,നദികൾ തുടങ്ങിയ ഭൂപടത്തിലെ രേഖീയസവിശേഷതകളെയാണ് ശൃംഖലാ വിശകലനത്തിന് വിധേയമാക്കുന്നത്.ഏറ്റവും കുറഞ്ഞ യാത്രാമാർ ഗ്ഗം,തിരക്കുകുറഞ്ഞ പാത,ടോൾ ഇല്ലാത്ത പാത തുടങ്ങിയവ ഇതിലൂടെ കണ്ടെത്താം.

ആവൃത്തി വിശകലനം :

ഒരു ബിന്ദുവിന് ചുറ്റുമായോ,രേഖീയ സവിശേഷതകൾക്ക് നിശ്ചിത ദൂരത്തിലോ നടത്താവുന്ന പ്രവർത്തനങ്ങളെ വിശകലനം ചെയ്യാനു

പയോഗിക്കുന്ന സങ്കേതമാണ് ആവൃത്തി വിശകലനം.റോഡ് വികസനം,വിമാനത്താവള നിർ മ്മാണം തുടങ്ങിയവയ്ക്കെല്ലാം ആവൃത്തി

വിശകലനം ഉപയോഗിക്കാം.

ഓവർലേ വിശകലനം :

ഒരു പ്രദേശത്തിന്റെ വിവിധ ഭൗമോപരിതല സവിശേഷതകളുടെ പരസ്പരബന്ധത്തെക്കുറിച്ചും,കാലാനുസൃതമായി അവയിലുണ്ടായ മാറ്റത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന് ഓവർലേ വിശകലനം ഉപയോഗിക്കുന്നു.വിളകളുടെ വിസ്തൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ,

ഭൂവിനിയോഗമാറ്റങ്ങൾ എന്നിവയൊക്കെ മനസ്സിലാക്കാൻ ഇത് ഉപയോഗിക്കാം.

17. ആകാശീയ ചിത്രങ്ങളിലെ ഓവർലാപ്പ് എന്നാലെന്ത്?

ഓരോ ആകാശീയ ചിത്രത്തിലും തൊട്ടടുത്തുള്ള ചിത്രങ്ങളിലെ 60 ശതമാനത്തോളം ആവർ ത്തിച്ചുവരുന്നത്.

18 സ്റ്റീരിയോ പെയർ എന്നാലെന്ത്

ഓവർലാപ്പോടുകൂടിയ ഒരു ജോടി ആകാശീയ ചിത്രങ്ങൾ .

19 സ്റ്റീരിയോസ്കോപ്പ് എന്നാലെന്ത്

ഓവർലാപ്പോടുകൂടിയ ചിത്രങ്ങളെ ത്രിമാനരൂപത്തിൽ കാണാൻ സഹായിക്കുന്ന ഉപകരണം. പ്രദേശത്തെ ഒന്നാകെകാണാനും, ഭൗമോപരിതലത്തിലെ ഉയർച്ച താഴ്ചകൾ വേർതിരിച്ചറിയാനും ഇതിലൂടെ സാധിക്കും.

20 ആകാശീയ വിദൂരസംവേദനത്തിന്റെ പോരായ്മകൾ എന്തെല്ലാം?

a. വിമാനത്തിനുണ്ടാകുന്ന കുലുക്കം ചിത്രങ്ങളുടെ ഗുണമേന്മയെ ബാധിക്കുന്നു.

b. വിസ്തൃതമായ പ്രദേശങ്ങളുടെ ചിത്രീകരണം പ്രായോഗികമല്ല.

c. വിമാനത്തിന് പറന്നുയരാനും ഇറങ്ങാനും തുറസ്സായ സ്ഥലം ആവശ്യമാണ്.

d. ഇന്ധനം നിറയ്ക്കാൻ വിമാനം ഇടയ്ക്കിടെ നിലത്തിറക്കുന്നത് ചെലവ് വർദ്ധിപ്പിക്കുന്നു.

21 സ്പേഷ്യൽ റെസല്യൂഷൻ എന്നാലെന്ത്

ഒരു സെൻസറിന് തിരിച്ചറിയാൻ കഴിയുന്ന ഭൂതലത്തിലെ ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പമാണ്

22. വിദൂരസംവേദന സാങ്കേതിക വിദ്യകൊണ്ടുള്ള ഉപയോഗങ്ങൾ എന്തെല്ലാം?

a. കാലാവസ്ഥാ നിർണ്ണയത്തിന് b. സമുദ്രപരിവേക്ഷണത്തിന്

c. ഭൂവിനിയോഗം മനസ്സിലാക്കുന്നതിന് d. എണ്ണ പരിവേക്ഷണത്തിന് e. ഭൂഗർഭജലസാധ്യതാ പ്രദേശങ്ങൾ കണ്ടെത്താൻ

f. വരൾച്ച,വെള്ളപ്പൊക്കം,കാട്ടുതീ എന്നിവ കണ്ടെത്താനും നിയന്ത്രണ നടപടികൾ സ്വീകരിക്കാനും

23. ഭൂവിവരവ്യവസ്ഥയുടെ പ്രയോജനങ്ങൾ എന്തെല്ലാം?

a. പല ഉറവിടങ്ങളിൽ നിന്നുള്ള വിവരങ്ങൾ സംയോജിപ്പിക്കുന്നതിന്

b. വിഷയാധിഷ്ഠിത പഠനങ്ങൾ നടത്തുന്നതിന്

c. വിവരങ്ങൾ എളുപ്പത്തിൽ നവീകരിക്കാനും കൂട്ടിച്ചേർക്കാനും

d. ഭൂതലസവിശേഷതകളെ സ്ഥാനീയമായി പ്രദർശിപ്പിക്കുന്നതിന് e. ഭൂപടങ്ങൾ,പട്ടികകൾ,ഗ്രാഫുകൾ എന്നിവ നിർമ്മിക്കുന്നതിന്

## അധ്യായം : 7 വൈവിധ്യങ്ങളുടെ ഇന്ത്യ

1 കിഴക്കൻ മലനിരകളുടെ മറ്റൊരു പേര് ?

പൂർവാചൽ

2 ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശം ഏത് ?

ചിറാപുഞ്ചി

3.ടിബറ്റിൽ ബ്രഹ്മപുത്രയെ വിളിക്കുന്ന പേരെന്ത് ?

സാങ്പോ

4.ബംഗ്ലാദേശിൽ ബ്രഹ്മപുത്രയെ വിളിക്കുന്നരേരെന്ത് ?

ജമുന

5.ഏറ്റവും നീളം കൂടിയ ഉപദ്വീപീയനദി ഏത് ?

ഗോദാവരി

6.ഉപദ്വീപീയപീഠഭൂമിയിലെ ഏറ്റവും ഉയരമുള്ള വെള്ളച്ചാട്ടം ഏത് ? ഏതുനദിയിലാണിത് സ്ഥിതിചെയ്യുന്നത് ?

ജോഗ്ഫാൾസ് (ശരാവതി നദി)

7.ട്രാൻസ് ഹിമാലയത്തിനും കിഴക്കൻ മലനിരകൾക്കുമിടയിൽ വടക്കുപടിഞ്ഞാറ് -ടിബറ്റിൽ ബ്രഹ്മപുത്രയെ വിളിക്കുന്ന പേരെന്ത് ?

സാങ്പോ

8.ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്ന സ്ഥലം എവിടെ ?

ഥാർമരുഭൂമിയിലെ ജയ്സാൽമിർ

9.ഉപദ്വീപിയപീഠഭൂമിയിലെ ഏറ്റവും ഉയരമേറിയ കൊടുമുടി ഏത് ?

ആനമുടി

10.ആനമുടി സ്ഥിതിചെയ്യുന്നതെവിടെ?

ഇടുക്കിയിൽ

11.ഇന്ത്യയിലെ ഏറ്റവും വിസ്തൃതവും പഴക്കം ചെന്നതുമായ ഭൂവിഭാഗമേത് ?

ഉപദ്വീപീയപീഠഭൂമി

12 ഡക്കാൺപീഠഭൂമിയിൽ പ്രധാനമായും ഏതുതരം ശിലകളാൽ നിർമിതമാണ് ?

ബസാൾട്ട് എന്ന ആഗ്നേയശിലകളാൽ.

13.ഉത്തരപർവതമേഖലയെ എത്രയായി തിരിക്കാം ? ഏതെല്ലാം?.

- മൂന്നായി തിരിക്കാം
- ട്രാൻസ് ഹിമാലയം
- ഹിമാലയം
- കിഴക്കൻ മലനിരകൾ

14.ഉത്തരപർവതമേഖലയിലെ പ്രധാന പർവ്വതങ്ങൾ ഏതെല്ലാം?

| ട്രാൻസ്ഹിമാലയം | ഹിമാലയം | കിഴക്കൻമലനിരകൾ |
|---|---|---|
| [a]കാറകോറം | [i]ഹിമാദ്രി | [1]പത്കായിബും |
| [b]ലഡാക്ക് | [ii]ഹിമാചൽ | [2]നാഗാ കുന്നുകൾ |
| [c]സസ്കർ | [iii]സിവാലിക് | [3]ഗാരോ,ഖാസി,ജയന്തിയ കുന്നുകൾ |
| | | [4]മിസോ കുന്നുകൾ |

15.ട്രാൻസ് ഹിമാലയം : കുറിപ്പ് തയ്യാറാക്കുക

കാറകോറം,ലഡാക്ക്, സസ്കർ എന്നീ പർവതനിരകൾ ചേർന്നതാണ് ട്രാൻസ് ഹിമാലയം . ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ മൗണ്ട് K2 അഥവാ ഗോഡ്വിൻ ഓസ്റ്റിൻ [8661 മീറ്റർ ഉയരം] സ്ഥിതിചെയ്യുന്നത് കാറകോറം നിരകളിലാണ്. ട്രാൻസ് ഹിമാലയത്തിന്റെ ശരാശരി ഉയരം 6000 മീറ്ററാണ്.

16.ഹിമാലയം : കുറിപ്പെഴുതുക

തെക്കുകിഴക്ക് ദിശയിലാണ് ഹിമാലയപർവതനിരകൾ സ്ഥിതിചെയ്യുന്നത് . ഈ പർവതനിരകൾക്ക് ഏകദേശം 2400 കിമീ നീളമുണ്ട്. ലോകത്തിലെ ഉയരമേറിയ നിരവധി കൊടുമുടികൾ ഇതിൽ ഉൾപ്പെടുന്നു. കിഴക്കൻ പ്രദേശങ്ങളിലേക്ക് പോകുന്തോറും പർവത ങ്ങളുടെ ഉയരം കുറഞ്ഞുവരുന്നതായി കാണാം . കാശ്മീർ പ്രദേശത്ത് ഏകദേശം 400 കി.മീ. വീതിയുള്ള ഉത്തരപർവതനിരകൾക്ക് അരുണാചൽപ്രദേശിൽ വീതി ഏകദേശം 150 കി.മീ. ആണ്. ഏകദേശം 5 ലക്ഷം ചതുരശ്രകി.മീ. വിസ്തൃതിയുള്ള ഈ ഭൂപ്രദേശം സമാന്തരങ്ങളായ മൂന്ന് പർവതനിരകൾ ഉൾപ്പെട്ടതാണ് .

| ഹിമാദ്രി | ഹിമാചൽ | സിവാലിക് |
|---|---|---|
| ഏറ്റവും ഉയരം കൂടിയ നിര | ഹിമാദ്രിയുടെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു | ഹിമാചലിന് തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു |
| ശരാശരി ഉയരം 6000 മീറ്റർ | ശരാശരി ഉയരം 3000 മീറ്റർ | ശരാശരി ഉയരം 1220 മീറ്റർ |
| ഗംഗ,യമുന എന്നീ നദികളുടെ ഉത്ഭവസ്ഥാനം | ഷിംല,ഡാർജിലിങ് തുടങ്ങിയ സുഖവാസകേന്ദ്രങ്ങൾ ഈ പർവതനിരകളുടെ തെക്കേ ചരിവിലായി സ്ഥിതിചെയ്യുന്നു. | ഹിമാലയൻ നദികൾ ഈ പർവതനിരയെ മുറിച്ചുകൊണ്ട് ഒഴുകുന്നതിനാൽ പലയിടങ്ങളിലും തുടർച്ച നഷ്ടപ്പെടുന്നു |
| 8000 മീറ്ററിനുമുകളിൽ ഉയരമുള്ള നിരവധി കൊടുമുടികൾ സ്ഥിതിചെയ്യുന്നു[ഉദാ :കാഞ്ച ൻജംഗ,നന്ദാദേവി] | | നീളമേറിയതും വിസ്തൃതവുമായ താഴ്വരകൾ കാണപ്പെടുന്നു. ഇവയെ ഡൂണുകളെന്ന് വിളിക്കുന്നു. [ഉദാ : ഡെറാഡൂൺ] |

17.ഉത്തരപർവതമേഖലയിലെ ജനജീവിതം :

മൃഗപരിപാലനമാണ് ജനങ്ങളനുവർത്തിക്കുന്ന ഒരു ജീവിതമാർഗം.ഇവിടുത്തെ പുൽമേടുകളെ ആശ്രയിച്ചാണ് മൃഗപരിപാലനം.ജമ്മുകാശ്മീർ, ഹിമാചൽപ്രദേശ് എന്നിവിട ങ്ങളിൽ വ്യാവസായിക അടിസ്ഥാനത്തിൽ ചെമ്മരിയാടുകളെ വളർത്തുന്നു. ഉരുള ക്കിഴങ്ങ്, ബാർലി, കുങ്കുമപ്പൂവ് എന്നിവകൂടാതെ ആപ്പിൾ, ഓറഞ്ച് തുടങ്ങിയ പഴവർഗങ്ങളും തേയിലയും ഈ മേഖലയിൽ കൃഷിചെയ്യുന്നുഇന്ത്യയിൽ ഏറ്റവും കൂടുതൽ തേയില ഉൽപ്പാദിപ്പിക്കുന്നത് ആസാം മലനിരകളിലാണ്. ഏറെ പ്രകൃതി ഭംഗിയുള്ള ഉത്തരപർവതമേഖല വിനോദസഞ്ചാ

രികളുടെ പറുദീസയാണ്. സിംല, ഡാർജിലിങ്, കുളു, മണാലി തുടങ്ങിയ സുഖവാസകേന്ദ്രങ്ങൾ ഇവിടെയാണ്.

17.ഉത്തരപർവതമേഖല വിനോദസഞ്ചാരികളുടെ പറുദീസ എന്നറിയപ്പെടുന്നു. എന്തുകൊണ്ട്

സിംല, ഡാർജിലിങ്, കുളു, മണാലി തുടങ്ങിയ സുഖവാസകേന്ദ്രങ്ങൾ ഉത്തരപർവത മേഖലയിലാണ്.അതിനാൽ ഉത്തരപർവതമേഖല വിനോദസഞ്ചാരികളുടെ പറുദീസ എന്നറിയപ്പെടുന്നു.

18.ഉത്തരപർവതമേഖലയുടെ പ്രാധാന്യം വിശദീകരിക്കുക:

- പുരാതനകാലം മുതൽ തന്നെ വടക്കുപടിഞ്ഞാറുനിന്നുള്ള വൈദേശിക ആക്രമണങ്ങളിൽനിന്ന് ഒരു പരിധിവരെ നമ്മെ സംരക്ഷിച്ചുപോരുന്നു.
- മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യയിൽ ഉടനീളം മഴ പെയ്യിക്കുന്നു.
- ശൈത്യകാലത്ത് വടക്കുനിന്നു വീശുന്ന വരണ്ട ശീതക്കാറ്റിനെ ഇന്ത്യയിലേക്ക് കടക്കാതെ ചെറുക്കുന്നു
- വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ ഉടലെടുക്കുന്നതിന് കാരണമായി. നദികളുടെ ഉത്ഭവപ്രദേശം.

19.കിഴക്കൻ മലനിരകളെ കുറിച്ച് വിവരിക്കുക

- പൂർവാചൽ എന്നറിയപ്പെടുന്നു
- ഏകദേശം 500 മുതൽ 3000 മീറ്റർ വരെ ഉയരം
- ലോകത്തിലെ ഏറ്റവും കൂടുതൽ മഴലഭിക്കുന്ന ചിറാപുഞ്ചി ഇവിടെയാണ്
- നിബിഡമായ ഉഷ്ണമേഖല മഴക്കാടുകളുണ്ട്.

19.പ്രധാനപ്പെട്ട ഹിമാലയൻ നദികളേതെല്ലാം?

സിന്ധു,ഗംഗ, ബ്രഹ്മപുത്ര എന്നിവയാണ് പ്രധാനപ്പെട്ട ഹിമാലയൻ നദികൾ.

20.പ്രധാനപ്പെട്ട ഹിമാലയൻ നദികളെ ക്കുറിച്ച് വിവരിക്കുക

| ഹിമാലയൻനദികൾ | ഉത്ഭവസ്ഥാനം | നീളം | പോഷകനദികൾ | ഒഴുകുന്ന സംസ്ഥാനങ്ങൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|---|---|
| സിന്ധു | ടിബറ്റിലെ മാനസസരോവർ തടാകം | ഏകദേശം 2280 കി.മീ. | ഝലം, ചിനാബ്, രവി, | ജമ്മുകാശ്മീർ, ഹിമാചൽപ്രദേ | അറബിക്കടൽ |

| | | | | | |
|---|---|---|---|---|---|
| | | | ബിയാസ്, സത്ലജ് | ശ്, പഞ്ചാബ് | |
| ഗംഗ | ഗംഗോത്രി ഹിമാനിയിലെ ഗോമുഖ് ഗുഹ | ഏകദേശം 500 കി.മീ. | യമുന, സോൺ, ഘാഘ്ര, കോസി, ഗാണ്ഡക് | ഉത്തരാഞ്ചൽ, ഉത്തർപേരദേശ്, രാജസ്ഥാൻ, മധ്യപ്രദേശ്, ബീഹാർ, പശ്ചിമബംഗാൾ, ഛത്തീസ്ഗഡ്, ഝാർഖണ്ഡ് | ബംഗാൾ ഉൾക്കടൽ |
| ബ്രഹ്മപുത്ര | ടിബറ്റിലെ ചെമ-യുങ്-ഡുങ് ഹിമാനി | ഏകദേശം 2900 കി.മീ. | തിസ്ത, മാനസ്, ലൂണി, സുവാൻസിരി? | അരുണാചൽ പ്രദേശ്, ആസ്സാം, സിക്കിം, പശ്ചിമബംഗാൾ | ബംഗാൾ ഉൾക്കടൽ |

21.ഉത്തരമഹാസമതലം-കുറിപ്പെഴുതുക

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന അതി വിശാലവും ഫലഭൂയിഷ്ഠവുമായ ഭൂഭാഗമാണ് ഉത്തരമഹാസമതലം. ശിലാമണ്ഡലഫലകങ്ങൾ തമ്മിൽ സംയോ ജിച്ച് ഭൗമപാളി മടങ്ങി ഉയർന്നാണ് ഹിമാലയപർവതം രൂപംകൊണ്ടത്. ഹിമാലയത്തിന്റെ രൂപീകരണ വേളയിൽ തെക്കപർവതനിരകൾക്ക സമാന്തരമായി 2000 മീറ്ററിൽ അധികം താഴ്ചയുള്ള അഗാധഗർത്തം സൃഷ്ടിക്കപ്പെട്ടു. ഹിമാലയത്തിൽനിന്ന് ഒഴുകിയെത്തുന്ന നദികളുടെ അനേകായിരം വർഷങ്ങളായി തുടർന്നുവരുന്ന നിക്ഷേപണപ്രക്രിയയുടെ ഫലമായി

അതിവിശാലമായ സമതലം രൂപംകൊണ്ടു. ഏതാണ്ട് 7 ലക്ഷം ചതുരശ്രകി.മീ. വിസ്തൃതിയിലും കി.മീ ഓളം ഘനത്തിലും അവസാദങ്ങൾ നിക്ഷേപിക്കപ്പെട്ടുണ്ടായ ഈ സമതലം ലോകത്തിലേത്തന്നെ ഏറ്റവും വിസ്തൃതമായ എക്കൽ സമതലങ്ങളിലൊന്നാണ്. സിന്ധു - ഗംഗ – ബ്രഹ്മപുത്രാ സമതലം എന്നും ഇത് പൊതുവെ അറിയപ്പെടുന്നു. വളരേയധികം ഫലപുഷ്ടിയുള്ള എക്കൽമണ്ണ് ഈ സമതലത്തിന്റെ സവിശേഷതയാണ്.

21.ഉത്തരമഹാസമതലം ഇന്ത്യയുടെ ധാന്യപ്പുര എന്നറിയപ്പെടുന്നു. എന്തുകൊണ്ട് ?

ഗോതമ്പ്, ചോളം, നെല്ല്, കരിമ്പ്, പരുത്തി, പയർവർഗങ്ങൾ എന്നിങ്ങനെ ഉത്തര മഹാസമതലങ്ങളിൽ കൃഷിചെയ്യുന്ന വിളകൾ നിരവധിയാണ്. അതുകൊണ്ടാണ് ഉത്തരമഹാ സമതലം ഇന്ത്യയുടെ ധാന്യപ്പുര എന്നറിയപ്പെടുന്നത്.

22.ഉപദ്വീപിയപീഠഭൂമിയെ ധാതുക്കളുടെ കലവറ എന്നുവിളിക്കുന്നതെന്തുകൊണ്ട് ?

വിവിധതരം ധാതുക്കളുടെ ഒട്ടനവധി നിക്ഷേപങ്ങൾ ഉപദ്വീപീയപീഠഭൂമിയിൽ ഉള്ളതിനാലാണ് ഉപദ്വീപിയപീഠഭൂമിയെ ധാതുക്കളുടെ കലവറ എന്നുവിളിക്കുന്നത്.

23.ഉപദ്വീപീയപീഠഭൂമിയിലെ നൈസർഗീകസസ്യജാലങ്ങൾ :കുറിപ്പെഴുതുക

കാലികമായി മാത്രം മഴലഭിക്കുന്ന ഇവിടുത്തെ നൈസർഗീകസസ്യജാലങ്ങൾ ഉഷ്ണമേഖലാ ഇലപൊഴിയും കാടുകളാണ്. തേക്ക് , സാൽ , ചന്ദനം , മുള എന്നിവ ഇവിടെ കാണപ്പെടുന്നു. ധാരാളം മഴലഭിക്കുന്ന പശ്ചിമഘട്ട മലനിരകളുടെ പടിഞ്ഞാറൻ ചെരിവുകളി ലാകട്ടെ, ഉഷ്ണമേഖലാ മഴക്കാടുകളാണുള്ളത്.

24.ഉപദ്വീപീയ നദികളെക്കുറിച്ച് വിവരിക്കുക?

| നദി | ഉത്ഭവം | ഏകദേശ നീളം | പ്രധാനപോഷക നദികൾ | സംസ്ഥാനങ്ങൾ | ചെന്നുചേരുന്ന കടൽ |
|---|---|---|---|---|---|
| മഹാനദി | മൈക്കാലാനിരകൾ [മധ്യപ്രദേശ് ] | 857 കി.മീ. | ഇബ്, ടെൽ | മധ്യപ്രദേശ്, ഛത്തീസ്ഗഡ്,ഒറീസ | ബംഗാൾ ഉൾക്കടൽ |
| ഗോദാവരി | പശ്ചിമഘട്ടം [മഹാരാഷ്ട്രയിലെ നാസിക് ജില്ല] | 1465 കി.മീ. | ഇന്ദ്രാവതി, ശബരി | മഹാരാഷ്ട്ര,ആന്ധ്രാപ്രദേശ് | ബംഗാൾ ഉൾക്കടൽ |

| | | | | | |
|---|---|---|---|---|---|
| കൃഷ്ണ | പശ്ചിമഘട്ടത്തിലെ [മഹാബലേശ്വർ കുന്നുകൾ] | 1400 കി.മീ. | ഭീമ,തുംഗഭദ്ര | മഹാരാഷ്ട്ര,ആന്ധ്രാപ്രദേശ് | ബംഗാൾ ഉൾക്കടൽ |
| കാവേരി | പശ്ചിമഘട്ടത്തിലെ ബ്രഹ്മഗിരിനിരകൾ [കർണാടകം] | 800 കി.മീ. | അമരാവതി | കർണാടകം | ബംഗാൾ ഉൾക്കടൽ |
| നർമദ | മൈക്കാലാനിരകൾ [ഛത്തീസ്ഗഡ്] | 1312 കി.മീ. | ഹിരൺ, ബൻജൻ | ഛത്തീസ്ഗഡ്,മധ്യപ്രദേശ്,മഹാരാഷ്ട്ര, ഗുജറാത്ത് | അറബിക്കടൽ |
| താപ്തി | മുൻതായ് പീഠഭൂമി [മധ്യപ്രദേശിലെ ബൈത്തുൽ ജില്ല] | 724 കി.മീ. | ആനർ,ഗിർന | മധ്യപ്രദേശ്, മഹാരാഷ്ട്ര | അറബിക്കടൽ |



25.ഹിമാലയൻ നദികളും ഉപദ്വീപീയൻ നദികളും തമ്മിലുള്ള വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക:

| ഹിമാലയൻനദികൾ | ഉപദ്വീപീയൻനദികൾ |
|---|---|
| ഹിമാലയപർവതനിരകളിൽനിന്ന് ഉത്ഭവിക്കുന്നു | ഉപദ്വീപീയപീഠഭൂമിയിലെ മലനിരകളിൽനിന്ന് ഉത്ഭവിക്കുന്നു |
| അതിവിസ്തൃതമായ വൃഷ്ടിപ്രദേശം | താരതമ്യേന വിസ്തൃതികുറഞ്ഞ വൃഷ്ടിപ്രദേശം |
| അപരദനതീവ്രത കൂടുതൽ | അപരദനതീവ്രത താരതമ്യേന കുറവ് |
| പർവതമേഖലകളിൽ ഗിരികന്ദരങ്ങൾ സൃഷ്ടിക്കുകയും സമതലങ്ങളിൽ വളഞ്ഞ്പുളഞ്ഞ് ഒഴുകുകയും ചെയ്യുന്നു | കാഠിന്യമേറിയ ശിലകളിലൂടെ ഒഴുകുന്നതിനാൽ അഗാധതാഴ്വരകൾ സൃഷ്ടിക്കപ്പെടുന്നില്ല |
| ഉയർന്ന ജലസേചനശേഷി | കുറഞ്ഞ ജലസേചനശേഷി |

| | |
|---|---|
| സമതലപ്രദേശങ്ങളിൽ ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത | ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത താരതമ്യേന കുറവ് |

26.തീരസമതലങ്ങളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക

| പടിഞ്ഞാറൻതീരസമതലം | കിഴക്കൻതീരസമതലം |
|---|---|
| അറബിക്കടലിനും പശ്ചിമഘട്ടത്തിനും ഇടയിൽ | ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തിനുമിടയിൽ |
| റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരിവരെ | സുന്ദരവനപ്രദേശം മുതൽ കന്യാകുമാരിവരെ |
| താരതമ്യേന വീതികുറവ് | വീതി താരതമ്യേന അധ്യായം : 8 ഇന്ത്യ – സാമ്പത്തിക ഭൂമിശാസ്ത്രംകൂടുതൽ |
| ഗുജറാത്ത് തീരസമതലം, കൊങ്കൺതീര<br><br>സമതലം, മലബാർതീരസമതലം എന്നിങ്ങ നെ തിരിക്കാം. | കോറമണ്ഡൽതീരസമതലം,വടക്കൻ<br><br>സിർകാർസ് തീരസമതലം എന്നിങ്ങനെ തിരിക്കാം |
| കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു | ഡെൽറ്റ രൂപീകരണം നടക്കുന്നു |

27.തീരപ്രദേശങ്ങളിലെ ജനജീവിതം : കുറിപ്പെഴുതുക

- തീരപ്രദേശങ്ങളിലെ ജനങ്ങളുടെ പ്രധാന തൊഴിൽ മത്സ്യബന്ധനമാണ്.
- തീരസമതലങ്ങളിൽ വിനോദസഞ്ചാരത്തിനും ഏറെ സാധ്യതകളുണ്ട്. നെല്ല് , തെങ്ങ് എന്നിവ പടിഞ്ഞാറൻ തീരത്തെ പ്രധാന കാർഷികവിളകളാണ്.
- കിഴക്കൻ തീരസമതലത്തിലെ കാവേരി,കൃഷ്ണ,ഗോദാവരി,മഹാനദി എന്നീ നദീതടങ്ങളിൽ വ്യാപകമായി നെല്ല് കൃഷിചെയ്യുന്നു.

അധ്യായം : 8 ഇന്ത്യ – സാമ്പത്തിക ഭൂമിശാസ്ത്രം

1. ഇന്ത്യയിലെ കാർഷിക കാലങ്ങൾ ഏതെല്ലാം?

ഖാരിഫ്,റാബി,സൈദ്

2 ഇന്ത്യയിലെ കാർഷിക കാലങ്ങളെക്കുറിച്ച് വിവരിക്കുക?

ഖാരിഫ്-

a ജൂൺ(മൺസൂണിന്റെ ആരംഭം)വിളയിറക്കൽ കാലം

b നവംബർ ആദ്യവാരം(മൺസൂണിന്റെ അവസാനം)വിളവെട്ടുപ്പ് കാലം

c പ്രധാന വിളകൾ നെല്ല്,ചോളം,പരുത്തി,തിനവിളകൾ,ചണം,കരിമ്പ്, നിലക്കടല

റാബി-

a നവംബർ മധ്യം(ശൈത്യകാലാരംഭം) വിളയിറക്കൽ കാലം

b മാർച്ച് (വേനലിന്റെ ആരംഭം)വിളവെട്ടുപ്പ് കാലം

c പ്രധാന വിളകൾതമ്പ്,പുകയില,കടുക്,പയർവർഗ്ഗങ്ങൾ

സൈദ്-

a മാർച്ച് (വേനലിന്റെ ആരംഭം) വിളയിറക്കൽ കാലം

b ജൂൺ (മൺസൂണിന്റെ ആരംഭം)വിളവെടുപ്പ് കാലം

c പ്രധാന വിളകൾ പഴവർഗങ്ങൾ,പച്ചക്കറികൾ

3. ഇന്ത്യയിലെ കാർഷിക വിളകൾ

| വിള | മഴ | ഊഷ്മാവ് | മണ്ണ് | സംസ്ഥാനങ്ങൾ |
|---|---|---|---|---|
| നെല്ല് | 150 cm ൽ | 24 ഡിഗ്രി സെൽ ഷ്യസിന് മുകളിൽ | എക്കൽമണ്ണ് | പശ്ചിമബംഗാൾ,ഉ ത്തർപ്രദേശ്,ആന്ധ്ര ാപ്രദേശ് |
| ഗോതമ്പ് | 75 cm | 10 ഡിഗ്രി -26 ഡിഗ്രി | നീർവാർച്ചയുള്ള എക്കൽമണ്ണ് | ഉത്തർപ്രദേശ്,പഞ്ച ാബ്,ഹരിയാന |
| ചോളം | 75 cm | മിതമായ | നീർവാർച്ചയുള്ള ഫലഭൂയിഷ്ഠമായ മണ്ണ | മധ്യപ്രദേശ്,കർണ്ണാ ടക,രാജസ്ഥാൻ,ഉ ത്തർപ്രദേശ്, |

7. വ്യവസായങ്ങളുടെ സ്ഥാനനിർണ്ണയഘടകങ്ങൾ ഏതെല്ലാം?

അസംസ്കൃതവസ്തുക്കളുടെ സുഗമമായ ലഭ്യത, ജലലഭ്യത , ഗതാഗതസൗകര്യങ്ങൾ,

കയറ്റുമതി സൗകര്യങ്ങൾ, തൊഴിലാഴികളുടെ ലഭ്യത, ഊർജ്ജലഭ്യത

8. ഇന്ത്യയിലെ പ്രധാന ആണവോർജനിലയങ്ങൾ ഏതെല്ലാം?

a താരാപ്പൂർ -മഹാരാഷ്ട്ര

b റാവത്ഭട്ട – രാജസ്ഥാൻ

c കൈഗ – കർണ്ണാടകം

d കൽപ്പാക്കം ,കൂടംകുളം - തമിഴ്നാട്

e കാക്രാപാറ – ഗുജറാത്ത്

f നറോറ -ഉത്തർപ്രദേശ്

9. പാരമ്പര്യേതര ഊർജസ്രോതസ്സുകൾ ഏതെല്ലാം?

സൗരോർജം,കാറ്റിൽനിന്നുള്ള ഊർജം,തിരമാലയിൽനിന്നുള്ള ഊർജം,വേലിയോർജം,ജൈവവാതകം എന്നിവയാണ് ഇന്ത്യയിലെ പ്രധാന പാരമ്പര്യേതര ഊർജസ്രോതസ്സുകൾ. ഇവ പുനസ്ഥാപിക്കാനാവുന്നതും,ചെലവുകുറഞ്ഞതും,പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കാത്തതുമാണ്.

10. പാരമ്പര്യ ഊർജസ്രോതസ്സുകൾ ഏതെല്ലാം?

കൽക്കരി,പെട്രോളിയം തുടങ്ങിയ ധാതുവിഭവങ്ങളാണ് പാരമ്പര്യ ഊർജസ്രോതസ്സുകൾ. ഇവ പുനസ്ഥാപിക്കപ്പെടാത്തവയാണ്.അതിനാൽ  ഇവയുടെ അളവ് കുറഞ്ഞുവരുന്നു.ഇവ കത്തിക്കുന്നത് വൻ പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്നു

4. രാജ്യത്ത് ഗതാഗതവ്യവസ്ഥയുടെ ആവശ്യകതയെന്ത് ?

ഉൽപ്പാദനമേഖലകളിൽ ആവശ്യമായ അടിസ്ഥാന ഘടകങ്ങൾ ഉറപ്പാക്കുന്നതിനും ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിലേക്ക് ആവശ്യാനുസരണം എത്തിക്കുന്നതിനും കാര്യക്ഷമമായ ഗതാഗതവ്യവസ്ഥ അനിവാര്യമാണ്.

5. ഇന്ത്യയിലെ ഗതാഗതമാർഗ്ഗങ്ങൾ ഏതെല്ലാം?

a. റോഡ് ഗതാഗതം

b. റെയിൽ ഗതാഗതം

c. ജല ഗതാഗതം

d. വ്യോമ ഗതാഗതം

6. ജലഗതാഗതം മേന്മകൾ എന്തെല്ലാം?

a. ഏറ്റവും ചെലവുകുറഞ്ഞ ഗതാഗതമാർഗം

b. വൻതോതിലുള്ള ചരക്കുഗതാഗതത്തിന് ഉചിതം

c. പരിസ്ഥിതി മലിനീകരണം ഉണ്ടാകുന്നില്ല

d. അന്താരാഷ്ട്രവ്യാപാരത്തിന് ഏറ്റവും യോജിച്ചത്.

7. ജലഗതാഗതാഗതത്തെക്കുറിച്ച് വിവരിക്കുക?

ജലഗതാഗതാഗതം രണ്ട് തരം 1 ഉൾനാടൻ ജലഗതാഗതം 2. സമുദ്രജലഗതാഗതം

1 ഉൾനാടൻ ജലഗതാഗതം :

a നദികൾ,കായലുകൾ,കനാലുകൾ തുടങ്ങിയവയിലൂടെയുള്ള ഗതാഗതം.

b സഞ്ചാരത്തിനും,ചരക്കുഗതാഗതത്തിനും,ഉൾനാടൻ മത്സ്യബന്ധനത്തിനും വിനോ

ദസഞ്ചാരത്തിനും പ്രയോജനപ്പെടുത്തുന്നു.

2 സമുദ്രജലഗതാഗതം :

a അറബിക്കടൽ,ബംഗാൾ ഉൾക്കടൽ,ഇന്ത്യൻ മഹാസമുദ്രം വഴിയുള്ളത്

11. ഇന്ത്യയിലെ ദേശീയ ജലപാതകൾ :

ദേശീയ ജലപാത 1- (NW 1) ഗംഗാനദിയിൽ അലഹാബാദ് മുതൽ ഹാൽഡിയ

വരെ(1620 കി.മീ.)

ദേശീയ ജലപാത 2- (NW 2) ബ്രഹ്മപുത്രനദിയിൽ സദിയ മുതൽ ധൂബ്രിവരെ (891 കി.മീ.)

ദേശീയ ജലപാത 3- (NW 3) കേരളത്തിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള പശ്ചിമതീര കനാൽ(205 കി.മീ.)

ദേശീയ ജലപാത 4- (NW 4) ഗോദാവരി-കൃഷ്ണ നദികളുമായി ചേർന്ന് കാക്കിനാട മുതൽ പുതുച്ചേരി വരെയുള്ള കനാൽ (1095 കി.മീ.)

ദേശീയ ജലപാത 5- (NW 5) പൂർവതീര കനാലുമായി ബന്ധിപ്പിച്ചുള്ള ബ്രാഹ്മണി-മഹാനദി ഡൽറ്റാ നദീവ്യവസ്ഥ (623 കി.മീ.)

.

12. റോഡ് ഗതാഗതം കുറിപ്പ് തയാറാക്കുക

നിർമ്മാണം,നിർവഹണ സംവിധാനത്തെ അടിസ്ഥാനമാക്കി റോഡുകളെ നാലായി വർഗ്ഗീകരിക്കാം ദേശീയ പാതകൾ, സംസ്ഥാന പാതകൾ ,ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ

1 ദേശീയ പാതകൾ

a രാജ്യത്തെ ഏറ്റവും പ്രധാന റോഡുകൾ.

b വിവിധ തലസ്ഥാനങ്ങൾ,നഗരങ്ങൾ,തുറമുഖങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളെ

ബന്ധിപ്പിക്കുന്നു.

c നിർമ്മാണ -നിർവഹണ ചുമതല കേന്ദ്രസർക്കാരിനാണ്.

2 സംസ്ഥാന പാതകൾ

a സംസ്ഥാന തലസ്ഥാനങ്ങളെ ജില്ലാ ആസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുന്ന

പ്രധാന റോഡുകൾ.

b നിർമ്മാണ-നിർവഹണ ചുമതല സംസ്ഥാന സർക്കാരുകൾക്കാണ്.

3 ജില്ലാ റോഡുകൾ

a ജില്ലാ ആസ്ഥാനങ്ങളെ ജില്ലയിലെ പ്രധാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന

റോഡുകൾ.

b ചുമതല ജില്ലാപഞ്ചായത്തിനാണ്.

4 ഗ്രാമീണറോഡുകൾ.

a ഗ്രാമങ്ങളിലെ ആഭ്യന്തര സഞ്ചാരത്തിനുപയോഗിക്കുന്ന റോഡുകൾ.

b.ചുമതല തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കാണ്.

14. റെയിൽ ഗതാഗതം : ഇന്ത്യൻ റെയിൽവേ -ഏഷ്യയിലെ ഏറ്റവും വലിയ റെയിൽ വേ ശൃംഖല.ഏറ്റവും വലിയ പൊതുമേഖല സംരംഭം.

സഞ്ചാരത്തിനും ചരക്കുഗതാഗതത്തിനും ഉപയോഗിക്കുന്നു. ഇന്ത്യയുടെ വ്യാവസായിക വളർച്ചയിൽ നിർണ്ണായക സ്ഥാനമുണ്ട്. 1853 ൽ ആരംഭിച്ചു.

മഹാരാഷ്ട്രയിലെ മുംബൈ മുതൽ താനെ വരെ 34 km ആണ് ആദ്യ റെയിൽ പാത.ഭരണനിർവഹണത്തിനായി ഇന്ത്യൻ റെയിൽവേയെ 16 മേഖല കളായി തിരിച്ചിരിക്കുന്നു.കേരളത്തിലെ റെയിൽ ശൃംഖല സതേൺ റെയിൽവേ മേഖലയുടെ ഭാഗമാണ്.ചെന്നൈ ആണ് ഇതിന്റെ ആസ്ഥാനം.

16. വ്യോമഗതാഗതം :

a. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലാണ് ഇന്ത്യയുടെ വ്യോമഗതാഗതം

b. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ 11

അന്താരാഷ്ട്രവിമാനത്താവളങ്ങളടക്കം 126 വിമാനത്താവളങ്ങളുണ്ട്.

c. എയർ ഇന്ത്യ,ഇന്ത്യൻ എയർലൈൻസ് എന്നിവ യഥാക്രമം അന്താരാഷ്ട്ര,ആഭ്യന്തര

വിമാനസർവീസുകൾ കൈകാര്യം ചെയ്യുന്നു.

d. നിരവധി സ്വകാര്യകമ്പനികളും ഇന്ത്യയിൽ വിമാനസർവീസുകൾ നടത്തുന്നുണ്ട്

## അധ്യായം : 9 ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും

1 ഇന്ത്യയിൽ നോട്ട് അച്ചടിച്ചിറക്കാൻ അധികാരമുള്ള സ്ഥാപനം

ഭാരതീയ റിസർവ് ബാങ്ക്

2 ഭാരതീയ റിസർവ് ബാങ്കിന്റെ ആസ്ഥാനം

മുംബൈ

3 ഭാരതീയ റിസർവ് ബാങ്ക് സ്ഥാപിതമായതെന്ന്?

1935

4. ഇന്ത്യയിൽ ഒരു രൂപാനോട്ടും അനുബന്ധനാണയങ്ങളും അടിച്ചിറക്കുന്നത്

കേന്ദ്രധനകാര്യവകുപ്പാണ്.

5 വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലുള്ള തുകയേക്കാൾ കൂടുതൽ പണം പിൻ

വലിക്കാനുള്ള അവസരമാണ്_____________

ഓവർഡ്രാഫ്റ്റ്

6. ഭാരതീയ റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ എന്തെല്ലാം?

a. നോട്ട് അച്ചടിച്ചിറക്കൽ

b. വായ്പ നിയന്ത്രിക്കൽ

c. സർക്കാരിന്റെ ബാങ്ക്

d. ബാങ്കുകളുടെ ബാങ്ക്

7. വാണിജ്യബാങ്കുകളുടെ ധർമ്മങ്ങൾ

a. നിക്ഷേപങ്ങൾ സ്വീകരിക്കുക

b വായ്പകൾ നൽകുക

8. വായ്പകൾക്ക് ഈടായി ബാങ്കുകൾ സ്വീകരിക്കുന്ന വസ്തുക്കൾ :

a. ഭൗതിക ആസ്തികൾ - സ്വർണ്ണം,വസ്തു ആധാരം ...

b. സ്ഥിര നിക്ഷേപപത്രങ്ങൾ

c. ശമ്പളപത്രം

9. ബാങ്കുകൾ ഏതൊക്കെ ആവശ്യങ്ങൾക്കാണ് ജനങ്ങൾക്ക് പണവായ്പ നൽകുന്നത് ?

a. കൃഷി ആവശ്യങ്ങൾക്ക്

b. വ്യവസായ ആവശ്യങ്ങൾക്ക്

c. വീടുനിർമ്മിക്കാൻ

d. വാഹനം വാങ്ങാൻ

10. ഓവർഡ്രാഫ്റ്റ് - വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലുള്ള തുകയേക്കാൾ കൂടുതൽ പണം പിൻവലിക്കാനുള്ള അവസരമാണിത്.വാണിജ്യ ബാങ്കുകൾ സ്ഥിര ഇടപാടുകാരായ വ്യക്തികൾക്കു നൽകുന്ന ഒരുതരം വായ്പയാണിത്. പ്രചലിതനിക്ഷേപമുള്ളവർക്കാണ് സാധാരണ ഈ അവസരം ലഭിക്കുക.

11. ഇലക്ട്രോണിക് ബാങ്കിങ് എന്നാലെന്ത്?

നെറ്റ് ബാങ്കിങ്ങിലൂടെയും ടെലി ബാങ്കിങ്ങിലൂടെയും എല്ലാവിധ ഇടപാടുകളും നടത്താൻ കഴിയുന്ന രീതിയാണ് ഇലക്ട്രോണിക് ബാങ്കിങ്.എല്ലാ സമയത്തും ബാങ്കിങ്,എല്ലായിടത്തും ബാങ്കിങ് ,നെറ്റ് ബാങ്കിങ്,മൊബൈൽഫോൺ വഴിയുള്ള ബാങ്കിങ് എന്നിവ ഇതിന്റെ ഭാഗമാണ്.

12. കോർ ബാങ്കിങ് എന്നാലെന്ത്?

എല്ലാ ബാങ്കുകളുടെയും ശാഖകൾ ഒരു സെൻട്രൽ സെർവറിന്റെ കീഴിൽ കൊണ്ടുവന്ന് ബാങ്കിങ് സേവനങ്ങൾ ഒരു ബാങ്കിൽനിന്ന് മറ്റൊരു ബാങ്കിലേക്ക് സാധ്യമാകുന്ന തരത്തിൽ ക്രമീകരിച്ചിട്ടുള്ള ഒരു സാകര്യമാണ് കോർ ബാങ്കിങ് . ഇതോടെ ബാങ്ക് ഇടപാടുകൾ ലളിതമായി.

13. ഇലക്ട്രോണിക് ബാങ്കിങ്ങിന്റെ പ്രയോജനങ്ങൾ (ഇ-ബാങ്കിങ്) :

a. വീട്ടിൽനിന്നുതന്നെ ലോകത്തെവിടെയും പണം അയയ്ക്കാനും, ബില്ലുകൾ അടയ്ക്കാനും കഴിയും.

b. കുറഞ്ഞ സമയം മതിയാകും.

c. സർവീസ് ചാർജ് കുറവാണ്

14. സഹകരണ ബാങ്കുകളുടെ പ്രധാന ഉദ്ദേശ്യങ്ങൾ എന്തെല്ലാം?

. ജനങ്ങൾക്ക് വായ്പ നൽകുക

. സ്വകാര്യ പണമിടപാട് നടത്തുന്ന വ്യക്തികളിൽനിന്ന് ഗ്രാമീണരെ രക്ഷിക്കുക

. കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുക

. ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുക.

15. സഹകരണ ബാങ്കുകളുടെ വിവിധ തലങ്ങൾ ഏതെല്ലാം?

സംസ്ഥാന സഹകരണ ബാങ്ക് സംസ്ഥാനത്തെ സഹകരണരംഗത്തെ ഉയർന്ന ഘടകം

.ജില്ലാ-പ്രാഥമിക സഹകരണ ബാങ്കുകൾക്ക് സാമ്പത്തിക സഹായം നൽകുന്നു

ജില്ലാ സഹകരണ ബാങ്കുകൾ ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു.

പ്രാഥമിക സഹകരണ ബാങ്കുകൾക്ക് സഹായവും ഉപദേശവും നൽകുന്നു

പ്രാഥമിക സഹകരണ ബാങ്കുകൾ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നു.

പ്രവർത്തന പ്രദേശത്തിന്റെ പരിധി കുറവ്.

ഗ്രാമീണർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുകയും സമ്പാദ്യശീലം വളർ

ത്തുകയും ചെയ്യുന്നു

16. ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ - ധനകാര്യരംഗത്ത് പ്രവർത്തിക്കുകയും ബാങ്ക് നൽകുന്ന എല്ലാ ധർമ്മങ്ങളും നിർവഹിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളാണിവ. നിക്ഷേപം സ്വീകരിക്കുക,വായ്പ നൽകുക എന്നീ അടിസ്ഥാന ധർമ്മങ്ങൾ ഇവ ചെയ്യുന്നു.എന്നാൽ ചെക്ക് ഉപയോഗിച്ച് പണം പിൻവലിക്കൽ മെയിൽ ട്രാൻസ്ഫർ,ലോക്കർ എന്നീ സേവനങ്ങൾ ഇവിടെനിന്ന് ലഭിക്കില്ല.ഇവ മൂന്ന് തരമുണ്ട്.

ബാങ്കിതര ധനകാര്യ കമ്പനികൾ : RBI യുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു. 1936 ലെ കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഇവ ബാങ്കുകളുടെ അടിസ്ഥാന ധർമ്മങ്ങൾ നിർവഹിക്കുന്നു.ഉദാ.KSFE

ഇൻഷ്വറൻസ് കമ്പനികൾ :വ്യക്തികളുടെ ജീവനും സ്വത്തിനും സാമ്പത്തികസംരക്ഷണം നൽകുന്ന സ്ഥാപനങ്ങളാണ് ഇവ.സാമൂഹിക സുരക്ഷിതത്വവും വ്യക്തിഗത ക്ഷേമവും ഇവ ഉറപ്പുവരുത്തുന്നു.പൊതു -സ്വകാര്യമേഖലകളിൽ ഇൻഷ്വറൻസ് കമ്പനികൾ ഇന്ന് പ്രവർത്തിക്കുന്നു.ഉദാ.LIC ഓഫ് ഇന്ത്യ .

17. മൈക്രോഫിനാൻസ് : സാധാരണക്കാർക്ക് ലഘുവായ്പയുൾപ്പെടെ വിവിധ

തരത്തിലുള്ള സാമ്പത്തികസേവനങ്ങൾ നൽകുകയാണ് ഇതിന്റെ ലക്ഷ്യം.

സാധാരണക്കാരിൽ സമ്പാദ്യശീലം വളർത്താനും സ്വയംതൊഴിൽ കണ്ടെത്താനും ഇത്

സഹായിക്കുന്നു.ഉദാ. കുടുംബശ്രീ,പുരുഷസ്വയംസഹായസംഘങ്ങൾ.

## അധ്യായം : 10 ഉപഭോക്താവ് സംതൃപ്തിയും സംരക്ഷണവും

1. 1986 ലെ ഉപഭോക്തൃസംരക്ഷണനിയമം അനുശാസിക്കുന്ന ഉപഭോക്താക്കളുടെ അവകാശങ്ങൾ ഏതെല്ലാം?

a. ജീവനും സ്വത്തിനും ഹാനികരമാകുന്ന സാധനങ്ങൾ വിപണനം ചെയ്യുന്നതിൽ നിന്നും സംരക്ഷണം ലഭിക്കാനുള്ള അവകാശം

b. ന്യായവിലയ്ക്ക് സാധനവും സേവനവും ലഭിക്കാനുള്ള അവകാശം c. ഉപഭോക്തൃവിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം

d. അധികാരികളുടെ മുമ്പിൽ തർക്കങ്ങൾക്കു പരിഹാരം തേടാനുള്ള അവകാശം

e. സാധന-സേവനങ്ങളുടെ ഗുണമേന്മ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം

2. ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുന്ന വിവിധ

വകുപ്പുകളും സ്ഥാപനങ്ങളും ഏതെല്ലാം?

ലീഗൽ മെട്രോളജി വകുപ്പ് അളവ് -തൂക്ക നിലവാരം ഉറപ്പുവരുത്തുന്നു

ഭക്ഷ്യ സുരക്ഷാവകുപ്പ്- ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നു

കേന്ദ്ര ഔഷധവിലനിയന്ത്രണ കമ്മിറ്റി -മരുന്നുകളുടെ വില നിയന്ത്രിക്കുന്നു

ഡ്രഗ്സ് കൺട്രോൾ വകുപ്പ് -മരുന്നുകളുടെ ഗുണമേന്മ, സുരക്ഷിതത്വം എന്നിവ

ഉറപ്പുവരുത്തുന്നു

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യ- ഉൽപ്പാദനം,വിതരണം,

സംഭരണം,വിൽപ്പന,ഇറക്കുമതി തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ

ഗുണനിലവാരം ഉറപ്പാക്കുന്നു

6. ഉപഭോക്തൃകോടതികളുടെ ആവശ്യകത എന്ത്? ഉപഭോക്താവിന് ഉൽപ്പാദകരിൽ

നിന്നോ വിതരണക്കാരിൽ നിന്നോ തൃപ്തികരമല്ലാത്ത അനുഭവങ്ങൾ ഉണ്ടാകുമ്പോൾ

ഉപഭോക്താവിനെ നിയമപരമായി സഹായിക്കാൻ ചുമതലപ്പെട്ട സംവിധാനമാണിത് .

8. ഉപഭോക്തൃകോടതികളുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം?

a. നടപടിക്രമങ്ങൾ ലളിതമാണ്

b. അതിവേഗം നീതി ഉറപ്പുവരുത്തുന്നു

c. വ്യവഹാരച്ചെലവ് വളരെ കുറവാണ്

9. ഉപഭോക്താവിന് പരാതി നൽകാവുന്നത് ഏതെല്ലാം  സന്ദർഭങ്ങളിലാണ്?

a. വിലയ്ക്കുവാങ്ങിയ സാധനത്തിന് കേടുപാടുകൾ / പോരായ്മകൾ സംഭവിക്കുക

b. മായം ചേർക്കൽ നിരോധന നിയമം ലംഘിക്കുക

c. നിയമാനുസൃതമുള്ള വിലയേക്കാൾ കൂടുതൽ തുക ഈടാക്കുക

d.വിൽപ്പനകൂട്ടാൻ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുക

10. ഉപഭോക്തൃ തർക്കങ്ങളിൽ ഉപഭോക്തൃ കോടതികൾ വഴി ലഭിക്കുന്ന പരിഹാരങ്ങൾ

എന്തെല്ലാം?

a. പകരം സാധനം നൽകൽ

b. അധികമായി ഈടാക്കിയ പണം തിരിച്ചു നൽകൽ

c. പരാതി ചെലവ് ലഭ്യമാക്കൽ

d. നഷ്ടം നികത്തുന്നതിനുള്ള തുക ലഭ്യമാക്കൽ e. ഹാനികരമായ ഭക്ഷ്യവസ്തുക്കളുടെ

വിൽപ്പന നിരോധിക്കൽ

11. ഉപഭോക്തൃ സംരക്ഷണത്തിനുള്ള ത്രിതല ഉപദേശക സമിതികൾ ഏതെല്ലാം?

a. ജില്ലാ ഉപഭോക്തൃസംരക്ഷണ കൗൺസിൽ

b.സംസ്ഥാന ഉപഭോക്തൃസംരക്ഷണ കൗൺസിൽ

c.ദേശീയ ഉപഭോക്തൃസംരക്ഷണ കൗൺസിൽ.

അതതു സർക്കാരുകൾക്ക് ഉപഭോക്താവിന്റെ അവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉപദേശംനൽകുക എന്നതാണ് ഈ സമിതികളുടെ ധർമ്മം.

16. ഉപഭോക്തൃവിദ്യാഭ്യാസം ഉപഭോക്താവിനെ ശാക്തീകരിക്കുന്നത് ഏതെല്ലാം വിധത്തിൽ ?

a. ആവശ്യങ്ങൾ കൃത്യമായി നിജപ്പെടുത്തി ഉപഭോഗം നടത്താൻ തയ്യാറാവുന്നു

b. ശരിയായ തിരഞ്ഞെടുക്കലിന് പ്രാപ്തി നേടുന്നു

c. അവകാശബോധമുള്ള ഉപഭോക്താവായി മാറുന്നു

d. ഉപഭോക്തൃപ്രശ്നങ്ങളിൽ ഇടപെടാൻ ശേഷി നേടുന്നു

e. ഉൽപ്പന്നങ്ങളെയും സേവനങ്ങളെയും സംബന്ധിച്ച് അറിവ് നേടാൻ സന്നദ്ധരാവുന്നു